വില ₹ 30/-

# ജീവനും വെളിച്ചവും

ഒക്ടോബർ 2023




2023 ഒക്ടോബർ 08 ഞായർ
അഭിവന്ദ്യപിതാവിന്റെ
ഇടവക സന്ദർശനവും
പ്രഥമദിവ്യകാരുണ്യ
സ്വീകരണവും
2023 ഒക്ടോബർ 15, ഞായർ
ആഘോഷമായ
തിരുനാൾ
ദിവ്യബലി
മുടവൻമുകൾ മേരിറാണി ദൈവാലയത്തിൽ
പരിശുദ്ധ മേരി റാണിയുടെ
തിരുനാൾ
2023 ഒക്ടോബർ 06 മുതൽ 15 വരെ

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2023 ഒക്ടോബർ
പുസ്തകം - 47 ലക്കം - 10
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# ‘കൂടുതൽ ഷോ കാണിക്കുന്നതാരാണ്?’

മറക്കാനാകാത്ത മുറിവ് സമ്മാനിച്ച ‘നികൃഷ്ടജീവി’ പ്രയോഗത്തിന്റെ പിന്നാലെ ഒരു പുതിയ പ്രയോഗം ഞങ്ങൾക്ക് സമ്മാനിച്ച മന്ത്രിമാരുടെ ഇനിയെത്ര ‘ഷോ’ കാണേണ്ടി വരുമെന്ന് ആർക്കറിയാം?

2019 ൽ പൂർത്തിയാക്കേണ്ട പദ്ധതിയുടെ പൂർത്തീകരിക്കാത്ത ഒന്നാംഘട്ടം ക്രെയിനുമായി വരുന്ന കപ്പൽ ഉപയോഗിച്ചു ഉദ്ഘാടനം നടത്തുന്നു. 5246 കോടി സർക്കാരും മറ്റൊരു 1635 കോടി വയബിലിട്ടി ഗ്യാപ്പ് ഫണ്ടായും അദാനിയെന്ന കുത്തകഭീമന് നൽകുന്നു. അതും പോരാതെ പോർട്ടും പോർട്ടിന് ചുറ്റുമുള്ള കോടികൾ വിലമതിക്കുന്ന റിയൽ എസ്റ്റേറ്റ് ഭൂമിയും വർഷങ്ങൾ തീറെഴുതിയും ഈടായി നൽകാൻ അനുവാദം നൽകിയും കൊടുക്കുന്നു. അതിനുശേഷം വിഴിഞ്ഞം പദ്ധതി സർക്കാരിന്റെ വലിയ വികസന നേട്ടമായി ഫോട്ടോഷൂട്ടും, കവറേജും, കൊട്ടും കുരവയുമായി ഉദ്ഘാടനം നടത്തി പ്രതിച്ഛായ ‘റീ ബ്രാൻഡ്’ ചെയ്യാൻ ശ്രമിക്കുന്നത് ഷോ അല്ല.

ജൂലൈ 31ന് അദാനി കമ്പനിയുടെ സഹായത്തോടെ മുതലപ്പൊഴിയിൽ യുദ്ധകാല അടിസ്ഥാനത്തിൽ മണ്ണും പൊളിഞ്ഞുവീണ പുലിമുട്ടിന്റെ അവശിഷ്ടങ്ങളും നീക്കും എന്നും സാൻഡ് ബൈപ്പാസിംഗ് നടത്തുമെന്നും തുക വകയിരുത്തി എന്നും ഒക്കെ പ്രഖ്യാപിച്ചതിനു ശേഷം, ക്രെയിൻ കൊണ്ടുവന്നപ്പോൾ വടം പൊട്ടിയതോടെ, കാര്യങ്ങളൊന്നും നടക്കാതെ പോകമ്പോഴും നിങ്ങൾ നടത്തുന്നത് ഷോ അല്ല.

മുമ്പ് വിഴിഞ്ഞത്തെ സ്വാഭാവിക പ്രതിഷേധത്തെയും സമരത്തെയും അടിച്ചമർത്താൻ അന്താരാഷ്ട്ര ഗൂഢാലോചനയും വിദേശ ഫണ്ടിങ്ങും ഇടപെടലും ഭീകരവാദവും ഒരു ഉളുപ്പുമില്ലാതെ ആരോപിച്ചതും ബിജെപിയോട് തോളുരുമ്മി എതിർ സമരത്തിന് ആളുകളെ കൂട്ടിയതും ഒരിക്കലും ഷോ അല്ല.

തലമുറകളായി തീരത്തോട് ചേർന്ന് ജീവിക്കുന്ന ജനങ്ങൾക്ക് ഭൂമിക്ക് മേൽ അവകാശം നൽകുന്ന പട്ടയം നൽകുമെന്ന് പറഞ്ഞ് പറ്റിച്ച്കൊണ്ടിരിക്കുന്നതും ബഡ്ജറ്റിലും തെരഞ്ഞെടുപ്പ് പ്രകടനപത്രികകളിലും ആയിരക്കണക്കിന് കോടി രൂപ വകയിരുത്തി കടലാസിൽ ഉറങ്ങുന്ന പദ്ധതികൾ പ്രഖ്യാപിക്കുന്നതും ഷോ അല്ല.

തീരദേശവാസികളെ പറ്റിച്ച് മുന്നോട്ട് പോകുന്ന ഈ മന്ത്രിമാരോട് ചോദ്യം ചോദിക്കുമ്പോൾ നിങ്ങൾ ആരെന്നും സമുദായ സംഘടനയേതെന്നും സഭാ നേതാക്കളെ നിലയ്ക്കു നിർത്തണമെന്നും ഒക്കെ പുലഭ്യം പറയുന്ന ഒരു മന്ത്രി നടത്തുന്നതും ഷോ അല്ല.

ഇതൊക്കെ കണ്ണുതുറന്ന് കണ്ട് മനസ്സിലാക്കിയത് കൊണ്ടാണ് ഈ ഭരണാധികാരികളെ ഇനിയും വിശ്വസിക്കാൻ മടിക്കുന്നത്. ശംഖുമുഖത്തെ തീരം പോലെ തകർന്നു കിടക്കുകയാണ്, തൊഴിലാളികളോട് പ്രത്യയശാസ്ത്ര അടുപ്പം കാത്തുസൂക്ഷിക്കേണ്ട ഇടതുപക്ഷ മുഖ്യമന്ത്രിയിലും മന്ത്രിമാരിലുമുള്ള വിശ്വാസം.

കേരളത്തിന്റെ തീരപ്രദേശത്ത് 623 കിലോമീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും ദേശീയ ഹൈവേയ്ക്ക് സമാന്തരമായി മറ്റൊരു തീരദേശ ഹൈവേ കൂടെ നിർമ്മിക്കപ്പെടുന്നുവെന്ന് കേൾക്കുമ്പോൾ പട്ടയമില്ലാതെ പുറമ്പോക്കിൽ വീണ്ടും എടുത്തെറിയപ്പെടുമെന്ന് മത്സ്യത്തൊഴിലാളി ചിന്തിക്കുന്നത് ഈ പഴയ പല ‘ഷോ’കളും ഓർമ്മയുള്ളതുകൊണ്ടുകൂടിയാണ്.

**- പത്രാധിപർ**

# പ്രതികരണങ്ങൾ




## സുവിശേഷം പ്രഘോഷിച്ച് കടന്നുപോകുന്ന സ്റ്റെലീനച്ചൻ

ഫാ. ജോസ് തന്റെ ആത്മസുഹൃത്തായ സ്റ്റെലീനച്ചനെക്കുറിച്ച് താൻ കണ്ടറിഞ്ഞതും അനുഭവിച്ചറിഞ്ഞതുമായ ജീവിതം കൃത്യതയോടെ ഏവരുടെയും മനസ്സിനെ സ്പർശിക്കുന്ന വിധത്തിൽ അനുസ്മരിച്ചിരിക്കുന്നു. "ദൈവത്താൽ വിളിക്കപ്പെട്ട നാം ഇതുപോലെ എന്നെങ്കിലും ദിവ്യകാരുണ്യനാഥനെ സ്നേഹിച്ചിട്ടുണ്ടോ? എന്ന ചോദ്യം അച്ചൻ തന്റെ അനുസ്മരണത്തിലൂടെ നമുക്ക് നൽകുന്നുണ്ട്. തന്റെ ആത്മസുഹൃത്തിനെപ്പറ്റി വർഷങ്ങൾക്കുമുൻപ് നടന്ന കാര്യങ്ങൾപോലും ഓർത്തിരുന്നു എന്നുള്ളതിൽ അതിയായ സന്തോഷമുണ്ട്. കൂടുതൽ ആർക്കും അറിയാത്ത സ്റ്റെലീനച്ചന്റെ ജീവിതം ഒന്ന് കോറിയിടാൻ അച്ചൻ കാണിച്ച മനസ്സിന് അഭിനന്ദനങ്ങൾ.

**– ബ്രദർ സ്റ്റെജിൻ മരിയ**

## മുതലപ്പൊഴിയും വിഴിഞ്ഞവും

വിഴിഞ്ഞത്തിനൊപ്പം മുതലപ്പൊഴിയും വീണ്ടും വാർത്തകളിൽ നിറയുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നം എന്ന നിലയ്ക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് ഇക്കാര്യങ്ങളിൽ ഇടപെടാതിരിക്കാൻ കഴിയുകയില്ല എന്ന യാഥാർത്ഥ്യം എല്ലാവർക്കും അറിയാം. രാഷ്ട്ര വികസനത്തിന് അനിവാര്യമായ ഘടകം എന്ന നിലയിൽ വിഴിഞ്ഞം തുറമുഖത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ട്. അതുപോലെ തുറമുഖ നിർമാണഘട്ടത്തിലും പൂർത്തീകരിച്ച ശേഷവും തീരദേശ മത്സ്യത്തൊഴിലാളികളും തീരവും നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരവും പുനരധിവാസവും അനിവാര്യമാണ്.

വിഴിഞ്ഞം സമരത്തിലെന്നപോലെ മുതലപ്പൊഴി സമരത്തിലും സർക്കാരും സഭയും തമ്മിൽ രമ്യതയിലല്ല കാര്യങ്ങളുടെ പോക്ക്. ഇരുഭാഗത്തും അനുരഞ്ജന നീക്കം അത്യാവശ്യമാണ്. പരസ്പരമുള്ള പോർവിളി ആശാസ്യമല്ല. സഭാ രാഷ്ട്രീയക്കാരുടെ പിറകേ പോകേണ്ട കാര്യമില്ല. രാഷ്ട്രീയക്കാർ എന്തും പറയുന്നതുപോലെ സഭ പ്രതികരിക്കാൻ പാടില്ല. ഗാന്ധിജിക്ക് അഹിംസാ സിദ്ധാന്തത്തിനും സമാധാന സമരത്തിനും പ്രേരണയേകിയത് ക്രിസ്തുവും വിശുദ്ധ ബൈബിളുമാണ്. ആത്മാക്കളെ നേടാനുള്ള അതിശ്രേഷ്ഠമായ ദൗത്യമാണ് ക്രിസ്തുനാഥനും സഭാധികാരികളെ ഏൽപ്പിച്ചിരിക്കുന്നത്. വൈദികരുടെ/മെത്രാന്റെ പ്രഥമവും പ്രധാനവുമായ കടമയും കർത്തവ്യവും അത്മാക്കളെ നേടുക എന്നതുതന്നെയാണ്. ഒളിഞ്ഞും തെളിഞ്ഞുമുള്ള രാഷ്ട്രീയം സഭയുടെ ലക്ഷ്യമേയല്ല. പ്രശ്നങ്ങളും കാരണങ്ങളും എന്തുതന്നെയായാലും എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ വിഴിഞ്ഞം - മുതലപ്പൊഴി സംഭവങ്ങളിൽ ചില വൈദികരുടെ പ്രതികരണങ്ങൾ ക്രിസ്തീയമല്ല, വിശ്വാസികൾക്ക് ഉതപ്പുനൽകുന്നതാണ്.

**– ജെറാൾഡ് ബി. മിരാൻഡ**
തോന്നയ്ക്കൽ

## വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പുൽപ്പുറങ്ങളിൽ ഇതാ ഒരു യുവജനദിനം

ലോകത്ത് ഒരു മാറ്റമുണ്ടാക്കാനും അത് സൃഷ്ടിക്കാനും നമുക്ക് യുവജനങ്ങളെ ആവശ്യമാണ്. സെപ്തംബർ മാസത്തിലെ ജീവനും വെളിച്ചവും മാസികയിൽ 'ലോക യുവജനദിനത്തെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുന്നുണ്ട്. വി. ജോൺപോൾ രണ്ടാമൻ പാപ്പ യുവജനങ്ങൾക്ക് നൽകിയ സമ്മാനമാണ് ലോക യുവജനദിനം. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പുൽപ്പുറങ്ങളിൽ ഇതാ ഒരു യുവജനദിനം' എന്ന ലേഖനത്തിൽ ലേഖകൻ ലിസ്ബണിലെ അനുഭവവും, പരിശുദ്ധ പിതാവ് യുവജനങ്ങൾക്ക് ക്രിസ്തുവിനെ പകർന്നുനൽകുന്നതും പ്രതിപാദിക്കുന്നു. ഇന്ന് ആധുനികലോകം താൽക്കാലികമായ സന്തോഷം പ്രദർശിപ്പിച്ച് യുവജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്. ഇവിടെയാണ് നാം ക്രിസ്തുവിനെ അറിയേണ്ടത്. യേശു നമ്മെ വിശ്വസിക്കുന്നു. കാരണം ക്രിസ്തുവിന് നാം ഓരോരുത്തരും പ്രധാനമാണ്.

മറ്റുലേഖനങ്ങളിലും അവരെ ത്രില്ലടിപ്പിച്ച അനുഭവങ്ങളെ വ്യക്തമാക്കുന്നു. എന്റെ പ്രായത്തിലുള്ള സഹോദരങ്ങളുടെ പ്രധാനവെല്ലുവിളി ഏകാന്തതയാണ്. നമ്മൾ ക്രിസ്തുവിലേക്ക് തിരിയുമ്പോൾ നമുക്ക് ഒരുപാട് നല്ല ബന്ധങ്ങളും കൂട്ടുകാരും കിട്ടും എന്നതിന് ഒരുദാഹരണമാണ് ഈ WYD. ഒരു കത്തോലിക്ക യുവാവ് എന്ന നിലയിൽ ഞാൻ എങ്ങനെ വിശ്വാസത്തിൽ വളരണം എന്ന കാഴ്ചപ്പാട് നല്കാൻ സാധിക്കുന്നുണ്ട്. പരി. പിതാവ് പറയുന്നു, നമ്മൾ ഒറ്റയ്ക്കല്ല, നമ്മുടെ കൂടെ ക്രിസ്തു എപ്പോഴും നടക്കുന്നുണ്ട്.

**ബ്രദർ. അരുൺ റോയ് എം.**

# താളുകളിൽ


**കേരള തീരദേശ ഹൈവേ: അജ്ഞരായ ജനതയും, ചൂഷണം ചെയ്യുന്ന ഭരണകൂടവും** 6
ഐബിൻ നായകം

**അമ്മ മറിയം** 9
ഫാ. ഇമ്മാനുവേൽ

**ഒരു പേരിൽ ചിലതൊക്കെയുണ്ട്** 10
റെനി ഐലിൻ

**കാനോൻ ലോ** 13
ഫാ. ജോസ് ജി.

**മുതലപ്പൊഴി: ഇനിയൊരു മനുഷ്യ ജീവൻ കൂടി നഷ്ടപ്പെട്ടുകൂടാ** 14
നിക്സൺ ലോപ്പസ്

**വായന** 19
ഡോ. സീന ഫെലിക്സ്

*കവിത* 21
**രണ്ടുടലുകൾ**
ഒക്റ്റാവിയോ പാസ്

**അനുസ്മരണം: വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് സ്കലബ്രിനിയെ ഓർക്കുമ്പോൾ** 22


**വാർത്തകൾ** 24

**നീർച്ചാൽ** 32

**കുഞ്ഞാടുകൾ** 38

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.



ലേഖനം



# കേരള തീരദേശ ഹൈവേ; അജ്ഞരായ ജനതയും ചൂഷണം ചെയ്യുന്ന ഭരണകൂടവും



**ഐബിൻ നായകം**
(എം എ മാസ്സ്കമ്മ്യൂണിക്കേഷൻ,
Central University of Jammu)

**കേ**രളത്തിലെ മുഴുവൻ തീരദേശവും ഉപയോഗിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് കേരള സർക്കാരിന്റെ തീരദേശ ഹൈവേ. 590 കി.മീ വരുന്ന കേരള തീരത്ത് 623 കി.മീ നീളത്തിലും 14 മീറ്റർ വീതിയിലും വരുന്ന ഒരു റോഡ്. കൂടെ സൈക്കിൾ ട്രാക്കും ഉണ്ടാവും. 6500 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. മൊത്തം റോഡിന്റെ 468 കിലോമീറ്റർ ദൂരം കേരള റോഡ് ഫണ്ട് ബോർഡ് (KIFB) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ചുമതലയാണ്. ശേഷിക്കുന്ന 115 കി.മീ. NH 66 ഉം തീരത്തോട് ചേർന്ന് വരുന്ന മറ്റു റോഡുകളും ഒരുമിച്ചു ചേർത്തുകൊണ്ട് കേന്ദ്ര സർക്കാർ പദ്ധതിയായ ഭാരത് മാല പരിയോജന പദ്ധതിയുടെ കീഴിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിട്ടുണ്ട്.

വിശദ പഠനരേഖ (DPR Detailed Pro-ject Report ) പോലും ഇതുവരെ പുറത്തുവിട്ടിട്ടില്ലാത്ത ഈ പദ്ധതിയുടെ ഭാഗമായി കേരള തീരങ്ങളിൽ മുഴുവനായും ഒരു പിങ്ക് കല്ല് മാത്രം സർക്കാർ വളരെ തിടുക്കത്തിൽ കൊണ്ട് സ്ഥാപിച്ചിരിക്കുന്നു. എന്നാൽ, നമ്മുടെ കിടപ്പാടവും തീരവും തൊഴിലും വരെ അപകടത്തിലാക്കുന്ന ഈ പദ്ധതിയെ പറ്റി എന്തെങ്കിലും സംശയം ചോദിച്ചാലോ, എന്തെങ്കിലും മിണ്ടിയാൽ തന്നെ കേരള പൊതു സമൂഹം നെറ്റി ചുളിക്കുന്നു. കാരണം, നിലവിലെ പൊതുധാരണ മൽസ്യ തൊഴിലാളികളെല്ലാം എപ്പോഴും വികസനത്തിനെതിരെ നിൽക്കുന്നവരാണ്, വിഴിഞ്ഞം പദ്ധതിയിൽ അവർ എല്ലാം

കണ്ടതാണ് എന്നാണ് ഉത്തരം. പക്ഷെ, ഈ ഓണത്തിന് വിഴിഞ്ഞം അദാനി പോർട്ടിൽ അടുക്കുമെന്ന് സർക്കാർ വാഗ്ദാനം തന്നിരുന്ന കപ്പൽ എവിടെയെന്ന് അവരോടു ചോദിക്കൂ , എല്ലാവരും വാ പൊളിക്കും !

ഒരു നാട്ടിൽ 'വികസനം' എന്ന് കേൾക്കുമ്പോൾ, വിവരം ഉള്ള ഒരു ജനത, ആരുടെ വികസനം എന്ന് തിരിച്ചു ചോദിക്കും. കേരളത്തിലെ തീരദേശ പദ്ധതികളിൽ എന്നാൽ പൊതുവെ ഇത്തരം ചോദ്യങ്ങൾ ആരും ചോദിച്ചു കാണാറില്ല.

തീരദേശ ഹൈവേ മാത്രമല്ല, മത്സ്യത്തൊഴിലാളി സമൂഹത്തെ പോലെ ആദിവാസി സമൂഹത്തിന്റെ കാര്യമെടുത്താലും , അതാതു ഇടങ്ങളിലേക്ക് വരുന്ന പദ്ധതികളെല്ലാം ഈ രണ്ടിടങ്ങളിലേയും ജനതയുടെ ഭൂമിയാണ് ആദ്യമായി നോട്ടമിടുന്നത്. ആയതിനാൽ തന്നെ നമ്മൾ അർഹിക്കുന്ന നിയമപരമായുള്ള ഭൂമിയിൻ മേലുള്ള അധികാര സംരക്ഷണങ്ങളൊന്നും നമുക്ക് നൽകപ്പെട്ടിട്ടുണ്ടാവില്ല. അപ്പോഴേ കുത്തകകൾക്ക് ആവശ്യാനുസരണം ധാർഷ്ട്യത്തോടെ, അരികുവൽക്കരിക്കപ്പെട്ടിരിക്കുന്ന ജനങ്ങളുടെ വിഭവങ്ങളെല്ലാം എഴുതി നൽകാൻ സർക്കാരുകൾക്ക് എളുപ്പം കഴിയുകയുള്ളൂ. ഇന്ത്യയിൽ വലിയ പ്രതിഷേധങ്ങൾക്കൊടുവിൽ ആദിവാസി സമൂഹത്തിന് മാത്രമാണ് നമ്മുടെ രാജ്യത്ത് വനാവകാശ നിയമം (FRA Forest Right Act 2006) നേടിയെടുക്കാനായത്. ഒരു ജനതയ്ക്ക് അവരുടെ വിഭവങ്ങൾക്ക് മേലുള്ള നിയമപരമായുള്ള അധികാരം. ഈ നിയമം വഴി തലമുറകളായി വനങ്ങളിൽ താമസിക്കുന്ന ഗോത്രവിഭാഗങ്ങൾക്കും (Schedule Tribes) ഒ.ടി.എഫ്.ഡികൾക്കും (Other Traditional Forest Dweller) വനഭൂമിയിലുള്ള അവകാശം അംഗീകരിപ്പെടാനും നിക്ഷിപ്തമാക്കാനും വകുപ്പുണ്ട്. അംഗീകാരവും സ്ഥിരീകരണ നടപടികളും പൂർത്തിയാകുന്നത് വരെ, ഗോത്രവിഭാഗത്തിൽ ഉൾപ്പെട്ടതോ, മറ്റ് പരമ്പരാഗത വനാശ്രിത സമൂഹത്തിൽ ഉള്ളതോ ആയ ആളുകളെ അവരുടെ അധീനതയിലുള്ള, അധിനിവേശത്തിലുള്ള വനഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കാനോ നീക്കം ചെയ്യാനൊ ആർക്കും അധികാരമില്ല.

2007 സെപ്റ്റംബറിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിലും തദ്ദേശീയരുടെ ഭൂമിയുടെ മേലുള്ള അവകാശം, പരമ്പരാഗത അറിവുകൾ, വിഭവങ്ങൾ മുതലായവയെ സംരക്ഷിക്കാനുള്ള പ്രഖ്യാപനം രൂപീകരിച്ചിട്ടുണ്ട്. അതിലെ 26ആം വകുപ്പ് തദ്ദേശീയർക്ക് കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ മേലുള്ള അവരുടെ അവകാശത്തെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ, നമ്മുടെ രാജ്യത്തോ നമ്മുടെ സംസ്ഥാനത്തോ മത്സ്യത്തൊഴിലാളികളെ തദ്ദേശീയരായി മനസ്സിലാക്കി, ഭൂമിയുമായി ബന്ധപ്പെട്ട അവകാശം ലഭിത്തക്കവിധം ഒരു നിയമവും രൂപീകരിച്ചിട്ടില്ല. വിഭവസമൃദ്ധമായ ഈ കടൽത്തീരങ്ങളെ ആവശ്യം പോലെ കൊള്ളയടിക്കാം എന്ന സർക്കാരുകളുടെ നയമാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നതെന്നത് പ്രത്യക്ഷമാണ്.

ഇക്കണോമിക്കൽ സർവേ ഓഫ് ഇന്ത്യ 2020–21 കാലയളവിൽ നടത്തിയ പഠനപ്രകാരം 53,789 കോടി രൂപയാണ് ഇന്ത്യൻ ജി.ഡി.പി.യിൽ (Gross Domestic Product) മത്സ്യമേഖലയിൽ നിന്നും ലഭിച്ചിട്ടുള്ളത്. ജനസംഖ്യയിൽ വെറും 1.45 കോടി പേര് മാത്രമുള്ള ഒരു സമൂഹമെന്ന് ഓർക്കണം. കേരളത്തിലെ മത്സ്യമേഖല ജനസംഖ്യ ഏകദേശം പതിനൊന്നര ലക്ഷമാണ്. എങ്കിലും 8.5 ശതമാനം ജി.എ സ്.വി.എ (GrossStateValue Added) കേരളത്തിന്റെ മൊത്തം ഖജനാവിൽ മത്സ്യത്തൊഴിലാളികൾ ഓരോ വർഷവും എത്തിക്കുന്നുണ്ട്. ഭൂമിയും തൊഴിലും എന്ന അടിസ്ഥാന ആവശ്യങ്ങൾപ്പോലും ലഭ്യമാകാതിരിക്കെയാണത്.

ഈ അനീതി കുറച്ചുകൂടി മനസിലാവണമെങ്കിൽ, തീരദേശങ്ങളിൽ പട്ടയത്തിനായി അപേക്ഷിച്ചിട്ടും വർഷങ്ങളോളം അത് ലഭിക്കാതെ UA അഥവാ അൺഓതറൈസ്ഡ് നമ്പറിൽ താമസിക്കുന്ന ഭൂരിഭാഗം വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളോട് ചോദിച്ചാൽ മതി.

> **തീരവും കടലും എന്നത് മത്സ്യത്തൊഴിലാളി സമൂഹത്തെ സമ്പന്ധിച്ചിടത്തോളം അമ്മയുമായുള്ള പൊക്കിൾ കൊടി ബന്ധം പോലെയാണ്. അത് പറിച്ചു മാറ്റപ്പെട്ടാൽ, ഇന്ന് മൽസ്യബന്ധനത്തെ പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിച്ചു ജീവിക്കുന്നവരും മറ്റു മേഖലകളിൽ ഉള്ള അവരുടെ സന്താനങ്ങളും ഒരു ഐഡന്റിറ്റിയും ഇല്ലാത്തവരായി മാറിപ്പോവുകയായിരിക്കും ചെയ്യുക.**

കഴിഞ്ഞ ദിവസം കോസ്റ്റൽ ഹൈവേക്കെതിരായ മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധത്തിനെതിരെ ഉയർന്ന മറ്റൊരു മുഖ്യധാരാ വിമർശനം ഇതാണ്:

നിങ്ങൾ ഉപയോഗിക്കുന്ന റോഡും റയിൽ പാലവുമൊക്കെ ഇതുപോലെ ആരുടെയെങ്കിലും കിടപ്പാടം പൊളിച്ചിട്ട് നിർമിച്ചതല്ലേ ?

ഈ ചോദ്യത്തിനകത്ത് രണ്ടു കുഴപ്പങ്ങളുണ്ട്:

ഒന്ന്, തീരദേശങ്ങളിലോ, കാടുകളിലോ താമസിക്കുന്നവരല്ലാത്ത മുഖ്യധാരയുടെ തൊഴിലുകൾ ഒരിക്കലും അവർ താമസിക്കുന്ന ഭൂമിയെ ആശ്രയിച്ചല്ല ഇരിക്കുന്നത്. ഉദാഹരണത്തിന് ഒരു സർക്കാർ ഉദ്യോഗസ്ഥൻ, അല്ലെങ്കിൽ ഒരു കടയുടമ, അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥർ ഇവർക്കൊക്കെ കിടപ്പാടം പോയാലും അത് അവരുടെ തൊഴിലിനെ ഒരിക്കലും ബാധിക്കില്ല. എന്നാൽ, മത്സ്യത്തൊഴിലാളികൾക്ക് തീരവും കടലും ഉപയോഗിക്കാൻ കഴിയാതെയായാൽ അവർ എന്ത് ജോലി ചെയ്യും? അവർ ലോണുകൾ എടുത്തും കടമെടുത്തുമൊക്കെ വാങ്ങിയ വള്ളവും വലയുമൊക്കെ അവർ എന്ത് ചെയ്യും?

രണ്ട്, ഹൈവേക്ക് വേണ്ടിയും മറ്റും മറ്റിടങ്ങളിൽ വീട് തകർക്കുമ്പോൾ അവർക്ക് ഫ്ളാറ്റ് അല്ല സർക്കാർ പണിതു കൊടുക്കുന്നത്. എന്നാൽ, സോഷ്യൽ ക്യാപിറ്റൽ കുറവുള്ള മൽസ്യത്തൊഴിലാളികളുടേത് പോലുള്ള സമൂഹങ്ങളെ ഇതുപോലെ ഫ്ളാറ്റ് പണിതു എവിടെയെങ്കിലും കൊണ്ട് കൂട്ടത്തോടെ തള്ളുക എന്നതാണ് സർക്കാരുകൾ എടുക്കുന്ന സമീപനം. വലിയ മോഹ സമ്മാനം പോലെയാണ് പദ്ധതിക്കൊപ്പം മൽസ്യത്തൊഴിലാളികൾക്കായി പാക്കേജ് ഒരുക്കിയിരിക്കുന്നതെന്ന് സർക്കാർ അവകാശപ്പെടുന്നത്. പട്ടയം കൈവശമുള്ളവർക്ക് പതിമൂന്ന് ലക്ഷം രൂപ. പട്ടയം ഇല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വലിയൊരു കൂട്ടം, അവർക്ക് ഫ്ളാറ്റ് നൽകും. ഇതിലൊരു വിരോധാഭാസം എന്തെന്നാൽ, ഈ ഫ്ളാറ്റുകളെല്ലാം കുറഞ്ഞത് നാല് കിലോമീറ്ററെങ്കിലും കടൽത്തീരത്ത് നിന്നും അകലെയാണ്. അവിടെ നിന്നും എങ്ങനെയാണ് ദിവസേന വീടിനെ പോറ്റുവാൻ ഈ നിരക്ഷരരായ, സാമ്പത്തികമായി പിന്നോക്കം



നിൽക്കുന്ന മത്സ്യത്തൊഴിലാളികൾ കടലിൽ പോകാനായി യാത്ര ചെയ്തു വരിക? അടുത്തുള്ള ഗ്രാമങ്ങളിൽ നിന്നും മത്സ്യം കിട്ടാതായാൽ, ചെറുകിട മത്സ്യകച്ചവടം ചെയ്യുന്ന സ്ത്രീകൾ, അവരെങ്ങനെ തൊഴിൽ മുന്നോട്ടുകൊണ്ടുപോകും? മീൻ കടൽത്തീരത്ത് ഉണക്കി മക്കളെ പോറ്റുന്നവർ എന്ത് ചെയ്യും?

അതുകൊണ്ട്  പിങ്ക് കല്ല് സ്ഥാപിക്കുന്നതിന് മുന്നേ പരിസ്ഥിതി പ്രത്യാഘാത പഠനം മാത്രമല്ല, മറിച്ചു ഒരു സാമൂഹിക ആഘാത പഠനംകൂടി  സർക്കാർ ഈ പദ്ധതി സംബന്ധിച്ച് നടത്തേണ്ടതുണ്ട്.

തീരവും കടലും എന്നത് മത്സ്യത്തൊഴിലാളി സമൂഹത്തെ സമ്പന്ധിച്ചിടത്തോളം അമ്മയുമായുള്ള പൊക്കിൾകൊടി ബന്ധം പോലെയാണ്. അത് പറിച്ചു മാറ്റപ്പെട്ടാൽ, ഇന്ന് മൽസ്യബന്ധനത്തെ പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിച്ചു ജീവിക്കുന്നവരും മറ്റു മേഖലകളിൽ ഉള്ള അവരുടെ സന്താനങ്ങളും ഒരു ഐഡന്റിറ്റിയും ഇല്ലാത്തവരായി മാറിപ്പോവുകയായിരിക്കും ചെയ്യുക. ഇതിന്റെ പ്രത്യാഘാതമെന്തെന്നാൽ, മത്സ്യത്തൊഴിലാളി സമുദായത്തിൽ തന്നെ സാമ്പത്തികമായും മറ്റും വളരെ പിന്നോക്കം നിൽക്കുന്ന ഒരു ഭൂരിഭാഗത്തിന്, മത്സ്യത്തൊഴിലാളിയെന്നോ, അവരുടെ മക്കളെന്നോ എന്ന ഐഡന്റിറ്റിയിൽ ലഭിക്കുന്ന പഞ്ഞപ്പൊടിമുതൽ, മക്കളുടെ ലംസം ഗ്രാന്റുമുതൽ  വിദേശ പഠനത്തിനായി അവർക്ക് ലഭിക്കുന്ന സ്കോളർഷിപ്പുകൾ വരെയുള്ള ആനുകൂല്യങ്ങളൊക്കെപോലും സർക്കാരുകൾ മായ്ച്ചുകളയാൻ സാധ്യതയുണ്ട്. അതുകൊണ്ടു ഇന്ത്യയിലെ തന്നെ മുഴുവൻ മത്സ്യത്തൊഴിലാളി സമൂഹത്തിനും കോസ്റ്റൽ ഹൈവേകളും അതിന്റെ നടത്തിപ്പിനായി മത്സ്യത്തൊഴിലാളി സമൂഹങ്ങളെ സർക്കാരുകൾ സമീപിക്കുന്ന രീതിയും വലിയൊരു അപകട സൂചനയാണ് നൽകുന്നത്.

കഴിഞ്ഞ ദിവസം തമിഴ്നാട് സർക്കാരും ബംഗാൾ ഉൾക്കടലിനു സമാന്തരമായി മഹാബലി പുരത്തിൽ നിന്നും ആരംഭിച്ചു കന്യാകുമാരിയിൽ അവസാനിക്കുന്ന ഒരു കോസ്റ്റൽ ഹൈവേയുടെ പ്രൊജക്റ്റ് അനൗൻസ് ചെയ്തത് നമ്മൾ ഇവയോട് കൂട്ടി വായിക്കേണ്ടതുണ്ട്.

തീരം മൽസ്യത്തൊഴിലാളികൾ സംരക്ഷിച്ച ഭൂമി !

1741ൽ നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂർ ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ഏറ്റുമുട്ടിയപ്പോൾ കടലിൽ വച്ച് അവരുമായി യുദ്ധം ചെയ്ത് ഈ നാട് സംരക്ഷിച്ചത് മത്സ്യത്തൊഴിലാളികളായിരുന്നു. കൊളോണിയൽ ശക്തികളോട് ഇന്ത്യ വിജയിച്ച ആദ്യത്തെ യുദ്ധമായിരുന്നു അതെന്ന് ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് മനസിലാക്കാം. ഒപ്പം തന്നെ 2018 പ്രളയം ഉണ്ടായപ്പോൾ 60,000ൽ അധികം മനുഷ്യരെ വെള്ളത്തിൽ നിന്നും കോരിയെടുത്തത് മത്സ്യത്തൊഴിലാളികളായിരുന്നു. ആ ജനതയ്ക്കാണ് ഇന്ന് തങ്ങളുടെ സ്വന്തം ഭൂമി വെടിഞ്ഞു പലായനം ചെയ്യേണ്ട ഗതികേടുണ്ടായിരിക്കുന്നത്.

കേരളത്തിലെ വടക്കൻ ജില്ലകളിലെ മുസ്ലിം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തെ കണക്കിലെടുത്തു മുസ്ലിം ലീഗാണ് ഇതുവരെ ഈ പദ്ധതിക്കെതിരെ മിണ്ടിയിട്ടുള്ള വലിയ സംഘടനകളിൽ ഒന്ന്. തെക്കൻ തീരത്താകട്ടെ കുറെ അധികം ആക്ടിവിസ്റ്റുകൾ ഒരുമിച്ചു ചേർന്ന് തീര സംരക്ഷണ വേദി എന്ന സംഘടനാ നിർമ്മിക്കുകയും പദ്ധതിക്കെതിരെ സെക്രട്ടറിയേറ്റ് മാർച്ച് സംഘടിപ്പിക്കുകയും ചെയ്തു. ഇപ്പോഴും പ്രതിഷേധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നു.

പ്രത്യക്ഷത്തിൽ തന്നെ ഈ പദ്ധതി കേരളത്തിലെ മൽസ്യ തൊഴിലാളി സമൂഹത്തെ തീരത്തു നിന്നും ഒന്നടങ്കം പറിച്ചു മാറ്റുന്ന വിധമാണ് രൂപകൽപന ചെയ്തിട്ടുള്ളതെങ്കിലും, ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ മൽസ്യത്തൊഴിലാളികളുമായുള്ള ഏതെങ്കിലും വിധമുള്ള ചർച്ചകളോ, മത്സ്യത്തൊഴിലാളികളുടെ ഭാഗത്തു നിന്നും ഇതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള വലിയ പ്രതിഷേധങ്ങളോ ഇതുവരെ സംഭവിച്ചിട്ടില്ല. ഈ പദ്ധതി ഉണ്ടാക്കാനിടയുള്ള  പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് എല്ലാ പദ്ധതികളും വരുമ്പോൾ സംഭവിക്കുന്നത് പോലെ ഇപ്പോഴും സംഭവിക്കുന്നതെന്ന് അനുമാനിക്കാം. ■

ലേഖനം



# അമ്മ മറിയം

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞി
സൈന്യങ്ങളുടെ മാർഗ്ഗദർശി
ദൈവത്തിന്റെ നിധിയുടെ കാവൽക്കാരി
കൃപകളുടെ നടത്തിപ്പുകാരി
ശത്രുക്കളുടെ പേടി സ്വപ്നം
മനുഷ്യരുടെ മദ്ധ്യസ്ഥ

ഹവ്വയുടെ അനുസരണക്കേടിന്റെ കുരുക്ക് അഴിക്കപ്പെട്ടത് മറിയത്തിന്റെ അനുസരണം വഴിയും; ഹവ്വയുടെ അവിശ്വസ്തത നികത്തപ്പെടുന്നത് മറിയത്തിന്റെ വിശ്വസ്തതയിലൂടെയുമാണ്. ജ്ഞാനം 7:26 ൽ 'നിത്യതേജസ്സിന്റെ പ്രതിഫലനമാണവൾ, ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ നിർമ്മലദർപ്പണം അവിടുത്തെ നന്മയുടെ പ്രതിരൂപം' എന്ന് എഴുതിയിരിക്കുന്നു. അലക്സാണ്ട്രിയായിലെ വി.സിറിൾ പറയുന്നത് "ദൈവവചനം ഭൂമിയെ തൊട്ടത് മറിയത്തിലൂടെയായിരുന്നുവെന്നാണ്."

മറിയം പുണ്യങ്ങളുടെ അധികാരമുദ്ര, സ്ത്രീത്വത്തിന്റെ അഭിമാനപാത്രം, വിദ്യ അഭ്യസിക്കുന്നവരുടെ പള്ളിക്കൂടം, വിശുദ്ധി പരിശീലിക്കുന്നവരുടെ ആതുരാലയം. സൂര്യനെ മറയ്ക്കുന്ന മേഘത്തെപ്പോലെ ദൈവത്തെ മറയ്ക്കുന്നവളല്ല മേരി; ദൈവത്തിലേക്ക് നയിക്കുന്നവളാണ് പരിശുദ്ധ മറിയം. ആദിമാതാപിതാക്കളിലൂടെ അടയ്ക്കപ്പെട്ട പറുദീസയിലേക്കുള്ള വാതിൽ തുറക്കപ്പെടുന്നത് പരിശുദ്ധ അമ്മയിലൂടെയാണ്. അതുകൊണ്ട് ക്ലെയർവോക്സിലെ വി.ബെർണ്ണാർഡ് പറയുന്നത്: 'പരിശുദ്ധ മറിയത്തിന് നൽകുന്ന അമിതമായ സ്തുതികൾ ഒരിക്കലും ക്രിസ്തുവിന്റെ സ്തുതികൾക്ക് മങ്ങലേൽപ്പിക്കുന്നില്ല. എത്ര അധികമായി പരിശുദ്ധ അമ്മയെ ബഹുമാനിക്കുന്നുവോ അത്രതന്നെ മഹനീയമായ കീർത്തി തന്റെ പുത്രന് ലഭിക്കുകയാണ്. അമ്മയ്ക്ക് നൽകുന്ന സ്തുതികൾ ക്രിസ്തുവിന് നൽകുന്ന സ്തുതികൾ തന്നെയാണെന്നതിൽ ഒരു സംശയവുമില്ല'.

ഗോഫേർ മരംകൊണ്ടോ (ഉൽ 6:14) കരുവേല മരംകൊണ്ടോ (പുറ 25:8) അല്ലാ; മജ്ജയും മാംസവുമുള്ള ഒരു പെൺകുട്ടിയെയാണ് ദൈവമൊരുക്കിയത്. കീലും സ്വർണ്ണവും കൊണ്ടല്ല; ദൈവകൃപയുടെ അനുഗ്രഹത്താലാണ് മറിയം പൂശപ്പെട്ടത്. സീയന്നയിലെ വി.ബർണ്ണാർഡ് പറയുന്നത് കൊട്ടാരവാതിലിലൂടെയാണ് രാജാവ് പ്രജകൾക്ക് കൃപകൾ നൽകുന്നത്. അതുപോലെ സ്വർഗ്ഗീയ അനുഗ്രഹങ്ങളെല്ലാം ഈ ലോകത്തിലേക്ക് ചൊരിയപ്പെടുന്നത് സ്വർഗ്ഗത്തിന്റെ വാതിലായ പരിശുദ്ധ അമ്മയിലൂടെയാണ്. വി.ബൊനവെന്തൂര പറയുന്നത് 'മേരി സ്വർഗ്ഗത്തിന്റെ വാതിലാണ്.' എന്തെന്നാൽ, അവളിലൂടെയല്ലാതെ ആരും അനുഗ്രഹീത രാജ്യത്തിൽ പ്രവേശിക്കുകയില്ല. കുശവൻ കളിമണ്ണുകൊണ്ട് തനിക്കിഷ്ടമുള്ള പാത്രമുണ്ടാക്കുന്നതുപോലെ ആത്മീയ വസ്തുക്കൾകൊണ്ട് മെനഞ്ഞെടുത്ത പാത്രമാണ് അമ്മ. ആശയറ്റ ആത്മാക്കൾക്ക് സ്നേഹം വിളമ്പാൻതക്കവിധം ഉടയോൻ എഴുതിച്ചേർത്ത ഒരു തുറന്ന പുസ്തകമാണ് അമ്മ. ഏതു കുഞ്ഞിനും ആത്മവിശ്വാസത്തോടെ കയറിവരാൻ പറ്റുന്ന രീതിയിൽ പണിതീർന്ന വിശാലമായ മുറിയാണ് (The Vast Room) അമ്മ. മറിയമാകുന്ന പള്ളിക്കൂടത്തിലിരുന്ന് ക്രിസ്തുവിനെ പഠിക്കാം. ■



ഫാ. ഇമ്മാനുവേൽ

## ലേഖനം



# ഒരു പേരിൽ ചിലതൊക്കെയുണ്ട്



റെനി ഐലിൻ

ഏകദേശം പത്തു വർഷമെങ്കിലും ആകും; ഒരു പത്രപ്രവർത്തകനെന്ന നിലയിൽ കശ്മീരിൽ ആദ്യമായി ഞാൻ റിപ്പോർട്ടിംഗിന് പോകുന്നത് അന്നാണ്. അതിരാവിലെ ജമ്മു റെയിൽവേ സ്റ്റേഷനിൽ നിന്ന് ഓട്ടോ പിടിച്ച് ശ്രീനഗറിലേക്ക് പോകാൻ ടാക്സി സ്റ്റാൻഡിലെത്തി. ഷെയറിങ് ടാക്സിയിൽ കയറി മണിക്കൂർ കഴിഞ്ഞപ്പോഴാണ് മനസിലാകുന്നത്. ഇത് ശ്രീനഗറിൽ പോകില്ല എന്ന്. എന്നാൽ അതിന് മുൻപുള്ള പ്രധാന സ്ഥലമായ ബനിഹലിലിൽ നിന്ന് ട്രെയിനിൽ പോകാം എന്ന്  ഒപ്പമുള്ളവർ പറഞ്ഞു. എന്തായാലും അവിടെ നിന്ന് ട്രെയിനിൽ കയറി ഞാൻ ശ്രീനഗറിലേയ്ക്ക് തിരിച്ചു. ക്ഷീണം കാരണം ഞാൻ ഉറങ്ങിപ്പോയി. ഏതോ ഒരു സ്റ്റേഷനിൽ വണ്ടി നിർത്താൻ പോകുമ്പോൾ ഞാൻ ഉണർന്നു; ഉറക്കച്ചടവോടെ എതിർവശത്തിരുന്ന യാത്രക്കാരനോട് ഞാൻ ചോദിച്ചു സ്റ്റേഷൻ ഏതാണ്?  അയാളെന്തോ പറഞ്ഞു.  ഞാൻ വീണ്ടും ചോദ്യം ആവർത്തിച്ചു

ഇസ്‌ലാമാബാദ് ' ഞാൻ ഒരു ഞെട്ടലോടെ പിന്നെയും ചോദിച്ചു; എന്താ ? അയാൾ ഭാവഭേദങ്ങളൊന്നുമില്ലാതെ ആവർത്തിച്ചു ' ഇസ്‌ലാമാബാദ്. ' ങേ ...വണ്ടി പാക്കിസ്ഥാനിലെത്തിയോ..... ജനാലകൾക്കിടയിലൂടെ ഞാൻ ബോർഡ് നോക്കി  കണ്ടു, 'അനന്തനാഗ്. ' സമാധാനമായി. പക്ഷെ എനിക്ക് പെട്ടന്ന് ഓർമ്മ വന്നത് ആ സ്ഥലപ്പേരിന്റെ പിന്നിലുള്ള രാഷ്ട്രീയമാണ്. ബഷാരത് പീറിന്റെ ' കർഫിയൂഡ് നൈറ്റ് ' എന്ന വിഖ്യാത പുസ്തകത്തിലെ ഒരു വിവരണമാണ്. പതിവ് സൈനീക അർധസൈനിക പരിശോധനകൾ കാശ്മീരികൾക്കു ഒരു പുതിയ കാര്യമല്ല. എവിടേയ്ക്ക് പോകുന്നു ? എന്ന് യുവാക്കളോട് ചോദിക്കുമ്പോൾ' ഇസ്‌ലാമാബാദ് ' എന്ന് മറുപടി പറയുമ്പോൾ അവരെ പൊതിരെ തല്ലിക്കൊണ്ട് ' അനന്തനാഗ് ' എന്ന് പറയിപ്പിക്കുന്ന സംഭവം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ഒരു മുസ്‌ലിം


ഭൂരിപക്ഷ സ്ഥലത്ത് ഇസ്ലാമാബാദ് എന്ന പേര് ഒട്ടും അതിശയകരമല്ല. എന്നിട്ടും അവിടെ എന്തിനാണ് വിഷ്ണുവിന്റെ ഇരിപ്പിടമായ സർപ്പത്തിന്റെ പേരിട്ടത് എന്ന് ചിന്തിച്ചിട്ടുണ്ടോ ? ഇന്ത്യയിലുള്ള പല സ്ഥലങ്ങളുടെയും പേര് പാക്കിസ്ഥാനിലും ഉണ്ട്. അതുകൊണ്ട് അവിടെ ഉള്ളതുകൊണ്ടാണ് ഇവിടെ ഇടാത്തത് എന്ന ന്യായീകരണം പറയാനും സാധ്യമല്ല. ഇന്ത്യ പാക് യുദ്ധത്തിൽ രാജ്യത്തെ സംരക്ഷിച്ച ധീരോദാത്തമായ പോരാട്ടം കാഴ്ചവച്ച എത്രയോ ജവാൻമാരുണ്ട് അവരുടെ സ്മരണയ്ക്കായി പ്രസ്തുത സ്ഥലത്തെ അങ്ങനെ നാമകരണം ചെയ്തുകൂടെ ? പക്ഷെ ഭരണകൂടം നിശ്ചയിക്കുന്ന പേരിന്റെ രാഷ്ട്രീയത്തിന് മുന്നിൽ ഇത്തരം ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

ഒരു സ്ഥലത്തെ പേരിന് അവിടത്തെ ചരിത്രവും സംസ്ക്കാരവും എല്ലാം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ചരിത്രത്തെ ഭയപ്പെടുന്നത് ഫാഷിസ്റ്റുകളും ഏകാധിപതികളുമാണ്. അതുകൊണ്ടാണ് ഇന്ന് ഇന്ത്യ ഭരിക്കുന്ന ഹിന്ദുത്വ ഫാഷിസ്റ്റുകൾ ചരിത്രത്തെ ഇല്ലാതാക്കിക്കൊണ്ട് വ്യാജ നിർമ്മിതികൾ നടത്തി, അപരനെ ശത്രുവായി പ്രതിഷ്ഠിക്കുന്നത്. വിചാരധാര തുടങ്ങിയുള്ള അവരുടെ ഏതൊരു കൃതികളും പരിശോധിക്കുമ്പോൾ വളരെ കൃത്യമായ രീതിയിലുള്ള പൊളിച്ചെഴുത്തുകൾക്ക് ആഹ്വാനം ചെയ്യുന്നതോ അല്ലെങ്കിൽ അതിന്റെ ആവശ്യകത പ്രകടമാക്കുന്നതോ ആയ വരികൾ നമുക്ക് കാണാം.

ദേശീയതയെ നിർവചിച്ച ഗോൾവാൾക്കർ മൂന്ന് ആന്തരീക ശത്രുക്കളായ ' കമ്യൂണിസ്റ്റുകൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ ' എന്നതിനെ പിന്നീട് അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാർ 2014ൽ ഡൽഹിയിൽ വച്ച് നടന്ന ലോക ഹിന്ദു കോൺഗ്രസിൽ വച്ച് '5M' എന്ന മറ്റൊരു വിശദീകരണത്തിലൂടെ ആ ശത്രുക്കളെ പുനർനിർവചിച്ചു. 1. മാർക്സിസം 2. മെറ്റീരിയലിസം 3. മെക്കാളെയിസം 4. മിഷനറീസ് 5. മുസ്ലിം എക്സ്ട്രീമിസം. നേരത്തെ പറഞ്ഞ ശത്രുക്കളെ പേര് മാറ്റി പുനഃപ്രതിഷ്ഠിച്ചതല്ലാതെ അവരിന്നും മാറ്റമില്ലാതെ തുടരുന്നു എന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന ന്യൂനപക്ഷ വിരുദ്ധ അതിക്രമങ്ങൾ. ഇത്രയും കാര്യങ്ങളുടെ പശ്ചാത്തലത്തിൽ വേണം നാം ഈ പേര് മാറ്റങ്ങളുടെ രാഷ്ട്രീയത്തെ സൂക്ഷ്മമായി വീക്ഷിക്കേണ്ടത്.

പാഠപുസ്തകങ്ങളും, ക്രിമിനൽ കോടതി നിയമങ്ങളും തുടങ്ങി എല്ലാം യാതൊരു വ്യവസ്ഥയുമില്ലാതെ തിരുത്തപ്പെടുമ്പോൾ പിന്നെ രാജ്യത്തിന്റെ പേര് മാത്രം എന്തിനു ബാക്കി വയ്ക്കണം. അതിൽ ഭാഷയുടെ അടിച്ചേൽപ്പിക്കൽ തുടങ്ങി സാംസ്കാരികമായ അധിനിവേശം വരെയുള്ള കാര്യങ്ങൾ മുഴച്ചു നിൽക്കുന്നു. ഇന്ത്യയുടെ ഭരണ ഭാഷയിൽ ഹിന്ദിയും, ഇംഗ്ലീഷും ഒരുപോലെ ഉപയോഗിക്കുന്നുണ്ട്. എന്നാൽ കേന്ദ്രത്തിൽ അധികാരം കയ്യാളിയ നാൾ മുതൽ സംഘപരിവാർ പ്രത്യക്ഷമായ രീതിയിൽ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് രഹസ്യമായ ഒരു വസ്തുതയല്ല. ഇന്ത്യ എന്നത് ഭാരതം ആകുമ്പോൾ നമ്മുടെ മനസ്സിൽ ഒന്നും തോന്നുന്നില്ലെങ്കിൽ നമുക്ക് തന്നെയാണ് കുഴപ്പം. ഫാഷിസ്റ്റുകളുടെ ഏകശിലാ മാതൃകയിലുള്ള രാഷ്ട്രീയ സ്വപ്നങ്ങളിൽ പലപ്പോഴും ന്യൂനപക്ഷങ്ങൾ പുറമ്പോക്ക് നിവാസികളാണ്. ഭൂരിപക്ഷത്തിന്റെ വികലവും വികൃതവുമായ രാഷ്ട്ര സങ്കൽപ്പ മാതൃകയിൽ മുൻനിർവചിക്കപ്പെട്ട ശത്രുക്കൾ പുറത്താവുന്നതിൽ അതിശയമില്ല.

ഈ കുറിപ്പ് എഴുതുമ്പോൾ പാർലമെന്റിന്റെ പ്രത്യേക സമ്മേള



നം വിളിച്ചു ചേർത്തിരിക്കുകയാണ്. സാധാരണ സമ്മേളനത്തിന്റെ ഉള്ളടക്കവും ആവശ്യകതയും നേരത്തെ തന്നെ അംഗങ്ങളെ അറിയിക്കുമെങ്കിലും ഇത്തവണ അതുണ്ടായില്ല. മതേതര ഭരണഘടന നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ (നാളെ രാവിലെ അതവിടെ ഉണ്ടാകുമോ എന്നകാര്യത്തിൽ ഉറപ്പില്ല) യാതൊരു ചർച്ചയും പൊതുജനങ്ങളുടെ അഭിപ്രായ രൂപീകരണവും ഇല്ലാതെയാണ് പേര് മാറ്റം പോലുള്ള കാര്യങ്ങൾ കുറെ നാളായി ഏകപക്ഷീയമായി തീരുമാനിക്കപ്പെടുന്നത്. ഇന്ത്യ എന്നൊരു പ്രതിപക്ഷ കൂട്ടായ്മ ഉടലെടുത്തപ്പോഴാണ് ഇന്ത്യ എന്ന രാജ്യത്തിന്റെ പേര് മാറ്റത്തിനായി ധൃതിപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. ഹിന്ദു-ഹിന്ദുത്വ ഭാരതം എന്ന സമവാക്യത്തിലൂടെ അധികാരത്തിൽ കയറിയവർക്ക് ഇന്ത്യ എന്ന് പറയുമ്പോൾ സ്വാഭാവികമായും അത് ഓർക്കാനം ഉണ്ടാക്കും. ഇന്ത്യ എന്നത് (ഇൻഡസ്) സിന്ധു നദീതട സംസ്കാരത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. എന്നാൽ ആര്യൻ അധിനിവേശത്തിന്റെ ഗൃഹാതുരതയിൽ നിന്ന് ഇന്നും സ്വയം മോചിതരാകാതെ ദ്രാവിഡ ജനതയെ അടിച്ചമർത്തുകയും വംശമഹിമകൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നവർ ഒരിക്കലും ' ഇന്ത്യ ' എന്ന സംജ്ഞയെ പുൽകാൻ ഇഷ്ട്പ്പടുന്നവരല്ല. ഗവണ്മെന്റ് ഓഫ് ഇന്ത്യ എന്നതിന്റെ ഹിന്ദി പരിഭാഷയായി ഉപയോഗിക്കപ്പെടുന്നത് ' ഭാരത സർക്കാർ ' എന്ന പദമാണ്. എന്നാൽ ആദ്യത്തേത് പൂർണമായും ഒഴിവാക്കപ്പെടുമ്പോൾ നേരത്തെ പറഞ്ഞ ഭാഷയുടെ അടിച്ചേൽപ്പിക്കലിലൂടെ സാംസ്ക്കാരിക അധിനിവേശം അതിന്റെ പൂർണ്ണതയിലെത്തുന്നു.അതിന്റെ തുടക്കമാണ് ജി 20 ഉച്ചകോടിയിൽ ക്ഷണപത്രികയിൽ ' ഭാരത് ' എന്ന് ചേർത്തുകൊണ്ട് ഇന്ത്യ ഒഴിവാക്കിയത്. ബഹുസ്വരതയെ അംഗീകരിക്കാത്ത ജർമ്മൻ നാസികളുടെ ഇന്ത്യൻ പതിപ്പുകളാണ് രാജ്യം ഭരിക്കുന്നത്.

നേരത്തെ നടത്തിയ (കു)പ്രസിദ്ധമായ ചില പേരുമാറ്റങ്ങൾ നമുക്ക് നോക്കാം. അലഹബാദ് പ്രയാഗ്‌രാജ്, ഫൈസാബാദ് അയോദ്ധ്യ, ഫിറോസ് ഷാ കോട്‌ല സ്റ്റേഡിയം അരുൺ ജെറ്റ്‌ലി സ്റ്റേഡിയം, മുഗൾസാരായി റെയിൽവേ സ്റ്റേഷൻ ദീൻ ദയാൽ ഉപാധ്യായ റെയിൽവേ സ്റ്റേഷൻ, ഗുർഗാവ് -ഗുരുഗ്രാം. മുഗൾ ഗാർഡൻ അമൃത് ഉദ്യാൻ. ഇത് കൂടാതെ ഡൽഹിയിലെ പ്രധാന റോഡുകളുടെ പേരുകളിലും കൈവച്ചിട്ടുണ്ട്. ഇപ്പോഴും നടപ്പിലാക്കാതെ നിൽക്കുന്ന രണ്ടു നിർദേശങ്ങളാണ് ഹൈദരാബാദിനെ ഭാഗ്യനഗർ ആക്കുന്നതും, അഹമ്മദാബാദിനെ കർണ്ണാവതിയായി മാറ്റുന്നതും. സംഘപരിവാർ ഏതെങ്കിലും ഒരു നയം നടപ്പിലാക്കുന്നതിന് മുൻപ് പ്രചണ്ഡമായ പ്രചാരണം അഴിച്ചുവിടുന്നത് സാധാരണമാണ്. ഒരു പക്ഷെ ആ പ്രദേശത്തെ സംസ്ക്കാരത്തെ തകർക്കുന്ന രീതിയിലായിരിക്കാം അതും അല്ലെങ്കിൽ അവിടത്തെ ജനങ്ങളെ പ്രതിക്കൂട്ടിലാക്കുന്ന തരത്തിൽ നിയമ പ്രശ്ങ്ങൾ ഉന്നയിച്ചുകൊണ്ടായിരിക്കാം. കശ്മീരിനെക്കുറിച്ചു പറഞ്ഞു പരത്തിയ അതേ കാര്യങ്ങൾ തന്നെയാണ് അൽപ്പമൊന്നു മാറ്റി മണിപ്പൂരിനെക്കുറിച്ചു പറഞ്ഞത്. രണ്ടിടത്തും ഇരകൾ വത്യസ്ത വിഭാഗത്തിൽപ്പെട്ട ന്യൂനപക്ഷം ആയിരുന്നുവെന്നത് ഓർമ്മിക്കുക.

നരേഷ് ബൻസാൽ എന്ന ബിജെപി എം പി പറഞ്ഞത് ‘ഇന്ത്യ എന്നത് കൊളോണിയൽ പ്രതീകം എന്നാണ്.’ ഇന്ത്യയുടെ പേര് ഭാരത് എന്നാക്കുമെന്നും ഈ മാറ്റത്തെ എതിർക്കുന്നവർക്ക് രാജ്യം വിട്ടു പോകാം ' എന്ന് പശ്ചിമ ബംഗാളിലെ ബിജെപി നേതാവ് ദിലീപ് ഘോഷ് പ്രസ്താവിച്ചിരുന്നു. ആദ്യത്തെ പ്രസ്താവന എടുത്താൽ ഒരു രാജ്യം എന്ന സങ്കൽപ്പം തന്നെ വന്നത് ബ്രിട്ടീഷ് ആധിപത്യത്തിന് കീഴിലായിരുന്നു എന്നത് സൗകര്യപൂർവം മറച്ചുവയ്ക്കുന്നു. എന്നാൽ നാട്ടുരാജ്യങ്ങളിലെ നാടുവാഴിമാരുടെയും ' കാട്ടിലെ കടുവകളെയും നാട്ടിലെ കന്യകകളെയും വേട്ടയാടിയ രാജാക്കന്മാരുടെ ' (വാക്കുകൾക്ക് കടപ്പാട് സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ എന്ന കൃതിയിൽ നിന്ന്) പടയോട്ട നൊസ്റ്റാൾജിയ അയവിറക്കി നടക്കുന്നവർക്ക് ജനാധിപത്യ മൂല്യങ്ങളോ വിവിധ ജനങ്ങളുടെ സ്വത്വത്തെയോ അംഗീകരിക്കാൻ കഴിയില്ല. രാജ്യം വിട്ടു പോകാൻ പറയുന്നവർ ഭാഗ്യത്തിന് ഇത്തവണ അവരുടെ നേതാക്കൾ സ്ഥിരം പറയാറുള്ള രാജ്യം ദിലീപ് ഘോഷ് പറഞ്ഞില്ല. ഇനി അയൽ രാജ്യമായ പാകിസ്ഥാനെയാണ് ഉദ്ദേശിച്ചതെങ്കിൽ; പഴയൊരു ചരിത്രം ഓർമ്മിക്കുന്നത് നല്ലതാണ്. ഇന്ത്യ എന്ന പേരിനു എതിരായിരുന്ന ഒരു വ്യക്തിയാണ് മുഹമ്മദാലി ജിന്ന. കാരണം ബ്രിട്ടീഷുകാർക്കെതിരെ അന്നത്തെ ഇന്ത്യയ്ക്ക് വേണ്ടി പോരാടിയ ഒരാൾ ആയിരുന്നല്ലോ ജിന്ന. പഴയ ഇന്ത്യ രാജ്യം രണ്ടായി പിളരും നേരം ഇന്ത്യ എന്ന പേര് ഒരു രാജ്യം നിലനിർത്തിയാൽ മുറിച്ചു മാറ്റപ്പെടുന്ന രാജ്യത്തിന് അതുവരെയുണ്ടായിരുന്ന ചരിത്രമൊക്കെ നഷ്ടമാവും എന്ന ഭയം ആ രാജ്യത്തേക്ക് പോകുന്നവർക്കുണ്ടാവുക സ്വാഭാവികമാണ്. അതാണ് ജിന്നയെ ഇന്ത്യ എന്ന പേരിനെ എതിർക്കാൻ പ്രേരിപ്പിച്ചത്. സ്വന്തം ചരിത്രം നിഷേധിക്കപ്പെടുമെന്നത് എങ്ങനെയാണ് ഒരു ജനതയെ സംബന്ധിച്ച് സ്വീകാര്യമാവുന്നത്.( മറ്റൊരു കാര്യം ഇന്ത്യ എന്ന പേരിന് കാരണമായ സിന്ധു നദി വിഭജനത്തിന് ശേഷം പാകിസ്ഥാനിലാണ്). അന്ന് ജിന്ന ആഗ്രഹിച്ച കാര്യം തത്വത്തിൽ ഇന്ന് സാധിച്ചു കൊടുക്കുന്നത് അദ്ദേഹത്തെയും, ആ രാജ്യത്തെയും, അവരുടെ മതത്തെയും പരമോന്നത ശത്രുക്കളായി സ്വയം പ്രഖ്യാപിച്ചിരിക്കുന്ന സംഘ്പരിവാറാണ് എന്നത് ചരിത്രത്തിന്റെ മറ്റൊരു വൈരുദ്ധ്യം.

എഫ്ബിയിൽക്കണ്ടത് : ഇനി ഇവിടെ ഭാരതമാക്കി; പാക്കിസ്ഥാനികൾ ആ ദേഷ്യത്തിന് അവിടെ ഇന്ത്യ എന്ന പേരിട്ടുകൊണ്ട് പകരം വീട്ടിയാൽ പിന്നെ സ്ഥിരം പറയുന്ന ഒരു വായ്ത്താരി മാറ്റി പിടിക്കേണ്ടി വരും ' ഇവിടെ പറ്റാത്തവർ പാകിസ്ഥാനിൽ പൊയ്ക്കോ എന്നതിന് പകരം ഇവിടെ പറ്റാത്തവർ ഇന്ത്യയിലേയ്ക്ക് പൊയ്ക്കോ എന്ന് പറയാം. ■

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ



# അകത്തോലിക്കാ വൈദികനോടുചേർന്ന് കത്തോലിക്കാ വൈദികന് ദിവ്യബലി അർപ്പിക്കാമോ?

ക്രിസ്തു ഒന്നല്ലേയുള്ളൂ? എല്ലാ ക്രൈസ്തവരും ഒരേ ക്രിസ്തുവിനെയല്ലേ ആരാധിക്കുന്നത്? എല്ലാവരും പ്രസംഗിക്കുന്ന ക്രിസ്തു ഒന്നുതന്നെയല്ലേ എന്നു പറഞ്ഞുകൊണ്ട് വചനം കേൾക്കാനും പ്രാർത്ഥിക്കാനും എവിടെപ്പോയാലും കുഴപ്പമില്ലല്ലോ എന്ന നിലപാടെടുക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. കൂടാതെ മിശ്രവിവാഹങ്ങളുടെ എണ്ണം ക്രമാതീതമായി കൂടിവരികയും ചെയ്യുന്നു. പ്രാർത്ഥന, വിവാഹം, തൊഴിൽ, വിദ്യാഭ്യാസം മുതലായവയിലൂടെ അകത്തോലിക്കരുമായും അക്രൈസ്തവരുമായും കത്തോലിക്കർ ഇടപഴകുന്ന സാഹചര്യം ഏറിവരുന്നു. മാറുന്ന ഈ സാഹചര്യത്തിൽ, അകത്തോലിക്കാ വൈദികരോടുചേർന്ന് കത്തോലിക്കാ വൈദികർക്ക് ദിവ്യബലി അർപ്പിച്ചുകൂടെ എന്ന് ചോദിക്കുന്നവരുണ്ട്. കുറഞ്ഞപക്ഷം, കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടക്കുന്ന വിവാഹത്തിൽ പങ്കെടുക്കാൻ വരുന്ന അകത്തോലിക്കാ വൈദികരെ വിവാഹാശീർവാദ ദിവ്യബലിയിൽ സഹകാർമ്മികരായി അനുവദിച്ചുകൂടെ എന്ന് ചോദിക്കുന്നരുമുണ്ട്. ഇക്കാര്യങ്ങളിൽ കത്തോലിക്കാ സഭയുടെ പഠനവും ഔദ്യോഗിക നിലപാടുമാണ് ഇവിടെ പരിശോധിക്കുന്നത്.

പുരോഹിതർ ഒരുമിച്ചുള്ള ദിവ്യബലി ആഘോഷം (സമൂഹദിവ്യബലി) രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടിയാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത്. 25.05.1967-ൽ വത്തിക്കാനിലെ Sacred Congregation for Rites പുറപ്പെടുവിച്ച ഇൻസ്ട്രക്ഷൻ Eucharisticum Mysterium, 47 പ്രകാരം, "അർപ്പണത്തിന്റെയും പൗരോഹിത്യത്തിന്റെയും ഐക്യമാണ്" സമൂഹബലി പ്രകാശിപ്പിക്കുന്നത്. ആയതിനാൽ, സമൂഹബലി പുരോഹിതർ തമ്മിലുള്ള സാഹോദര്യം പ്രകടിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു.

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 900-911 ദിവ്യബലിയുടെ കാർമ്മികനെക്കുറിച്ച് വിവരിക്കുന്നു. CIC 902 പ്രകാരം, പുരോഹിതർ കഴിവതും സമൂഹബലി അർപ്പിക്കേണ്ടതാണ്. CIC 950 പ്രകാരം, കത്തോലിക്കാ സഭയുമായി പൂർണ്ണ കൂട്ടായ്മ ഇല്ലാത്ത സഭകളിലെയോ സഭാസമൂഹങ്ങളിലെയോ പുരോഹിതരുമായോ ശുശ്രൂഷകരുമായോ കത്തോലിക്കാ പുരോഹിതർ സമൂഹബലി അർപ്പിക്കുന്നത് നിരോധിച്ചിരിക്കുന്നു. കൂദാശ കർമ്മങ്ങളിലെ വിലക്കപ്പെട്ട പങ്കാളിത്തത്താൽ കുറ്റം ചെയ്ത വ്യക്തിയ്ക്ക് ന്യായമായ ശിക്ഷ CIC 1381 നിർദ്ദേശിക്കുന്നു. ആയതിനാൽ, അകത്തോലിക്കാ വൈദികരോടു ചേർന്ന് കത്തോലിക്കാ വൈദികൻ ദിവ്യബലി അർപ്പിക്കാൻ പാടില്ലാത്തതാകുന്നു. ■



# മുതലപ്പൊഴി

## ഇനിയൊരു മനുഷ്യജീവൻ കൂടി നഷ്ടപ്പെട്ടുകൂടാ



നിക്സൺ ലോപ്പസ്

തലസ്ഥാന ജില്ലയുടെ തീരപ്രദേശത്തെ അപകടമുനമ്പായി മാറിയിരിക്കുകയാണ് മുതലപ്പൊഴി ഹാർബർ. അഞ്ചുതെങ്ങ് കായലും, കഠിനംകുളം കായലും, അറബിക്കടലും ഒത്തുചേരുന്ന തീരപ്രദേശമാണ് മുതലപ്പൊഴി. അടുത്തകാലത്തായി ഒട്ടനവധി മത്സ്യത്തൊഴിലാളികളുടെ ജീവനെടുത്ത ഇവിടം ഇപ്പോൾ മരണപ്പൊഴിയായാണ് അറിയപ്പെടുന്നത് തന്നെ. ഇതുവരെയുള്ള അപകടങ്ങളിൽ 69 മനുഷ്യജീവൻ പൊലിഞ്ഞു. അപകടങ്ങളിൽ പരിക്കേറ്റ് ജീവിതം വഴിമുട്ടിയ നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട്. അപകടങ്ങളിൽ പെട്ട് മത്സ്യ ബന്ധന യാനങ്ങൾ നഷ്ടപ്പെട്ട അനേകം കുടുംബങ്ങളുണ്ട് ഈ പ്രദേശത്ത്.

മുതലപ്പൊഴിമുഖത്ത് അശാസ്ത്രീയമായ നിർമാണം കാരണം രൂപപ്പെടുന്ന മണൽത്തിട്ടയിലും ഇവിടെ സ്ഥാപിച്ച പുലിമുട്ടുകളിൽ നിന്നിളകി തീരത്ത് കിടക്കുന്ന പാറകളിലും തട്ടി ഉണ്ടാകുന്ന അപകടങ്ങളിൽ നിരവധി മത്സ്യത്തൊഴിലാളികൾക്കാണ് ജീവൻ നഷ്ടമായത്. സുരക്ഷിതമായി മത്സ്യബന്ധനം സാധ്യമാകുന്നതിന് വേണ്ടി പുലിമുട്ടുകൾ സ്ഥാപിച്ച മറ്റ് ഹാർബറുകളിൽ തിരയടി കുറഞ്ഞു വരുന്നതാണ് പതിവ്. എന്നാൽ ഇതിന് വിരുദ്ധമായ അവസ്ഥയാണ് മുതലപ്പൊഴി ഹാർബറിൽ സംഭവിക്കുന്നത്. മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണം കാരണം ഹാർബറിന്റെ നിർമ്മാണ ലക്ഷ്യം തന്നെ അസ്ഥാനത്തായിരിക്കുകയാണ്. സുരക്ഷിതമായ മത്സ്യബന്ധനത്തിന് വഴിയൊരുക്കുന്നതിന് വേണ്ടി ദശാബ്ദങ്ങളോളം സമരമാർഗ്ഗങ്ങൾ അടക്കമുള്ള വഴികളിലൂടെ നേ

ടിയെടുത്ത ഹാർബർ ഇന്ന് മത്സ്യത്തൊഴിലാളികളുടെ ജീവനു തന്നെ വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. അഴിമുഖത്തേക്ക് അടിച്ചു കയറുന്ന കൂറ്റൻ തിരമാലകളെ കീറിമുറിച്ചാണ് ബോട്ടുകളും വള്ളങ്ങളും കടലിലേക്ക് പോകേണ്ടതും കരയിലേക്ക് മടങ്ങി വരേണ്ടതും. ശാസ്ത്രീയമായ രീതിയിൽ അല്ല മുതലപ്പൊഴി ഹാർബർ നിർമ്മിച്ചിരിക്കുന്നത് എന്നതുകൊണ്ട് തന്നെ പുലിമുട്ടുകളുടെ വശങ്ങളിൽ മണൽ തിട്ടകൾ രൂപം കൊള്ളുന്നു.

### മുതലപ്പൊഴിയിൽ മന്ത്രിമാരുടെ മുതലക്കണ്ണീരും പൊള്ളയായ വാഗ്ദാനങ്ങളും

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിയ വിഴിഞ്ഞം അതിജീവന സമരത്തിന് സമരസമിതി മുന്നോട്ടുവച്ച 7 ആവശ്യങ്ങളിൽ ഒന്ന് മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിക്കുക എന്നതായിരുന്നു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തിയ അവസാനത്തെ ഒത്തുതീർപ്പ് ചർച്ചയിലും ഈ വിഷയം ചർച്ച ചെയ്തതാണ്. എത്രയും പെട്ടെന്ന് ഉത്തരവാദിത്തപ്പെട്ട ഏജൻസിയെ കൊണ്ട് പഠനം നടത്തി മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിക്കും എന്നതായിരുന്നു ഉറപ്പ്. വാഗ്ദാനങ്ങളും ഉറപ്പുകളും ഒന്നും പ്രാവർത്തികമാക്കാതെ വാഗ്ദാനങ്ങൾ ആയി തന്നെ തുടരുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

എന്നാൽ 2023 ജൂലൈ പത്താം തീയതി മുതലപ്പൊഴിയിൽ ഉണ്ടായ അപകടത്തിൽ നാല് മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞപ്പോൾ മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിക്കേണ്ടതിൻെറ അനിവാര്യത വീണ്ടും ഉയർന്നുവരുന്നു.ലത്തീൻ സഭയുടെ സമുദായ സംഘടനയായ കെഎൽസിഎയുടെ നേതൃത്വത്തിൽ ജൂലൈ മാസം പതിനാറാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും സംഘടിപ്പിച്ച പ്രതിഷേധ പരിപാടികളുടെ ഫലമായി ജൂലൈ മാസം 31 തീയതി കേരള മന്ത്രിസഭയിലെ 5 മന്ത്രിമാർ അടങ്ങുന്ന ഒരു സമിതി വിവിധ മത്സ്യത്തൊഴിലാളി സംഘടനകളും ആയി നടത്തിയ ചർച്ചയിൽ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങളുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 5 വരെ മുതലപ്പൊഴി അടച്ചിടാനുള്ള ഫിഷറീസ് ഡയറക്ടറുടെ ശുപാർശ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ തള്ളിക്കളയുകയും പകരം മുതലപ്പൊഴിയെ അപകടരഹിതമാക്കാൻ വേണ്ടതെല്ലാം ചെയ്യുമെന്ന് മന്ത്രി സജി ചെറിയാൻ ഉറപ്പ് നല്കുകയും ചെയ്തു.

മുതലപ്പൊഴിയെ എത്രയും വേഗം അപകടരഹിതമായ ഹാർബറാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും. അതിനായി അദാനി ഗ്രൂപ്പിന് സർക്കാർ കർശന നിർദേശം നൽകിയിട്ടുണ്ട്. നടപ്പാക്കാത്ത പക്ഷം സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് അദാനി ഗ്രൂപ്പിനെ മന്ത്രി സജി ചെറിയാൻ അറിയിച്ചു. ഇത് പിറ്റേ ദിവസം വാർത്തയായി പത്രങ്ങളിൽ നാം വായിച്ചതാണ്

മത്സ്യത്തൊഴിലാളികളുടെ ആവശ്യപ്രകാരം ഫിഷറീസ് വകുപ്പ് മന്ത്രി നൽകിയ ഉറപ്പുകൾ ഇവയാണ്.

1)ലോങ് ബൂം ക്രെയിൻ എത്തിച്ച് മുതലപ്പൊഴിയിൽ കെട്ടിക്കിടക്കുന്ന പാറകൾ ഉടൻ മാറ്റും.

2)എക്സ്കവേറ്റർ ഉപയോഗിച്ച് മണൽ നീക്കം ചെയ്യും. ഇതിന്റെ പ്രവൃത്തികൾ ഓഗസ്റ്റ് മാസം ഒന്നാം തിയതി തന്നെ ആരംഭിക്കുമെന്നും അദാനി ഉറപ്പുനൽകിയതായി മന്ത്രി പറഞ്ഞു.

3) കാലാവസ്ഥ അനുകൂലമാകുന്നതോടെ ഡ്രഡ്ജർ എത്തിച്ച് മണൽ

**ഓരോ വർഷവും പാസാക്കുന്ന ബഡ്ജറ്റിൽ ഫിഷറീസ് വകുപ്പിനായി ഭീമമായ തുക നീക്കി വയ്ക്കപ്പെടുന്നുണ്ട്. എന്നാൽ, നീക്കിവെക്കുന്ന തുകയിൽ നിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ ഉള്ള തിരുവനന്തപുരം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എത്ര തുകയാണ് വിനിയോഗിക്കപ്പെടുന്നത്?**



നീക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും

4) സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി എട്ടുമണിക്കൂർ വീതം മൂന്ന് ഷിഫ്റ്റിൽ പത്തുവീതം ഡൈവിങ് വിദഗ്ധരെ മുതലപ്പൊഴിയിൽ നിയമിക്കാനും തീരുമാനിച്ചു.

24 മണിക്കൂറിൽ 30 പേർ എന്ന കണക്കിലാണ് നിയമനം. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട ആളുകളെത്തന്നെയാണ് ഇതിനായി നിയോഗിക്കുക.

5)അപടമുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിനായി മൂന്ന് ബോട്ടുകൾ, കരയിൽ ആംബുലൻസ് സർവീസ് എന്നിവ അനുവദിക്കും.

6)ആറ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യും. മുതലപ്പൊഴിയിലേക്കുള്ള വഴിനിർമാണവും നടത്തും. ഇക്കാര്യങ്ങൾ അദാനി ഗ്രൂപ്പുമായി ചർച്ച ചെയ്തെന്നും അവർ ഉറപ്പു നൽകിയതായും മന്ത്രി അറിയിച്ചു.

7) പ്രദേശത്ത് സ്ഥിരമായി സാൻഡ് ബൈപാസിങ് (കടലിൽ ഒലിച്ചു പോകുന്ന മണ്ണ് ശാസ്ത്രീയമായി അതേ സ്ഥലത്ത് തിരികെ എത്തിക്കുന്ന പ്രക്രിയ) തുടങ്ങാൻ ഇവരുമായി നടത്തിയ ചർച്ചയിലൂടെ തീരുമാനിച്ചിട്ടുണ്ട്.

മുതലപ്പൊഴിയിൽ അപകടത്തിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും മന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചു. കൂടാതെ മത്സ്യത്തൊഴിലാളികൾ മുന്നോട്ടുവെച്ച വിവിധ നിർദേശങ്ങൾ പരിഗണിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. മന്ത്രിമാരായ സജി ചെറിയാൻ, വി. ശിവൻകുട്ടി, ആന്റണി രാജു, ജി.ആർ. അനിൽ, അഹമ്മദ് ദേവർകോവിൽ എന്നിവരാണ് ചർച്ചകൾക്ക് നേതൃത്വം നൽകിയത്.

സി.ഡബ്ല്യൂ.പി.ആർ.എസിന്റെ മുതലപ്പൊഴിയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് ഡിസംബറിൽ ലഭിക്കുമെന്നും അതടിസ്ഥാനത്തിൽ നിർമാണത്തിലെ അപാകതയാണ് അപകടങ്ങൾക്ക് കാരണമെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും സജി ചെറിയാൻ വ്യക്തമാക്കി.

മരണപ്പൊഴിയിലെ അപകടങ്ങൾ ജീവനെടുത്തപ്പോഴെല്ലാം ജനരോഷം തണുപ്പിക്കാൻ പഠനസമിതികളെ നിയോഗിക്കുകയായിരുന്നു വിവിധ സർക്കാരുകൾ പ്രയോഗിച്ച തന്ത്രം. പുണെ ആസ്ഥാനമായുള്ള CWPRS ന്റെ മാതൃകാപഠനത്തെ അടിസ്ഥാനപെടുത്തിയാണ് മുതലപ്പൊഴി തുറമുഖം നിർമിച്ചതെന്നാണ് ഫിഷറീസ് മന്ത്രിയായിരുന്ന ജെ മേഴ്സിക്കുട്ടിയമ്മ നിയസഭയിൽ നല്കിയ മറുപടി. നിർമാണത്തിൽ അപാകതകളുണ്ടെന്ന ആക്ഷേപം ഉയർന്നു തുടങ്ങിയപ്പോൾ 2011 ൽ അതേ സി ഡബ്ള്യു പി ആർ എസിനെത്തന്നെയാണ് പഠിക്കാൻ നിയോഗിച്ചതും.

2016 ലും 2018ലും ഇതേ സ്ഥാപനത്തെ തന്നെ പഠനത്തിന് നിയോഗിച്ചു. വിഴിഞ്ഞം അതിജീവന സമരത്തിൻെറ ഭാഗമായുള്ള ആവശ്യത്തേത്തുടർന്ന് 2022ൽ പഠന ചുമതല നല്കുമെന്നു പറഞ്ഞതും ഇതേ സ്ഥാപനത്തിന് തന്നെയെന്നതാണ് ശ്രദ്ധേയം. ഹാർബറിന്റെ തെക്കുഭാഗത്ത് തീരം കൂടുതൽ വയ്ക്കുകയും വടക്ക് ഭാഗത്ത് തീരശോഷണം സംഭവിക്കുന്നതായും 2011ൽ CWPRS റിപ്പോർട്ട് നല്കി. തെക്ക് ഭാഗത്ത് അധികമായി നിക്ഷേപിക്കുന്ന മണൽ വടക്ക് ഭാഗത്ത് മാറ്റിയിടണമെന്ന് നിർദേശിച്ചെങ്കിലും ഒന്നും നടന്നില്ല. ഹാർബറിന്റെ ഡിസൈൻ മാറ്റാൻ നിർദേശിച്ചു. ചെന്നൈ ഐഐടി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി , സംസ്ഥാന സർക്കാരിന്റെ ഹാർബർ എൻജിനീറിങ് വിഭാഗം തുടങ്ങിയവയും മുതലപ്പൊഴിയിൽ പഠനം നടത്തി. പഠനങ്ങൾ നടത്തിയ ശേഷം പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വീണ്ടും വീണ്ടും പഠനങ്ങൾ നടത്തിയിട്ട് എന്ത് പ്രയോജനം? ആരുടെ കണ്ണിൽ പൊടിയിടാനാണ് മന്ത്രിമാരുടെ ഇത്തരത്തിലുള്ള പ്രസ്താവനകൾ?

## സുരക്ഷിതമായ മത്സ്യബന്ധനം മത്സ്യത്തൊഴിലാളിയുടെ ജന്മാവകാശം

മുതലപ്പൊഴി വിഷയത്തിൽ വിദഗ്ധസമിതിയെ കൊണ്ട് പഠനം നടത്തി അശാസ്ത്രീയത പരിഹരിച്ച് സുരക്ഷിതമായി മത്സ്യബന്ധനത്തിന് യോഗ്യമാക്കും എന്ന് പറയുമ്പോഴും വിദഗ്ധരായ മത്സ്യത്തൊഴിലാളികൾ മുന്നോട്ടു വയ്ക്കുന്ന ചില നിർദ്ദേശങ്ങളുണ്ട്.

ഏറ്റവും പ്രധാനമായി പുലിമുട്ടുകളുടെ നീളം കൂട്ടുകയും മൗത്തിന്റെ ഭാഗത്ത് വീതി കൂട്ടേണ്ടതും വളരെ അത്യാവശ്യമാണ്. സാധാരണഗതിയിൽ പുലിമുട്ട് നിർമ്മിച്ച് ആറു വർഷമാകുമ്പോൾ തുറമുഖ കവാടത്തിൽ മണൽ അടിഞ്ഞ് അവിടെ മണൽതിട്ട രൂപപ്പെടുംഎന്ന് വിദഗ്ധർ പറയുന്നു. ഇത് സംഭവിക്കാതിരിക്കണമെങ്കിൽ ആദ്യവർഷം മുതൽ നിരന്തരം അടിയുന്ന മണ്ണ് ഇടത്തുനിന്നും മാറ്റി വലതുവശത്തേക്ക് മാറ്റേണ്ടതിന്റെ ആവശ്യമുണ്ട്.ഇതിനെ സാന്റ് ബൈപാസിങ് എന്ന് പറയുന്നു. സാന്റ് ബൈപാസിങ് കുറച്ച് ചിലവുള്ള പ്രക്രിയയാണെങ്കിലും എത്ര ചെലവായാലും സാൻ ബൈപ്പാസിങ് ചെയ്യാം എന്നാണ് നിലവിലെ ഫിഷറീസ് വകുപ്പ് മന്ത്രി പറയുന്നത്. ഇത് ആത്മാർത്ഥമായി നടപ്പിൽ വരുത്തുകയാണെങ്കിൽ ഫലം കണ്ടേക്കാം.

മറ്റൊരു നിർദ്ദേശം വലതുഭാഗത്തുള്ള പുലിമുട്ടിന്റെ നീളം ഇടതുഭാഗത്തേതിനേക്കാൾ കുറഞ്ഞത് 50 മീറ്ററിൽ അധികം കൂട്ടുകയും തെക്ക്ഭാഗത്തേയ്ക്ക് തിരശ്ചീനമായി (ഹൊറിസോണ്ടലായി) നിർമ്മിച്ച് തിരയടി തടയുന്നതിനുള്ള സംരക്ഷണ ഭിത്തിയായി തെക്ക് ഭാഗത്തേയ്ക്ക് നീളത്തിൽ നിർമ്മിക്കണം. അങ്ങനെയാണെങ്കിൽ തിരമാലകൾ ഉള്ളിലേക്ക് കടക്കാതിരിക്കുകയും മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി മത്സ്യബന്ധനത്തിന് കടലിലേക്ക് പോകുന്നതിനും കരയിലേക്ക്, പ്രവേശിക്കുന്നതിനും സാധിക്കും.

ഇത്തരത്തിലുള്ള നിർദ്ദേശങ്ങളും പരിഹാരമാർഗങ്ങളും നിലനിൽക്കുമ്പോഴും ഈ നിർദ്ദേശങ്ങൾക്കോ, പരിഹാരമാർഗ്ഗങ്ങൾക്കോ, അധികാരികൾ തന്നെ നല്കുന്ന വാഗ്ദാനങ്ങൾക്ക് പോലുമോ യാതൊരു വിലയും കൽപ്പിക്കാതെ, മത്സ്യത്തൊഴിലാളികളുടെ ജീവന് യാതൊരു വിലയും കൽപ്പിക്കാതെ മത്സ്യ മേഖലയെ തന്നെ അവഗണിക്കുന്ന നിസ്സംഗ മനോഭാവവും ആയിട്ടാണ് കേരള സർക്കാർ മുന്നോട്ട് പോകുന്നത്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതമായ മത്സ്യബന്ധനത്തിന്



വഴിയൊരുക്കിയ വിവിധ സമരമുറകൾ ചെയ്യുമ്പോഴും അതൊന്നും കണ്ടില്ല കേട്ടില്ല എന്ന ഭാവത്തിൽ അവഗണനാ മനോഭാവമാണ് ജനാധിപത്യ സർക്കാർ പുലർത്തിപോരുന്നത്. മന്ത്രിമാർ നൽകിയ വാഗ്ദാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഇനി ഒരു അപകടമോ മരണമോ ഉണ്ടാകുന്നത് വരെ കാത്തിരിക്കരുത്. ദയവ് ചെയ്ത് ഇനിയൊരു മനുഷ്യജീവൻ കൂടി മുതലപ്പൊഴിയിൽ പൊലിയുവാൻ അനുവദിക്കരുതേ സർക്കാരേ എന്നാണ് ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ നിലവിളി

## സഭയും സമുദായവും മത്സ്യത്തൊഴിലാളികളും


എത്രനാൾ ഈ അവഗണന നമുക്ക് സഹിക്കാനാവും? ഇനിയും എത്ര കാലം പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹമായി നമുക്ക് തുടരാനാകും? നമുക്ക് വേണ്ടത് വാഗ്ദാനങ്ങൾ മാത്രമല്ല. നമുക്കായി പ്രഖ്യാപിക്കുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കിയെടുക്കാനുള്ള ആർജ്ജവമാണ്. ഒരു മുന്നണിയും ആത്മാർത്ഥമായി നമ്മെ സഹായിക്കുന്നതിനോ നമ്മുടെ അവകാശങ്ങൾ നേടിത്തരുന്നതിനോ മുന്നോട്ടു വരുന്നില്ല. ഭരണപക്ഷം നമ്മെ അവഗണിക്കുന്നത് പോലെ തന്നെ നമ്മുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുമായി സമരം ചെയ്ത് നേടി തരുവാൻ പ്രതിബദ്ധതയുള്ള ഒരു പ്രതിപക്ഷവും ഇല്ല. തെരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം നമ്മുടെ വോട്ട് തേടി വരുന്ന നേതാക്കൾ അറിഞ്ഞോ അറിയാതെയോ നാം ഇങ്ങനെ തന്നെ തുടരണം എന്ന് ആഗ്രഹിക്കുന്നുവോ?

ഓരോ വർഷവും പാസാക്കുന്ന ബഡ്ജറ്റിൽ ഫിഷറീസ് വകുപ്പിനായി ഭീമമായ തുക നീക്കി വയ്ക്കപ്പെടുന്നുണ്ട്. എന്നാൽ, നീക്കിവെക്കുന്ന തുകയിൽ നിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ ഉള്ള തിരുവനന്തപുരം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എത്ര തുകയാണ് വിനിയോഗിക്കപ്പെടുന്നത്?

## സമുദായവും സമുദായ സംഘടനയും

ഇവിടെയാണ് ഒരു സമുദായ ശക്തിയായി ലത്തീൻ സഭ ഉണരേണ്ടതിന്റെ ആവശ്യം നാം മനസ്സിലാക്കേണ്ടത്. സഭാ അംഗങ്ങൾക്ക് രാഷ്ട്രീയപ്രവർത്തനത്തിനും വിവിധ രാഷ്ട്രീയ പാർട്ടികളിൽ വിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം സഭ അനുവദിക്കുന്നു. രാഷ്ട്രീയ ഭേദമന്യേ, വിശ്വസിക്കുന്ന രാഷ്ട്രീയ കൊടികളുടെ നിറത്തിന് അതീതമായി ഒരു സമുദായമായി ഒന്നിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത വളരെയധികം അനിവാര്യമായിരിക്കുന്നു. കെഎൽസിഎയുടെ നിലവിലെ പ്രവർത്തനങ്ങളും നടപടികളും അഭിനന്ദനാർഹമാണ്. ജൂലൈ മാസം പത്താം തീയതി അപകടം ഉണ്ടായ ദിവസം പ്രാദേശികമായി പ്രതിഷേധ പരിപാടികൾ നടത്തുവാൻ ചില മത്സ്യത്തൊഴിലാളികൾ ശ്രമിച്ചു എങ്കിലും, നമ്മുടെ ഇടയിൽ നിന്നുതന്നെയുള്ള ചില പ്രാദേശിക രാഷ്ട്രീയക്കാർ ആ പ്രതിഷേധ പരിപാടികളെ തടയുന്ന കാഴ്ച വളരെയധികം വേദനയോടെയാണ് കണ്ടു നിന്നത്. വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടിക്കും ഭരിക്കുന്ന മുന്നണിയോടുള്ള പിന്തുണയ്ക്കും അതീതമായി സമുദായത്തിലെ അംഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഒരു സമുദായം എന്ന നിലയിൽ നമ്മൾ ഒരുമിച്ചുനിന്നേ മതിയാകൂ.

നമ്മുടെ സമൂഹത്തിലെ ഇതര സമുദായങ്ങളെ നോക്കിയാൽ കക്ഷി രാഷ്ട്രീയങ്ങൾക്ക് അതീതമായി സമുദായത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ആ സമുദായത്തിലെ അംഗങ്ങൾ ഒരുമിച്ചു നിൽക്കുന്നത് മാതൃകയാക്കാവുന്നതാണ്. തങ്ങൾ പിന്തുടരുന്ന പ്രത്യയശാസ്ത്രങ്ങൾക്കും തങ്ങൾ പിന്തുടരുന്ന നേതാക്കളുടെ വാക്കുകൾക്കും അതീതമായി സമുദായത്തെ വളർത്തുവാൻ സമുദായത്തെ നയിക്കുവാൻ രാഷ്ട്രീയത്തിനും അതീതമായി ചിന്തിക്കുന്ന മനോഭാവം ലത്തീൻ സഭയിലെ സമുദായ നേതാക്കൾ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ഇവിടെയാണ് കെഎൽസിയെ പോലുള്ള സമുദായ സംഘടനയുടെ പ്രസക്തി നാം തിരിച്ചറിയേണ്ടത്. സമുദായ അംഗങ്ങൾ ഏത് രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിച്ചാലും സമുദായ സംഘടന എന്ന നിലയിൽ സമുദായത്തിന്റെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിന് വേണ്ടി കെഎൽസിഎ എന്ന സംഘടനയുടെ കീഴിൽ എല്ലാ സമുദായ അംഗങ്ങളും അണിനിരക്കുകയും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്കും കൊടിയിലെ നിറങ്ങൾക്കും അതീതമായി കൈകോർത്തുനിന്നുകൊണ്ട് സമുദായ അംഗങ്ങളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും ഉയർച്ചയ്ക്കും വികസനത്തിനു വേണ്ടി ഒരുമിച്ച് കൈകോർത്ത് നിൽക്കുന്ന ഒരു കാലഘട്ടത്തിനായി നമുക്ക് പ്രത്യാശിക്കാം. ■


സെന്റ്. ജൂഡ്സ് ചർച്ച്
ആനയറ
വിശുദ്ധ യൂദാ തദേവൂസിന്റെ തിരുനാൾ
2023 ഒക്ടോബർ 25 മുതൽ 29 വരെ
ഏവർക്കും സ്വാഗതം


ഫാത്തിമ മാതാ ദൈവാലയം
ഫാത്തിമാപുരം
ഇടവക മദ്ധ്യസ്ഥ
തിരുനാൾ
2023 ഒക്ടോബർ 06 വെള്ളി
മുതൽ 15 ഞായർ വരെ


വിശുദ്ധ യൂദാ തദ്ദേവൂസിന്റെ തിരുനാൾ
കാച്ചാണി ഇടവക
2023 ഒക്ടോബർ 26 മുതൽ 29 വരെ


ഫാത്തിമ മാതാ ദൈവാലയം
കുടപ്പനക്കുന്ന്
പരിശുദ്ധ
ഫാത്തിമ മാതാവിന്റെ
തിരുനാൾ മഹോത്സവം
2023 ഒക്ടോബർ 08 ഞായർ മുതൽ 15 ഞായർ വരെ






ജറാഡ് മൗറല്ലിയോസ്

# ഒരു ശരാശരി ക്രിസ്ത്യാനി പയ്യന്റെ വേവലാതികൾ



ഡോ. സീന ഫെലിക്സ്

**ജീ**വിതം ഒരു സമസ്യയാണ്. നാം തീരുമാനിക്കുന്നതൊന്നുമായിരിക്കില്ല നടക്കാൻ പോകുന്നത്. ജീവിതവഴിത്താരയിൽ ഒരർഥത്തിൽ നാമെല്ലാം ഏകാന്തപഥികർ തന്നെയാണ്. വരുന്നതും പോകുന്നതും കാലം കാത്തുവച്ച മാത്രകളിൽ. ജീവിതം പകർന്നുതരുന്ന കൊച്ചുകൊച്ചു സന്തോഷങ്ങളും പ്രതീക്ഷിക്കാത്ത വഴിത്തിരിവുകളും ഹൃദയത്തിൽ സംവഹിക്കപ്പെടുമ്പോഴാണ് ജീവിതം അർത്ഥപൂർണമാകുന്നത്. ശ്രീ. ജെറാഡ് മൗറല്ലിയോസ് ഒരു ശരാശരി ക്രിസ്ത്യാനി പയ്യന്റെ വേവലാതികൾ' എന്ന തന്റെ അനുഭവക്കുറിപ്പുകളിലൂടെ ജന്മനാടായ 'കുമ്പളം' ഗ്രാമത്തിലൂടെ നടന്ന് ചിരിയും ചിന്തയും ചില നൊമ്പരങ്ങളും കൂടിക്കലർത്തിവെച്ചിരിക്കുന്ന ഓർമ്മച്ചെപ്പ് തുറന്നുതരുന്നു. ഒരു ഗ്രാമീണ മനസ്സിന്റെ ഗൃഹാതുരത നിറഞ്ഞുനിൽക്കുന്ന ഈ കൃതി കുമ്പളം ഗ്രാമത്തെ വായനക്കാരുടെ മനസ്സിൽ ആർദ്രതയോടെ കടത്തിവിടുന്നു. അതോടൊപ്പം തിരുവനന്തപുരത്തേക്ക് പറിച്ചുനടപ്പെട്ട തന്റെ കർമ്മമേഖലകളിലൂടെ സരസമായി കടന്നുപോകുമ്പോഴും നഗ്നമായ ചില സത്യങ്ങൾ നമ്മെ പിടിച്ചുലയ്ക്കുന്നു.

കുമ്പളം ഗ്രാമത്തിൽ വളർന്ന കുരുത്തംകെട്ടവൻ കാട്ടിക്കൂട്ടിയ വികൃതികൾ ചിരിയമൃതായിത്തീരുന്നു. കുരുത്തംകെട്ടവൻ എന്ന വിളിയിൽപോലും ഒരു സ്നേഹമുണ്ട്. സ്കൂൾ മാറ്റം വരുത്തുന്ന ഭാവവ്യത്യാസങ്ങളും കോളേജ് പഠനകാലത്തെ ഇണക്കങ്ങളും പിണക്കങ്ങളും കാമ്പസ് സൗഹൃദങ്ങളും ആരിലും ഗൃഹാതുരത ഉണർത്തും.

എസ്തപ്പാൻ സാറിന്റെ ജീവിതാവ

ലോകനത്തിലൂടെ വരാനിരിക്കുന്ന കാലം നമ്മുടെ കയ്യിലല്ല, ദൈവത്തിന്റെ കയ്യൊപ്പ് കൂടി ഉണ്ടായാലേ മതിയാകൂ എന്നുറപ്പിക്കുന്നു. മനസ്സിനുള്ളിൽ എരിയുന്ന തെരിപ്പോടുകൾ ജീവിച്ചിരുന്ന കഥാപാത്രങ്ങളിലൂടെ വായനക്കാരന് ദൃശ്യവിരുന്നൊരുക്കുന്നു. അമ്മ ഏതൊരാൾക്കും വിലപ്പെട്ട മുത്താണ്. അമ്മയുടെ ദൃഢനിശ്ചയം ഒന്നുകൊണ്ടുമാത്രം രക്ഷപ്പെട്ട തന്റെ കുടുംബത്തെയും ഒപ്പം സഹോദരന്റെ പിതൃതുല്യമായ സ്നേഹത്തെയും കുറിച്ചെഴുതുമ്പോൾ നാമും ബന്ധങ്ങളുടെ ആഴം മനസ്സിലാക്കുന്നു.

ജീവിതാനുഭവം ഉള്ളവനേ യഥാർത്ഥ ജീവിതസത്ത തിരിച്ചറിയാൻ കഴിയൂ എന്ന തത്വം ഗ്രന്ഥകാരൻ തന്റെ കർമ്മമേഖലയിലൂടെ കടന്നുപോകുമ്പോൾ നമുക്ക് ബോധ്യമാക്കിതരുന്നു. ഫിഷറീസ് ഓഫീസർ ആയിട്ടുള്ള കർമ്മമേഖലയിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളും അനാചാരങ്ങളുമൊക്കെ തമാശരൂപേണ പങ്കുവയ്ക്കുന്നെങ്കിലും ഒരു കനലെരിയുന്ന അനുഭവം അതിനിടയിലുണ്ട്. രാഷ്ട്രീയ ഇടപെടലുകളും സർക്കാർ ജോലിക്കാരുടെ മനംമടുപ്പിക്കുന്ന കാഴ്ചകളും ഭംഗിയായി അനാവരണം ചെയ്യുന്നുണ്ട്. വനിതാ കമ്മിഷനിൽ സീനിയർ സൂപ്രണ്ടായിരിക്കുമ്പോൾ തനിക്കുണ്ടായ അനുഭവങ്ങൾ – സ്ത്രീകൾ നേരിടുന്ന നീണ്ട വ്യഥകളുടെ കൂമ്പാരവും വാർധക്യത്തിന്റെ നീറുന്ന പ്രശ്നങ്ങളും ഉള്ളുലയ്ക്കുന്ന വേദനയോടെ വായിച്ചുപോകാൻ കഴിയൂ. അയൽപക്കത്തെ മുത്തശ്ശിയും ചന്ദ്രലേഖയും ഓരോ കഥാപാത്രങ്ങളും നമ്മുടെ മനസ്സിനെ വല്ലാതെ ആർദ്രമാക്കും. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം ഓഫീസിലെത്തിയ അനുഭവങ്ങൾ ആരെയും ഒന്നിരുത്തി ചിന്തിപ്പിക്കും. അങ്ങനെ ജീവിതത്തിന്റെ വലിയൊരുഭാഗം കഴിച്ചുകൂട്ടിയ തിരുവനന്തപുരത്തിന്റെ നാഗരികതയിലേക്ക് മനസ്സുറയ്ക്കാത്ത ഈ എഴുത്തുകാരന്റെ കൃതി വായനാസുഖം നൽകുന്നതും; സുഖദുഃഖസമ്മിശ്രമാണ് ജീവിതം എന്ന് നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു. അദ്ദേഹം പറയുന്നതുപോലെ കൊറോണക്കാലം നമ്മെ പഠിപ്പിച്ച ഒരു പാഠമുണ്ട്. എല്ലാം തന്റെ കാൽക്കീഴിലൂടെ മാത്രമേ കടന്നുപോകുകയുള്ളൂ എന്ന് അഹങ്കരിക്കുന്നവർക്ക് ഞാനില്ലെങ്കിലും ഈ ലോകം – നമ്മുടെ വീടും – കടന്നുപോകും. ബോബിജോസ് അച്ചൻ അഭിപ്രായപ്പട്ടതുപോലെ 'ഒറ്റ സ്നാപ്പിൽ ഒരു ആൽബം തെളിയുകയാണ്' എല്ലാവരും ഈ പുസ്തകം തുറന്നുകാണുക. ■

# ലോഗോസ് മൊബൈൽ ഗെയിം ആപ്പ് 2023

# വിജയികളെ പ്രഖ്യാപിച്ചു

**ഈ** വർഷത്തെ ലോഗോസ് മൊബൈൽ ഗെയിം ആപ്പിന്റെ വിജയികളെ പ്രഖ്യാപിച്ചു. അതിരൂപത മീഡിയകമ്മിഷന്റെ നേതൃത്വത്തിൽ ഏഴാം വർഷം പുറത്തിറക്കിയ ആപ്പിൽ മലയാളം/ ഇംഗ്ളീഷ് വിഭാഗങ്ങളിലായി, 53 രൂപതകളിൽ നിന്നായി 5000 ത്തിലധികം പേരാണ് കളിച്ചത്.

മലയാളം വിഭാഗത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പരുത്തിയൂർ ഇടവകയിലെ ശ്രീമതി ഡോണാ ബോസ് ഒന്നാം സ്ഥാനവും ശ്രീമതി ലതാ സജു രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മൂന്നാം സ്ഥാനം തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെതന്നെ കുമാരപുരം ഇടവകാംഗം എൽസി ഡേവിഡിനാണ്. ഇംഗ്ളീഷ് വിഭാഗത്തിൽ ഒന്നാം സ്ഥാനം തെലങ്കാന ഷംഷാബാദ് രൂപതയിലെ ശ്രീ. വിൻസന്റ് എം. എ കരസ്ഥമാക്കി. രണ്ടാം സ്ഥാനം തൃശൂർ രൂപതാംഗം തലയോലപറമ്പിൽ ഹണി സണ്ണിക്കും മൂന്നാം സ്ഥാനം ഇരിഞ്ഞാലക്കുട രൂപതാംഗം ശ്രീമതി ഹിമ മേരി സെബസ്റ്റ്യനുമാണ്.

## ബാക്കി സ്ഥാനങ്ങളിലെത്തിയവർ

**മലയാളം വിഭാഗം**

4) ശ്രീമതി കെസ്സിയ മാർഗ്രറ്റ് > കോട്ടപ്പുറം രൂപത
5) ശ്രീ. ജോൺ ജോർജ്ജ് മൊണ്ടേറോ > വരാപുഴ അതിരൂപത
6) ശ്രീമതി ബിജുല ജോൺസൺ മേബിൾ > തിരുവനന്തപുരം അതിരൂപത
7) ശ്രീ. ഷെറി മാനുവൽ > കൊച്ചി രൂപത
8) ശ്രീ. ജോസഫ് സെബാസ്റ്റ്യൻ > കൊച്ചി രൂപത
9) ശ്രീമതി ദീപ്തി ജോൺ > കോതമംഗലം രൂപത
10) ശ്രീമതി മെറിൻ ബിനു > ഫരീദബാദ് രൂപത, ഡൽഹി

**ഇംഗ്ലീഷ് വിഭാഗം**

4) ശ്രീമതി ജെസ്ലിൻ ജോസ് > ഷംഷാബാദ് രൂപത, തെലുങ്കാന
5) ശ്രീമതി മീര ജോയി > മാണ്ഡ്യ രൂപത, കർണ്ണാടക
6) ശ്രീ. സ്നെഹൽ സജു > മാണ്ഡ്യ രൂപത, കർണ്ണാടക
7) ശ്രീമതി ജുവാന > മാണ്ഡ്യ രൂപത, കർണ്ണാടക
8) ശ്രീ. സണ്ണി ലോനപ്പൻ > തൃശൂർ രൂപത
9) ശ്രീമതി എലിസബത്ത് ഫ്രാൻസിസ്സ് > എറണകുളം അങ്കമാലി രൂപത
10) ശ്രീമതി സുനിത > മാണ്ഡ്യ രൂപത, കർണ്ണാടക



# രണ്ടുടലുകൾ

മുഖത്തോടു മുഖം രണ്ടുടലുകൾ
ചിലനേരമവ രണ്ടു തിരകൾ
രാത്രി ഒരു പെരുംകടലും.

മുഖത്തോടു മുഖം രണ്ടുടലുകൾ
ചിലനേരമവ രണ്ടു കല്ലുകൾ
രാത്രി ഒരു മണല്ക്കാടും.

മുഖത്തോടു മുഖം രണ്ടുടലുകൾ
ചിലനേരമവ രണ്ടു വേരുകൾ
രാത്രിയോടു പിണഞ്ഞവ.

മുഖത്തോടു മുഖം രണ്ടുടലുകൾ
ചിലനേരമവ രണ്ടു കഠാരകൾ
രാത്രി തീപ്പൊരി ചിതറുന്നതും.

മുഖത്തോടു മുഖം രണ്ടുടലുകൾ
ഒഴിഞ്ഞ മാനത്തേക്കു പതിക്കുന്ന
രണ്ടു നക്ഷത്രങ്ങളാണവ

*പരിഭാഷ :* **ജോയിഷ് ജോസ്**

*(ഒക്റ്റാവിയോ പാസ് : മെക്സിക്കൻ കവി. ഇരുപതാം നൂറ്റാണ്ടിലെ ലാറ്റിൻ അമേരിക്കൻ എഴുത്തുകാരിൽ പ്രധാനി. ധൈഷണികതയും മാനവികതയും ഒന്നുചേർന്ന എഴുത്ത്. 1990ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.)*



**ഒക്റ്റാവിയോ പാസ്**

## അനുസ്മരണം



### അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും ദിനത്തിൽ

# വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് സ്കലബ്രിനിയെ

### ഓർക്കുമ്പോൾ...

**ഫ്രാ**ൻസിസ് പാപ്പായുടെ പ്രത്യേക നിർദ്ദേശപ്രകാരം, ഇക്കഴിഞ്ഞ മാസം 24-ാം തിയ്യതി 109-ാമത് ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിനമായി പ്രത്യേകം ആചരിക്കയുണ്ടായല്ലോ. സമകാലിക കുടിയേറ്റ പ്രശ്നങ്ങൾ ഉയർത്തുന്ന വെല്ലുവിളികളോടുള്ള പ്രതികരണം എന്ന നിലയിൽ ഇറ്റാലിയൻ എപ്പിസ്കോപ്പൽ കോൺഫറൻസ് മുന്നോട്ടു വച്ച ആശയമാണ് 'നാടുവിടാനും സ്വാതന്ത്ര്യം വന്ന് പാർക്കാനും സ്വാതന്ത്ര്യം' (Free to leave and Free to stay). ഇതേ ആശയം മുൻനിർത്തി തിരുവനന്തപുരം അതിരൂപതയിലും നിരവധി കൂടിവരവുകളും പ്രവാസിക്ഷേമ പ്രവർത്തനങ്ങളും നടന്നു.

നമ്മുടെ കാലഘട്ടത്തിൽ അഭയാർത്ഥി കുടിയേറ്റ പ്രവാഹങ്ങൾ അതി സങ്കീർണ്ണമായ പ്രതിഭാസത്തിന്റെ ഫലമാണ്. ആഭ്യന്തര കലഹങ്ങൾ, യുദ്ധങ്ങൾ, കാലാവസ്ഥ മാറ്റങ്ങൾ, പ്രകൃതിദുരന്തങ്ങൾ, ക്ഷാമം തുടങ്ങി കുടിയേറ്റം നിർബന്ധിതമാക്കുന്ന നിരവധി കാരണങ്ങളുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ ഒരു നൂറ്റാണ്ട് മുൻപ്, അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും ആവശ്യങ്ങളും, അവകാശങ്ങളും തിരിച്ചറിഞ്ഞ അവരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് സ്കലബ്രിനിയുടെ ജീവിതവും ആശയങ്ങളും പ്രസക്തമാണ്.

അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും സംരക്ഷണവും കരുതലും നൽകിയ മഹത്തായ ക്രിസ്തു സാക്ഷിയായിരുന്നു വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് സ്കലബ്രീനി. 2022 ഒക്ടോബർ ഒൻപതാം തീയതി വത്തിക്കാനിലെ സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ ഫ്രാൻസിസ് പാപ്പ വാഴ്ത്തപ്പെട്ട സ്കലബ്രീനിയെ വിശുദ്ധ ഗണത്തിലേക്ക് ഉയർത്തി 'അഭയാർത്ഥികളുടെ അപ്പോസ്തലൻ' എന്നുവിശേഷിപ്പിച്ചപ്പോൾ ലോകജനതയ്ക്ക് അത് ഒരു അത്ഭുതമായി തോന്നിയില്ല. ജനിച്ചു വളർന്ന നാടും ദേശവും വിട്ട് ഇറ്റലിയിലേക്ക് കുടിയേ

റിയ ജനതയെ അമ്മ വാത്സല്യത്തോടെ, കുടുംബാംഗത്തെപ്പോലെ ബിഷപ്പ് സ്കലബ്രിനി സ്വീകരിച്ചു. പ്രാണരക്ഷാർത്ഥവും ഉപജീവനവും തേടി മാതൃരാജ്യത്തിൽ നിന്നും പലായനം ചെയ്യുന്ന ജനത്തെ അന്ന് സ്വീകരിച്ചപ്പോൾ അത് തലമുറകൾക്ക് ഇപ്പുറവും ലോകത്തിന് അനുകരണീയമായ മാതൃകയായി മാറുന്നു.

ജോൺ ബാപ്റ്റിസ്റ്റ് 1839 ജൂലൈ 8 ന് വടക്കൻ ഇറ്റലിയിലെ കോമോ പ്രവിശ്യയിലെ ഒരു ഗ്രാമത്തിൽ എട്ട് കുട്ടികളിൽ മൂന്നാമനായി ജനിച്ചു. പ്രൈമറി സ്കൂളിനുശേഷം അദ്ദേഹം കോമോ രൂപതാ സെമിനാരിയിൽ പ്രവേശിച്ചു. പഠനം പൂർത്തിയാക്കിയ ശേഷം, 1863ൽ വൈദികനായി, മൈനർ സെമിനാരി റെക്ടറായി. 1870 ൽ കോമോയുടെ വ്യാവസായിക പ്രാന്തപ്രദേശത്തുള്ള ചർച്ച് ഓഫ് സാൻ ബെർട്ടലോമിയോയിലെ ഇടവക വികാരിയായി നിയമിതനായി, അവിടെ ജീവിച്ച കാലഘട്ടത്തിൽ ടെക്സ്റ്റൈൽ തൊഴിലാളികളുടെയും തൊഴിലില്ലാത്തവരുടെയും വികലാംഗരുടെയും അവസ്ഥയെക്കുറിച്ച് അദ്ദേഹം മനസ്സിലാക്കി. 1876ൽ, അദ്ദേഹത്തിന് 36 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ, പിയോ ഒൻപതാമൻ പാപ്പാ അദ്ദേഹത്തെ ഇറ്റലിയിലെ പിയാചെൻസയിലെ ബിഷപ്പായി നിയമിച്ചു.

ഒരു ബിഷപ്പ് എന്ന നിലയിൽ, വിശുദ്ധ ചാൾസ് ബോറോമിയോയെ അദ്ദേഹം തന്റെ മാതൃകയായി തിരഞ്ഞെടുത്തു. ആത്മീയ അഭ്യാസങ്ങളുടെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം തന്റെ വൈദികരെ തുടർച്ചയായി ഓർമ്മിപ്പിച്ചു. തന്റെ രൂപതയുടെ 365 ഇടവകകൾ അദ്ദേഹം അഞ്ച് തവണ സന്ദർശിച്ചു, അതിൽ 200 എണ്ണം മലമുകളിലെ ദുർഘട പ്രദേശങ്ങളിലുമായിരുന്നു.

ഇടവകകളിൽ പരിശുദ്ധ കുർബാനയുടെയും കൂദാശകളുടെയും പ്രാധാന്യവും സഭ ഐക്യത്തിൽ ജീവിക്കേണ്ടതിന്റെ ആവശ്യകതയും ഓർമ്മിപ്പിച്ചും, സഭാ നവീകരണത്തിനായും മൂന്ന് രൂപത സിനഡുകൾ ബിഷപ്പ് സ്കലബ്രിനി വിളിച്ചുകൂട്ടി. ദരിദ്രർക്കായി സ്വയം സമർപ്പിച്ചു. പ്രത്യേകിച്ച് 1879–1880 ലെ ക്ഷാമകാലത്ത്, പാപ്പാ സമ്മാനമായി നൽകിയ കാസയും, വിശുദ്ധ പാത്രങ്ങളും കുതിരകളും വിറ്റു ജനങ്ങൾക്ക് നൽകി. ഒരു ബധിരനെ കണ്ടപ്പോൾ അവന്റെ ആവശ്യങ്ങൾ മനസ്സിലാക്കി മ്യൂട്ട്സ് ഇൻസ്റ്റിറ്റ്യൂട്ടും (1879) നെൽകർഷകർക്ക് വേണ്ടി അസോസിയേഷനും ആരംഭിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കുടിയേറ്റത്തിന്റെ സങ്കീർണ്ണ സാഹചര്യം തിരിച്ചറിഞ്ഞത് അദ്ദേഹത്തിന്റെ ജീവിത കാഴ്ചപ്പാടുകളെ മറ്റിമറിച്ചു. തുടർന്ന് കുടിയേറ്റത്തിന്റെ കാരണങ്ങൾ പഠിച്ചു. ഇക്കാര്യത്തിൽ ഇറ്റാലിയൻ ഗവൺമെന്റിന്റെയും സിവിൽ സൊസൈറ്റിയുടെയും ഇടപെടൽ അഭ്യർത്ഥിക്കാൻ നിരവധി കോൺഫറൻസുകൾ നടത്തി. കുടിയേറ്റ നിയമനിർമ്മാണത്തിനായും, നിയമനവീകരണത്തിനായും പ്രവർത്തിച്ചു.

കുടിയേറ്റക്കാർക്കുള്ള സാമൂഹികവും മതപരവുമായ ആവശ്യങ്ങളിൽ സഹായിക്കാൻ, അദ്ദേഹം കോൺഗ്രിഗേഷൻ ഓഫ് ദി മിഷനറീസ് ഓഫ് സെന്റ് ചാൾസ് (1887), മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് ചാൾസ് ബോറോമിയോ (1895) എന്നീ സംഘടനകളും സൊസൈറ്റി ഓഫ് സാൻ റാഫേൽ (1889) എന്ന അല്മായ അസോസിയേഷനും സ്ഥാപിച്ചു. അവർ കുടിയേറിയവരുടെ സംരക്ഷകരായി തുറമുഖങ്ങളിൽ പ്രവർത്തിച്ചു. കൂടാതെ, എല്ലാ കുടിയേറ്റക്കാരുടെയും സംരക്ഷണത്തിനായി വിശുദ്ധ സിംഹാസനത്തിന്റെ ഒരു സെൻട്രൽ കമ്മീഷൻ സ്ഥാപിക്കാൻ അദ്ദേഹം പാപ്പയോട് ശുപാർശ ചെയ്തു. അപ്പോസ്തോലിക തീക്ഷ്ണതയോടെ, വിദൂര ദേശങ്ങളിലെ മിഷനറിമാരെ ബ്രസീലിലെയും, അമേരിക്കൻ വൻകരയിലെയും കുടിയേറ്റക്കാരെയും മിഷനറിമാരെയും സന്ദർശിച്ചു.

തന്നെ ഭരമേല്പിച്ച ജനങ്ങളുടെയും കുടിയേറ്റക്കാരുടെയും ഇടയനെന്ന നിലയിൽ അസാധാരണമായ തീഷ്ണതയോടെയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. ദൈവത്തിനു പൂർണമായി സമർപ്പിക്കപ്പെട്ട ഒരു ആത്മാവിന്റെ അടയാളമായിരുന്നു അത്. വിശുദ്ധ കുർബാനയിൽ നിന്നും ശക്തി കണ്ടെത്തി ഓരോ ദിവസത്തെയും കുരിശ് എങ്ങനെ സ്വീകരിക്കണമെന്ന് അദ്ദേഹം കാട്ടിത്തന്നു. 1905 ജൂൺ 1 ന് അദ്ദേഹം ഈ ലോകത്തിലെ തന്റെ പ്രവാസ ജീവിതം അവസാനിപ്പിച്ച് സ്വന്തം ഭവനത്തിലേക്ക് മടങ്ങി.

കാനോനിക്കൽ പ്രക്രിയയ്ക്ക് ശേഷം, ജോൺ പോൾ രണ്ടാമൻ പാപ്പ 1997 നവംബർ 9ന് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 'സ്കലബ്രിനിയൻ വർഷത്തിൽ' (2021 2022), സ്കലബ്രിനിയൻ കുടുംബം വാഴ്ത്തപ്പെട്ട സ്ഥാപകനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ശക്തമാക്കി, കഴിഞ്ഞ ഒക്ടോബർ 9ന് വിശുദ്ധനായി പ്രഖ്യാപിച്ചു.

വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് സ്കലബ്രിനി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ! ■



*തിരുവനന്തപുരം രൂപതയിലെ ഇടവകകളിൽ അഭയാർത്ഥി പ്രവാസി ദിനം ആചരിച്ചപ്പോൾ*




## തൊഴിലാളികൾ 'സ്പെയർ പാർട്ടുകൾ' അല്ല; ജോലിസ്ഥലത്ത് സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് തൊഴിലുടമയുടെ പ്രാഥമിക കടമ: ഫ്രാൻസിസ് പാപ്പ



ജോലിസ്ഥലത്ത് സുരക്ഷിതത്വം ഉറപ്പാക്കുക എന്നത് തൊഴിലുടമയുടെ 'പ്രാഥമിക കടമ' യാണെന്ന് ഫ്രാൻസിസ് പാപ്പ. സംരംഭകരോ നിയമനിർമ്മാതാക്കളോ തൊഴിലാളികളുടെ സുരക്ഷിതത്വത്തിൽ ശ്രദ്ധ ചെലുത്തുന്നതിനു പകരം, ചില ചെറിയ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മറവിൽ മനസ്സാക്ഷി വെടിപ്പാക്കാൻ വേണ്ടി മാത്രം താൽപര്യപ്പെടുന്നതിനോട് പാപ്പ വിയോജിപ്പ് പ്രകടിപ്പിച്ചു.

ചില തൊഴിലുടമകൾ തൊഴിലാളികളെ സ്പെയർ പാർട്ടുകൾ പോലെയാണ് പരിഗണിക്കുന്നത് എന്ന് പാപ്പ ചൂണ്ടിക്കാട്ടി. സാമ്പത്തിക താൽപര്യത്തെക്കാളുപരിയായി, ഓരോ വ്യക്തിയും സമൂഹത്തിന് വിലപ്പെട്ടതാണെന്ന അവബോധം ഓരോ തൊഴിലുടമയ്ക്കും ഉണ്ടാകണം. ആരെങ്കിലും വൈകല്യമോ പരിമിതികളോ ഉള്ളവരായി മാറിയാൽ അത് മുഴുവൻ സാമൂഹിക ഘടനയെയും ബാധിക്കുമെന്ന് പാപ്പ അടിവരയിട്ടു പറഞ്ഞു. പരിശുദ്ധ പിതാവ് തൊഴിലാളികൾക്കൊപ്പമുള്ള തന്റെ കൂടികാഴ്ചയ്ക്കിടെയാണ് പരിശുദ്ധ കന്യകാമറിയത്തിന്റെയും തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെയും മാധ്യസ്ഥത്തിന് തൊഴിലാളികളെ ഭരമേൽപ്പിച്ച് കൊണ്ട് ഇപ്രാകാരം പറഞ്ഞത്.

## 'ബൈബിൾ: അറുപത് മനുഷ്യർ' ഫാ. സ്റ്റീഫൻ എം.റ്റി.യുടെ ഷഷ്ടിപൂർത്തിയിൽ പുസ്തകം പ്രകാശനം ചെയ്തു

ഷഷ്ടിപൂർത്തിയാഘോഷത്തോടനുബന്ധിച്ച് ഫാ. സ്റ്റീഫൻ എം. റ്റി. രചിച്ച 'ബൈബിൾ: അറുപത് മനുഷ്യർ' എന്ന പുസ്തകം അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് പ്രകാശനം ചെയ്തു. ചെറിയതുറ ഇടവകയിൽ ഫാ. സന്തോഷ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ക്രിസ്തുദാസ് പിതാവിൽ നിന്നും പുസ്തകത്തിന്റെ ആദ്യപ്രതി റവ. ഫാ. ഹൈസിന്ത് എം. നായകം ഏറ്റുവാങ്ങി. പഴയ നിയമത്തിലെ ആദം മുതൽ പുതിയ നിയമത്തിലെ വിശുദ്ധ പത്രോസ് വരെയുള്ള ബൈബിളിലെ 60 വ്യക്തികളെക്കുറിച്ചുള്ള വിവരണമാണ് പുസ്തകത്തിലുള്ളത്. ഗ്രന്ഥകർത്താവിന് 60 വയസ്സ് തികയുന്ന വേളയിലാണ് ബൈബിളിൽ നിന്ന് 60 വ്യക്തികളെക്കുറിച്ച് പറയുന്ന തന്റെ പുസ്തകം പ്രകാശനം ചെയ്യുന്നത് എന്നത് ശ്രദ്ധേയമാണ്. തന്റെ രോഗാവസ്ഥയിലും ബൈബിൾ ആസ്പദമാക്കി ഒരു പുസ്തകം രചിച്ച് പ്രസിദ്ധീകരിക്കുന്നതിലൂടെ ഫാ. സ്റ്റീഫൻ എം. റ്റി. തന്റെ സുവിശേഷ പ്രഘോഷണ ദൗത്യം തുടരുന്നതായി പുസ്തകപ്രകാശനം ചെയ്തുകൊണ്ട് ക്രിസ്തുദാസ് പിതാവ് പറഞ്ഞു.



*പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലയിൽ നിന്ന് കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗിൽ ഡോക്ടറേറ്റ് നേടിയ ഫിലോമിന സൈമൺ. കേരള സർവകലാശാല കംപ്യൂട്ടർ സയൻസ് പഠനവിഭാഗം അസി. പ്രൊഫസറാണ്. തിരുവനന്തപുരം വഴുതക്കാട് പ്രഭാവത്തിൽ സൈമൺ ജേക്കബിന്റെയും മാർഗരറ്റ് സൈമണിന്റെയും മകളാണ്. ഭർത്താവ്:ഷാജി കെ, സിനിയർ ആർക്കിടെക്ട്, എൻവെസ്റ്റ്നെറ്റ് അസറ്റ് മാനേജ്മെന്റ്.*

## മന്ത്രി ആന്റണി രാജുവിനെതിരെ കെ. എൽ. സി. എ. രൂപതാ പ്രസിഡന്റ് ശ്രീ. പാട്രിക്ക് മൈക്കിൾ

തിരുവനന്തപുരം : തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേരയും കെ. എൽ. സി. എ. യെയും ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ആരുമല്ലെന്നുള്ള മന്ത്രി. ആന്റണി രാജുവിന്റെ പ്രസ്താവനയോട് വിവിധ ലത്തീൻ സഭ സംഘടനകൾ പ്രതിഷേധമറിയിച്ചതിനൊപ്പം ശക്തമായി പ്രതികരിച്ച് ശ്രീ. പാട്രിക്ക് മൈക്കിൾ. ഇലക്ഷൻ സമയത്ത് വിവിധ സഭാസംവിധാനങ്ങളിൽ നിർലജ്ജം കയറിയിറങ്ങി വോട്ട് തെണ്ടിയതിന്റെ ഫലമാണ് ഇന്നത്തെ ആന്റണി രാജു എന്നത് മറക്കേണ്ടെന്നും, ലഭിക്കേണ്ടത് ലഭിച്ചുകഴിഞ്ഞപ്പോൾ പഴയതെല്ലാം മറന്ന് സഭയെ നയിക്കുന്നവരെ അധിക്ഷേപിക്കുന്നത് ആരെ തൃപ്തിപ്പെടുത്താനെന്നത് വ്യക്തമാണെന്നും അതിരൂപതാ കെ. എൽ. സി. എ. പ്രസിഡന്റ് ശ്രീ. പാട്രിക്ക് മൈക്കിൾ തന്റെ ഫേയ്സ് ബുക്ക് കുറിപ്പിൽ പറഞ്ഞു. ആന്റണി രാജു നിരന്തരം തീരജനതയേയും ലത്തീൻ സഭയേയും സഭയെ നയിക്കുന്നവരെയും സമുദായ നേതാക്കളെയും അധിക്ഷേപിക്കുന്നതു തുടർന്നാൽ കെ. എൽ.സി.എ യുടെ നേതൃത്വത്തിൽ പ്രതിഷേധിക്കുമെന്നും ശക്തമായ ഭാഷയിലുള്ള കുറിപ്പിൽ പറയുന്നു. എന്തും വിളിച്ച് പറയാനുള്ള ലൈസൻസ് അല്ല മന്ത്രിപദമെന്നും, സഭയേയും, നേതാക്കളെയും അധിക്ഷേപിച്ച ആന്റണി രാജു തന്റെ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്നും കൊല്ലം ലാറ്റിൻ കത്തലിക് അസോസ്സിയേഷൻ നേരത്തേ ആവശ്യപ്പെട്ടിരുന്നു. മുതലപ്പൊഴിയിൽ തീരജനതയെനോക്കി 'ഷോ കാണിക്കരുതെന്ന്' ആക്രോശിച്ച മന്ത്രിമാർക്കെതിരെ നടത്തിയ പ്രതിഷേധങ്ങൾക്കുള്ള പ്രതികാരമാണ് ആന്റണി രാജു ഇപ്പോൾ നടത്തിയ അധിക്ഷേപമെന്ന് തിരുവനന്തപുരം കെ.സി.വൈ.എം മിലും അഭിപ്രായമുണ്ട്.

# മുതലപ്പൊഴിയിൽ സുരക്ഷ ഉറപ്പാക്കണം, ക്രെഡിറ്റ് സർക്കാർ തന്നെ എടുത്തുകൊള്ളൂ: ബിഷപ്പ് എമിരിത്തൂസ് ഡോ. സൂസൈപാക്യം



മുതലപ്പൊഴിയിൽ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ അടിയന്തരമായി നടപടിയെടുക്കണം എന്ന് ബിഷപ്പ് എമിരിത്തൂസ് സൂസൈപാക്യം. സുരക്ഷ വൈകുന്നതിനെതിരെ കെ.എൽ.സി. എ. യുടെയും പുതുക്കിറിച്ചി, അഞ്ചുതെങ്ങ് ഫെറൊനകൾ ചേർന്ന് സംഘടിപ്പിച്ച മാർച്ചിനു ശേഷമുള്ള സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുതലപ്പൊഴി മരണത്തിൽ പ്രതികരിച്ചവർക്കെതിരെ കേസ് എടുത്തത് തന്നെ വേദനിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു. കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള തീരത്ത് ജാതി മത രാഷ്ട്രീയത്തിനതീതമായി ഒരു മുന്നേറ്റം വരും നാളുകളിൽ കേരളം കാണുമെന്ന് യോഗത്തിന് അധ്യക്ഷത വഹിച്ച കെ എൽ സി എ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ തോമസ് പറഞ്ഞു. പ്രതിഷേധങ്ങൾക്കെതിരെ കേസുകൾ എടുത്ത് പ്രതിരോധിക്കുന്ന സർ സി. പി. യുടെ നിലപാടാണ് കേരളത്തിലെ ഭരണകൂടത്തിന് . മുഖ്യമന്ത്രി മുൻകൈയെടുത്ത് വിഷയത്തിന് പരിഹാരം ഉണ്ടാക്കണം. വിഴിഞ്ഞത്തും മുതലപ്പൊഴിയിലും എടുത്ത കള്ളക്കേസുകൾ പിൻവലിക്കണം എന്നും മുഖ്യ പ്രഭാഷണം നടത്തിയ വി എം സുധീരൻ പറഞ്ഞു. കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ സംസ്ഥാന സമിതിയും, തിരുവനന്തപുരം അതിരൂപതാ സമിതിയുടെയും, അഞ്ചുതെങ്ങ് പുതുക്കുറിച്ചി ഫൊറോന, വിവിധ സംഘടാ സമിതികളുടെയും ആഭിമുഖ്യത്തിലാണ് മുതലപ്പൊഴി മാർച്ച് സംഘടിപ്പിച്ചത്. ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ പെരേര, കെ ആർ എൽ സി സി ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി, ഫാ. മൈക്കിൾ തോമസ്, രതീഷ് ആൻറണി, ഹെൻറി വിൻസന്റ്, പാട്രിക് മൈക്കിൾ, നിക്സൻ ലോപ്പസ്, സുരേഷ് സേവ്യർ, നെൽസൺ എസൈക്, രാജു തോമസ്, പുതുക്കുറിച്ചി ജമാഅത്ത് പ്രസിഡൻറ് ഉസ്താദ് സെയ്തലവി സാഹിബ്, കെ എൽ സി എ സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി, ധീവരസഭ തിരുവനന്തപുരം ജില്ലാ പ്രസിഡൻറ് പനത്തുറ ബൈജു, കെ എൽ സി എ പുതുക്കുറിച്ചി ഫെറോന പ്രസിഡൻറ് ശ്രീ. രാജു തോമസ്, കെ എൽ സി അഞ്ചുതെങ്ങ് ഫെറോന പ്രസിഡൻറ് ശ്രീ. നെൽസൺ ഐസക്, ധീവരസഭ തിരുവനന്തപുരം ജില്ല പ്രസിഡന്റ് പനത്തുറ ബൈജു, കെ എൽ സി എ പുതുക്കുറിച്ചി ഫെറോന വൈദിക കോഡിനേറ്റർ ഫാ. ആന്റോ ബൈജു കെ എൽ സി ഡബ്ലിയു എ രൂപത പ്രസിഡൻറ് ശ്രീമതി ജോളി പത്രോസ് തിരുവനന്തപുരം ആത്മായ ശുശ്രൂഷ ഡയറക്ടർ ഫാദർ മൈക്കിൾ തോമസ്, ഫാദർ ഷാജൻ ജോസ് , ജോഷി ജോണി എന്നിവർ പ്രസംഗിച്ചു.

# കുടുംബപ്രേഷിത ശുശ്രൂഷ സൈക്കോ സ്പിരിച്ച്വൽ സെന്ററിൽ കൗൺസിലിംഗ് കോഴ്സ് പുതിയ ബാച്ച് ആരംഭിച്ചു

വെള്ളയമ്പലം: കുടുംബപ്രേഷിത ശുശ്രൂഷയ്ക്ക് കീഴിൽ വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സൈക്കോ സ്പിരിച്ച്വൽ സെന്ററിൽ സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ 12–ാമത് ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള എസ്.ആർ.സി (സ്റ്റേറ്റ് റിസോഴ്സ് സെന്റർ) ക്ക് കീഴിൽ നടത്തുന്ന കോഴ്സിന്റെ പുതിയ ബാച്ചിൽ 20 പേരാണ് കൗൺസിലിംഗ് പരിശീലിക്കുന്നത്. പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന് ആറ് മാസത്തെ ദൈർഘ്യമാണുള്ളത്. ഇതുകൂടാതെ ഡിഗ്രി അടിസ്ഥാന യോഗ്യതയും ഒരുവർഷം ദൈർഘ്യവുമുള്ള ഡിപ്ളോമ ഇൻ കൗൺസിലിംഗ് കോഴ്സും സെന്ററിൽ നടക്കുന്നുണ്ട്. എസ്.ആർ.സി ക്ക് കീഴിൽ പ്രവർത്തിക്കുന്ന കഴിഞ്ഞ ബാച്ചിൽ മികച്ച വിജയം നേടിയ സെന്ററുകളിലൊന്നാണ് അതിരൂപതയിലെ കുടുംബശുശ്രൂഷയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന സൈക്കോ സ്പിരിച്ച്വൽ സെന്റർ. അടിയന്തരഘട്ടത്തിൽ കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഫാമിലി ഹെല്പ് ലൈനും പ്രവർത്തിച്ചു വരുന്നു. ഫാമിലി ഹെല്പ് ലൈൻ നമ്പർ: 94 00 10 10 44.

# മരിയൻ എൻജിനീയറിങ് കോളേജിനെ പ്രശംസിച്ച് ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. ജി മാധവൻ നായർ



കഴക്കൂട്ടം: മരിയൻ എഞ്ചിനീയറിങ് കോളേജിലെ പുതിയ അധ്യയന വർഷത്തിന് ഐഎസ്ആർഒ മുൻ ചെയർമാൻ പത്മവിഭൂഷൻ ഡോ. ജി മാധവൻ നായർ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ലത്തീൻ അതിരൂപത സഹായമെത്രാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ അധ്യക്ഷ പദവി വഹിച്ചു. കോളേജ് മാനേജർ റവ ഡോ. എ ആർ ജോൺ, കോളേജ് ബർസാർ റവ. ഫാദർ ജിം കാർവിൻ റോച്ച്, കോളേജ് പ്രിൻസിപ്പൽ ഡോ സാംസൺ എ, ഡയറക്ടർ പ്രൊഫ.ഡോ. ബേബി കെ. പോൾ, പ്രിൻസിപ്പൽ പ്രൊഫ. സുജ കുമാരി എന്നിവർ സംസാരിച്ചു. കോളേജിലെ അടിസ്ഥാന സൗകര്യങ്ങളെപ്പറ്റിയും കോളേജിന്റെ ഉന്നത വിജയ ശതമാനത്തെയും അച്ചടക്കത്തെയും പറ്റി ഉദ്ഘാടന പ്രസംഗത്തിൽ ഡോ. ജി മാധവൻ നായർ പ്രത്യേകം പരാമർശിക്കുകയും ചെയ്തിരുന്നു. കുട്ടികളോട് ആത്മാർത്ഥതയോടെയും അർപ്പണബോധത്തോടെയും പ്രവർത്തിക്കാൻ അദ്ദേഹം ഉപദേശിക്കുകയും ചെയ്തു. തന്റെ റോക്കറ്റ് നിർമ്മാണ മേഖലയിലെ അനുഭവങ്ങൾ അദ്ദേഹം പങ്കുവെച്ചു. ഓരോ പരാജയവും വിജയത്തിന്റെ ചവിട്ടുപടി ആകണമെന്ന് ചന്ദ്രയാൻ രണ്ടിന്റെ പരാജയവും തുടർന്നുവന്ന ചന്ദ്രയാൻ മൂന്നിന്റെ വിജയവും മുൻനിർത്തി കുട്ടികളെ ഓർമ്മപ്പെടുത്തി. മരിയൻ സെൻറർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടന കർമ്മവും നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ കുട്ടികൾക്കായി പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു.

# തീരദേശ ഹൈവെ സമഗ്രപഠന റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കണം: തിരുവനന്തപുരം അതിരൂപത പാസ്റ്ററൽ കൗൺസിൽ

തീരദേശവാസികളെ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന തീരദേശ ഹൈവേ പദ്ധതിയുടെ ഡി.പി.ആർ. അടിയന്തിരമായി സർക്കാർ പ്രസിദ്ധീകരിക്കണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം സർക്കാരിനോടാവശ്യപ്പെട്ടു. സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പദ്ധതിയുടെ പാരിസ്ഥിതിക സാമൂഹ്യ ആഘാതത്തെപറ്റി വിശദമായി പഠിക്കാതെ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിൽ അതിരൂപതാ സമിതി അതീവ ഉത്കണ്ഠ രേഖപ്പെടുത്തി. പട്ടയം ലഭിക്കാത്ത പരിമിതമായ ഭൂമിയുള്ളവരെയും കൂടി ഒഴിപ്പിക്കുമെന്ന ആശങ്കയിൽ കഴിഞ്ഞുകൂടുന്ന ഇരയിമ്മൻതുറ മുതൽ മാമ്പള്ളിവരെയുള്ള തീരദേശങ്ങളിൽ വസിക്കുന്ന അതിരൂപതയിലെ ഭൂരിഭാഗം വരുന്ന മത്സ്യതൊഴിലാളികൾക്ക് തൊഴിലിടവും ജീവനോപാധികളും നഷ്ടപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനത്തെ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. ജനവികാരം ഉൾക്കൊണ്ട് തീരം കോർപ്പറേറ്റ് ഭീമന്മാർക്കും കുത്തകകൾക്കും തീറെഴുതാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്മാറണമെന്ന് സമിതി ആവശ്യപ്പെട്ടു.

മെഡിക്കൽ കോളേജ് പ്രിൻസിപ്പളായി നിയമിതയായ ഡോ. ലിനറ്റ് ജൂഡിത്ത് മോറിസ്, സംസ്ഥാന അധ്യാപക അവർഡ് ജേതാവായ ജോയി ജോൺ, സിവിൽ സർവ്വീസിൽ പ്രവേശിച്ച ആനന്ദ് ജസ്റ്റിൻ ഐ.എഫ്.എസ്., മികച്ച കൃഷി ഓഫീസർക്കുള്ള സംസ്ഥാന അവാർഡ് നേടിയ ജോസഫ് റെഫിൻ ജെഫ്രി, കരാട്ടെ നാഷണൽ ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡലിസ്റ്റായ നിഹാരിക ആൻ ജോഷി, ഗിന്നസ് വേൾഡ് റിക്കോർഡ് നേടിയ വിമിൻ എം. വിൻസൻറ് എന്നിവരെ സമ്മേളനം ആദരിച്ചു. മോൺ. യൂജിൻ പെരേര, ഫാ. ലോറൻസ് കുലാസ്, ഫാ. ലെനിൻ ഫെർണാസ്, ഇഗ്നേഷ്യസ് തോമസ്, ജോഷി റോബർട്ട്, ഡോ. സീന ഫെലിക്സ്, ഗ്രേസി തോമസ് എന്നിവർ സംസാരിച്ചു.

# 13.7 ലക്ഷം രൂപയുടെ ഭക്ഷ്യകിറ്റ് വിതരണം ചെയ്ത് ലയോളസ്കൂളിലെ വിദ്യാർത്ഥികൾ

തിരുവനന്തപുരം: ജീവിതത്തിൽ വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായഹസ്തവുമായി ലയോള സ്കൂളിലെ വിദ്യാർത്ഥികൾ. തിരുവനന്തപുരത്തെ വിവിധ സ്കൂളുകളും ഇടവകകളും കേന്ദ്രീകരിച്ച് 7 ലക്ഷം രൂപയുടെ ഭക്ഷ്യകിറ്റുകളാണ് വിതരണം ചെയ്തത്. 2023 സെപ്തംബർ 10 ഞായറാഴ്ച ദിവസം വിൻസന്റ് ഡി പോൾ വഞ്ചിയൂർ മേരി ഇമ്മാക്കുലേറ്റ് കോൺഫറൻസുമായി സഹകരിച്ചാണ് മാതൃകാപരമായ ഈ പ്രവർത്തനം നടന്നത്. പഠനത്തോടൊപ്പം പൊതുസമൂഹത്തെ അറിയുക, ജീവിതത്തിൽ വെല്ലുവിളികൾ നേരിടുന്നവർക്ക് തുണയാവുക എന്നീ ലക്ഷ്യങ്ങളോടെ കരുണയുടെ പാഠങ്ങളും കുട്ടികളെ പഠിപ്പിക്കുന്നതിന്റെ ഭാഗമായാണ് വിദ്യാർത്ഥികളിൽ നിന്നും സാമ്പത്തികസ്വരൂപണം നടത്തി ഈ കാരുണ്യപ്രവർത്തി ലയോള സ്കൂൾ മാനേജ്മെന്റും പി.റ്റി. എ.യും ചേർന്ന് നടത്തിയത്. കഴിഞ്ഞ വർഷങ്ങളിലും ഇത്തരത്തിലുള്ള കാരുണ്യപ്രവർത്തനങ്ങൾ ലയോള സ്കൂൾ നടത്തി വരുന്നു. സെന്റ്. ജോസഫ്സ് സ്കൂൾ, വലിയതുറ ഇടവക, പൂന്തുറ സ്കൂൾ, ആഴാകുളം ഇടവക, ഒസാനം കാരുണ്യ ഭവൻ, അഞ്ചുതെങ്ങ് ഇടവക എന്നിവടങ്ങളിലായാണ് 550ഓളം ഭക്ഷ്യകിറ്റ് വിതരണം ചെയ്തത്. പദ്ധതിക്ക് സാമ്പത്തികം കണ്ടെത്തിയ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും വിൻസന്റ് ഡി. പോൾ അംഗങ്ങളും സംയുക്തമായാണ് വിവിധ സെന്ററുകളിൽ കിറ്റ് വിതരണത്തിന് നേതൃത്വം നൽകിയത്.

# മീഡിയ കമ്മീഷൻ-ഫിൽക്ക നേതൃത്വം കൊടുത്ത ദൃശ്യമാധ്യമ ജേർണലിസം ശില്പശാല



തിരുവനന്തപുരം അതിരൂപത മീഡിയ കമ്മീഷൻറെയും ഫിൽക്ക ഫിലിം സൊസൈറ്റിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദൃശ്യമാധ്യമ ജേർണലിസത്തെ കുറിച്ചുള്ള ഏകദിന ശിൽപ്പശാല വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ മീഡീയകമ്മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വിജിൽ ജോർജ്ജ് സ്വഗതം പറഞ്ഞു. കോൺസപ്റ്റ് ഓഫ് ജേർണലിസം, ആങ്കറിങ്ങ് ആൻറ് ന്യൂസ് റിപ്പോർട്ടിങ്ങ്, ഫോട്ടോഗ്രഫി ആൻറ് വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിങ്ങ് ബേസിക്ക് സ്റ്റഡി എന്നിവയായിരുന്നു ശിൽപശാലയിലെ വിഷയങ്ങൾ.കോൺസപ്റ്റ് ഓഫ് ജേർണലിസം എന്ന വിഷയത്തിൽ ശ്രീ. സാബു ശങ്കർ ക്ലാസ്സെടുത്തു. ന്യൂസ് റിപ്പോർട്ടിംഗ്, ആങ്കറിംഗ് എന്നിവയെ കുറിച്ചുള്ള ക്ലാസ്സുകൾക്കും പ്രാക്ടിക്കൽ സെഷനും ന്യൂസ് റിപ്പോർട്ടറും എഡിറ്ററുമായ ശ്രീമതി പ്രകുല ടി. കെ നേതൃത്വം നൽകി. ഫോട്ടോഗ്രഫി ആൻറ് വീഡിയോഗ്രാഫി സെഷനിൽ ഫോട്ടോഗ്രാഫർ ശ്രീ അജി. എസ് പ്രായോഗിക വിഡിയോ/ഫോട്ടോഗ്രാഫിക് പരിശീലനം നൽകി. വീഡിയോ എഡിറ്റിങ്ങ് ബേസിക്ക് സ്റ്റഡി സെഷനിൽ ക്ലാസ്സ് എടുത്തത് ഫിലിം എഡിറ്റിംഗ് അദ്ധ്യാപകൻ ശ്രീ.സുജിത്ത് ആയിരുന്നു. പലകാലങ്ങളിൽ പലയിടങ്ങളിൽ പലതരത്തിൽ മിഴിവോടെയും അല്ലാതെയും എടുത്ത ചിത്രങ്ങൾ, വീഡിയോകൾ, ശബ്ദരേഖകൾ, മനോഹരമായ സിനിമകളും വാർത്താചിത്രങ്ങളും ന്യൂസുകളും ഡോക്യുമെൻററികളുമാക്കി എങ്ങനെ മാറ്റപ്പെടുന്നുവെന്ന് വ്യക്തമാക്കുന്നതായി ക്ളാസ്സുകൾ. പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് അതിരൂപത ശുശ്രൂഷ കോഓർഡിനേറ്റർ റവ. ഡോ. ലോറൻസ് കുലാസ് സമ്മാനിച്ചു.

# സെന്റ് വിൻസെന്റ് ഡിപോൾ; സ്ത്രീകൾക്കായി പുതിയ ഭവനമൊരുങ്ങുന്നു



തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് നിർമ്മിക്കുന്ന ഓസ്സാനം സ്നേഹ ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം 2023 സെപ്റ്റംബർ മാസം 7-ാം തീയതി തിരുവനന്തപുരം അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച്. പെരേര നിർവഹിച്ചു. നിരാലംബരും, അവശരുമായ സ്ത്രീകളുടെ പുനരധിവാസത്തിനുവേണ്ടി സെൻട്രൽ കൗൺസിൽ ഓസ്സാനം സ്നേഹഭവനത്തിനു രൂപം നൽകുന്നു. രണ്ടുകോടിയോളം ചെലവിൽ 9600 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പണിയുന്ന ഭവനത്തിൽ 50 അമ്മമാരെയും, സഹോദരിമാരെയും ഉൾക്കൊള്ളനാകും. വെട്ടുതുറ കോൺവെന്റിന് സമീപം നിർമ്മിക്കുന്ന ഓസ്സാനം സ്നേഹഭവനത്തിനുള്ള സ്ഥലം തിരുവനന്തപുരം ലത്തീൻ അതിരൂപതയാണ് നൽകിയിരിക്കുന്നത്. ഭവനത്തിന്റെ തറക്കല്ലിടാനുപയോഗിച്ച കല്ല് അതിരൂപത മെത്രാപ്പോലീത്ത മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നേറ്റോ പിതാവ് ആശീർവദിച്ചു നൽകി.

കോവളം ഫേറോനയിലെ ആഴാകുളത്ത് സെൻറ്. വിൻസെന്റ് ഡിപോൾ സൊസൈറ്റി സെൻട്രൽ കൗൺസിൽ നേതൃത്വം നൽകി. പുരുഷന്മാർക്കുള്ള ഓസ്സാനം കാരുണ്യ ഭവനം നിലവിൽ പ്രവർത്തിച്ചുവരുന്നു. അതിന്റെ പ്രചോദനം ഉൾക്കൊണ്ടാണ്, ഇപ്പോൾ സ്ത്രീകൾക്കുള്ള സ്നേഹ ഭവനം ഒരുക്കുന്നത്. തറക്കല്ലിടൽ കർമ്മത്തിൽ സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോസഫ് ബാസ്റ്റിൻ, ലൈറ്റി മിനിസ്ട്രി ഡയറക്ടർ റവ. ഡോ. മൈക്കിൾ തോമസ്, വെട്ടുതുറ ഇടവക വികാരി റവ. ഫാ. മരിയ ഡോമിനിക്, മാര്യനാട് സഹവികാരി റവ. ഫാ. ബാബുരാജ്, സെൻട്രൽ കൗൺസിൽ ഭാരവാഹികൾ, കോൺഫറൻസ് പ്രവർത്തകർ, എന്നിവർ പങ്കെടുത്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഡി. ഫ്രാൻസിസ് സ്വാഗതവും, വൈസ് പ്രസിഡന്റ് ഡയനീഷ്യസ് പെരേര നന്ദിയും പറഞ്ഞു. കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനർ ടോം സാബു അബിലിയുസ്, സെൻട്രൽ കൗൺസിൽ സെക്രട്ടറി ലോറൻസ് ടി. ജെ, എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## ക്രേദോ ക്വിസ് സംഘടിപ്പിച്ച് അതിരൂപത കെ.സി.എസ്.എൽ.

അതിരൂപതയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി കെ. സി. എസ്. എൽ ക്രേദോ ക്വിസ് മത്സരം സംഘടിപ്പിച്ചു. കുട്ടികളിൽ ക്രിസ്തീയ വിശ്വാസം കൂടുതൽ ആഴപ്പെടുന്നതിനും പൊതുവിജ്ഞാനത്തിലും പാഠ്യവിഷയങ്ങളിലും താത്പര്യം വർധിക്കുന്നതിനും സെപ്റ്റംബർ 6 ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വിവിധ ഫെറോനകളിലെ അഞ്ച് സ്കൂളുകളിലായാണ് ക്രേദോ ക്വിസ്സിന്റെ ആദ്യ റൗണ്ട് മത്സരങ്ങൾ നടന്നത്.

ലോഗോസ് ക്വിസിനായുള്ള വി.ലൂക്കായുടെ സുവിശേഷം, കെ. സി. എസ്. എൽ ചരിത്രം, ജനറൽനോളജ്, സ്റ്റഡി സർക്കിൾ പുസ്തകം , വിശുദ്ധ ക്ലോഡിൻ തെവനെ എന്നിവയെ ആസ്പദമാക്കിയായിരുന്നു ചോദ്യങ്ങൾ. ഇപ്പോൾ നടന്ന ആദ്യറൗണ്ടിലെ മത്സര വിജയികൾ സെമി ഫൈനലിൽ മത്സരിക്കും. അതിരൂപത കെ. സി. എസ്. എൽ ഡയറക്ടർ ഫാ. ഡേവിഡ്സൺ ജസ്റ്റസ് ഫെറോന വൈദിക കോഡിനേറ്റർമാർ കെ. സി. എസ്. എൽ ആനിമേറ്റർമാർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.




*സെന്റ് സേവിയേഴ്സ് പ്രൈവറ്റ് ഐടിഐയിൽ 2022-23 അധ്യയന വർഷത്തിൽ ഉന്നതം വിജയം നേടിയവരുടെ സർട്ടിഫിക്കേറ്റ് വിതരണവും പുതിയ അധ്യയന വർഷത്തെ പ്രവേശനോത്സവവും കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷാജിത നാസർ ഉദ്ഘാടനം ചെയ്യുന്നു*

## ജോയി ജോൺ സാറിന് മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ്



തിരുവനന്തപുരം: ഹയർ സെക്കൻഡറി വിഭാഗം രജത ജുബിലി ആഘോഷ നിറവിൽ നിൽക്കുന്ന സെന്റ് ജോസഫ്സ് സ്കൂളിന് അഭിമാനമായി ഒരു സംസ്ഥാന അവാർഡ്. തിരുവനന്തപുരം സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗം കമ്പ്യൂട്ടർ സയൻസ് അധ്യാപകനും പാളയം ഫൊറോനയിലെ കാഞ്ഞിരംപാറ വിമലഹൃദയ മാതാ ദൈവാലയം ഇടവകാംഗവുമാണ്.

സെപ്റ്റംബർ അഞ്ചിന് പാലക്കാട് വച്ച് നടന്ന അവാർഡ് വിതരണ ചടങ്ങിൽ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. 2023 ഓഗസ്റ്റ് 24ന് സെൻറ് ജോസഫ് സ്കൂളിലെ അധ്യാപന ജീവിതത്തിൽ 25 വർഷം പൂർത്തിയാക്കി. അതിരൂപതയിലെ വിദ്യാഭ്യാസ ശുശ്രൂഷ പ്രവർത്തനങ്ങൾക്ക് പരിശീലന ക്ലാസ്സുകളിലൂടെയും സെമിനാറുകളിലൂടെയും സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന വ്യക്തികൂടിയാണ് ശ്രീ. ജോയി ജോൺ.

## സെന്റ് സേവിയേഴ്സ് പ്രൈവറ്റ് ഐടിഐയിൽ സർട്ടിഫിക്കറ്റ് വിതരണം

വലിയതുറയിൽ പ്രവർത്തിക്കുന്ന സെന്റ് സേവിയേഴ്സ് പ്രൈവറ്റ് ഐടിഐയിൽ 2022-23 അദ്ധ്യായ വർഷത്തിൽ ഉന്നതം വിജയം നേടിയവരുടെ സർട്ടിഫിക്കേറ്റ് വിതരണവും പുതിയ അദ്ധ്യായ വർഷത്തെ പ്രവേശന ഉത്സവവും നടന്നു. തിരു. ലത്തിൽ അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ റവ.ഫാ. ആഷ്ലിൻ ജോസ് അദ്ധ്യക്ഷനായ യോഗത്തിൽ തിരു. കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷാജിത നാസർ ഉദ്ഘാടനം നിർവഹിക്കുകയും ഐടിഐ ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് ശ്രീ ഷമ്മി ബക്കർ, ജൂനിയർ ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് ശ്രീ രാജകുമാർ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഈ യോഗത്തിൽ ഇലക്ട്രോണിക്സ് മെക്കാനിക്ക്, സിവിൽ ഡ്രാഫ്സ്മാൻ, പ്ലംബർ ട്രെയിനുകളിൽ 95% 92% 96% മാർക്ക് നേടിയ വിജി, അഞ്ചു, എവറിൻ എന്ന വിദ്യാർത്ഥികളെ ആദരിക്കുകയും തിരു. ജില്ലാ പ്രൈവറ്റ് ഐടിഐ ആർട്സ് & സ്പോർട്സ് മീറ്റിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാൻ സഹായിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ ഗ്രേഡിങ്ങിൽ നമ്മുടെ സ്ഥാപനത്തെ ജില്ലയിലെ പ്രൈവറ്റ് ഐറ്റിഐകളിൽ മൂന്നാം സ്ഥാനത്ത് എത്തിച്ച പ്രിൻസിപ്പൽ ശ്രീ ജയരാജൻ സാറിനെയും മറ്റ് അധ്യാപകരുടെയും അഭിനന്ദിക്കുകയും ചെയ്തു.

## മെത്രാന്മാരുടെ സാധാരണ സിനഡ്: കേരളത്തിൽനിന്നും അഞ്ച് പേർപങ്കെടുക്കും

വത്തിക്കാൻ: 'ഒരു സിനഡൽ സഭയ്ക്ക്: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം', എന്ന സന്ദേശവുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ വിളിച്ചുചേർത്ത പതിനാറാമത് ആഗോള സഭാ സിനഡിൽ കേരളത്തിൽ നിന്ന് അഞ്ച്പേർ പങ്കെടുക്കും. ലത്തീൻ സഭയെ പ്രതിനിധീകരിച്ച് റൈറ്റ്. റവ. ഡോ. അലക്സ് വടക്കുംതല, സി.ബി.സി.ഐ പ്രസിഡന്റ് ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്, സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി, സീറോ മലങ്കര സഭയെ പ്രതിനിധീകരിച്ച് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്, ദൈവശാസ്ത്ര പ്രതിനിധിയായി ആർച്ച്ബിഷപ്പ് ജോസഫ് പാംപ്ലാനി എന്നിവരാണ് സംഘത്തിലുള്ളത്. 2021 ഒക്ടോബർ 10ാംതിയതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബ്ബാനമധ്യേയാണ് ഫ്രാൻസിസ് പാപ്പ സിനഡുസമ്മേളനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. 2023 ഒക്ടോബർ 4 മുതൽ 29 വരെ വത്തിക്കാനിൽ നടക്കുന്ന സമ്മേളനത്തിൽ വോട്ടവകാശമുള്ള 363 അംഗങ്ങളാണ് പങ്കെടുക്കുന്നത്. 2024 ഒക്ടോബറിലെ രണ്ടാം സമ്മേളനത്തോടുകൂടിയാണ് മൂന്ന് വർഷങ്ങൾ നീണ്ടുനിൽക്കുന്ന ആഗോള സഭാ സിനഡ് സമാപിക്കുക.

# അദ്ധ്യാപകൻ എപ്പോഴും വിദ്യാർത്ഥിയായിരിക്കണം: ആർ സി സ്കൂൾ അദ്ധ്യാപകരോട് ബിഷപ് ക്രിസ്തുദാസ്



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപതാ ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ സെപ്തംബർ 28 വ്യാഴാഴ്ച ആർ സി സ്കൂൾ ഹൈസ്കൂൾ വിഭാഗം അധ്യാപകർക്കായി FIDUSIA 2023 എന്ന പേരിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ഒരു അദ്ധ്യപകൻ എപ്പോഴും വിദ്യാർത്ഥിയായിരിക്കണമെന്നും എന്നാലെ തന്റെ മുന്നിലിരിക്കുന്ന കുട്ടിയുടെ മനസ്സറിയുവാനും കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യംവച്ച് അവരെ അനുധാവനം ചെയ്യാനും സാധിക്കുകയുള്ളൂവെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത അതിരൂപത സഹായ മെത്രാൻ ക്രിസ്തുദാസ് ആർ പറഞ്ഞു.

ആർ സി സ്കൂൾ മാനേജർ റവ. ഡോ. ഡൈസൺ ആമുഖസന്ദേശം നൽകിയ യോഗത്തിൽ ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ. ഇഗ്നേഷ്യസ് ലയോള സ്വാഗതമേകി. തുടർന്ന് നടന്ന പരിശീലന പരിപാടിക്ക് അന്താരാഷ്ട്ര തലത്തിൽ കഴിവ് തെളിയിച്ച കോർപ്പറേറ്റ് ട്രെയിനറും NLP പ്രാക്ടീഷണുറുമായ ജീനിയസ് മൈൻഡ് അക്കാഡമിയുടെ സ്ഥാപകൻ ശ്രീ. ഡെന്നീസ് ജോസഫ് നേതൃത്വം നൽകി. ടീച്ചേഴ്സ് ഗിൽഡ് എക്സിക്യൂട്ടീവ് അംഗമായ ശ്രീമതി സുജാത ജയിംസ് ഏവർക്കും കൃതജ്ഞതയർപ്പിച്ചു. സെൻറ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, തിരുവനന്തപുരം സെൻട്രൽ കൗൺസിൽ ഓസ്സാനം സ്നേഹ ഭവനത്തിന്റെ നിർമ്മാണം വെട്ടുതുറയിൽ ആരംഭിച്ചു.

# ലത്തീൻ പൈതൃകത്തിലും പാരമ്പര്യത്തിലും അഭിമാനമുള്ളവരാകുക: സഹായമെത്രാൻ



*രൂപത ചരിത്രരചന മാർഗരേഖ ഇഗ്നേഷ്യസ് തോമസ് അവതരിപ്പിക്കുന്നു*

വെള്ളയമ്പലം: ലത്തീൻ പൈതൃകത്തിലും പാരമ്പര്യത്തിലും അഭിമാനിക്കാനും ചരിത്ര പൈതൃകം കാത്തുസൂക്ഷിക്കാനും തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ ആഹ്വാനം ചെയ്തു. തിരുവനന്തപുരം അതിരൂപതാ ഹെറിറ്റേജ് കമ്മിഷൻ സംഘടിപ്പിച്ച പഠനശിബിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. സിൽവസ്റ്റർ കുരിശ് ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

പ്രാദേശിക ചരിത്ര രചനയ്ക്ക് ഒരു ആമുഖം എന്ന വിഷയത്തെക്കുറിച്ച് ഡോ. എസ്. റൈമണും പഴമയും പാരമ്പര്യവും എന്ന വിഷയത്തെക്കുറിച്ച് ഡോ. ബീറ്റാജോണും സംസാരിച്ചു. രൂപത ചരിത്രരചന മാർഗരേഖ ഇഗ്നേഷ്യസ് തോമസ് അവതരിപ്പിച്ചു. ഡോ. അൽബാരിസ് ചർച്ചകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി ഹെറിറ്റേജ് ഗ്രൂപ്പുകളെ പ്രതിനിധീകരിച്ച് 75ഓളം പേർ പഠനശിബിരത്തിൽ പങ്കെടുത്തു.

## മരിയൻ കോളേജ് ഓഫ് ആർട്സിൽ ഗ്രാഡുവേഷൻ ദിനാഘോഷം നടന്നു

കഴക്കൂട്ടം: കഴക്കൂട്ടം മരിയൻ കോളേജ് ഓഫ് ആർട്സിൽ ഗ്രാഡുവേഷൻ ദിനാഘോഷം സെപ്തംബർ 16 ശനിയാഴ്ച നടന്നു. 76 വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പങ്കെടുത്ത ദിനാഘോഷം തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ ഉദ്ഘാടനം ചെയ്തു. കേരള സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രഫ. ജാൻസി ജെയിംസ് മുഖ്യപ്രഭാഷണം നടത്തി.

കോളേജ് മാനേജർ റവ. ഫാ. പങ്ക്രേഷ്യസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡോ. ഫ്രാൻസിസ് സണ്ണി ആശംസകൾ നേർന്നു. സുവോളജി വിഭാഗം മേധാവി ഡോ. പ്രമീള എം പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുകയും ബർസാർ റവ. ഫാ. വർഗ്ഗീസ് ജോസഫ് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.



*ഗ്രാഡുവേഷൻ ദിനാഘോഷം തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ ഉദ്ഘാടനം ചെയ്യുന്നു*

## സ്മരണാഞ്ജലി

27-ാം ചരമവാർഷികം



**ലോർദ്ദോൻ**

പുതിയതുറ

42-ാം ചരമവാർഷികം



**ആർ. ജെ. ലില്ലിക്കുട്ടി**

പുതിയതുറ

10-ാം ചരമവാർഷികം



**ജെസയ്യൻ**

പുതിയതുറ

10-ാം ചരമവാർഷികം



**കൊച്ചുത്രേസ്യ**

മാർത്താണ്ഡംതുറ


5-ാം ചരമവാർഷികം



**വി. ജെ. വർഗീസ്**

കണ്ണാന്തുറ

34-ാം ചരമവാർഷികം



**ജെറമിയാസ്**

പുതിയതുറ

27-ാം ചരമവാർഷികം



**ക്രിസ്റ്റീന സെലസ്റ്റീന**

പുതിയതുറ

19-ാം ചരമവാർഷികം



**ലീയർ ഡിക്രൂസ്**

(സെൻട്രൽ എക്സൈസ്, കണ്ണാന്തുറ)

39-ാം ചരമവാർഷികം



**റൈമത്തൂസ്**

വൈസ് പ്രസിഡന്റ്, കൊല്ലങ്കോട്

5-ാം ചരമവാർഷികം



**ജെറമിയാസ് ജോസഫ്**

പുതിയതുറ

3-ാം ചരമവാർഷികം



**പുതോൻസ്വാൾ**

പുതിയതുറ

# നീർച്ചാൽ

# വിശ്വസ്തതയിൽ നിന്നുയരുന്ന അനുസരണ

**ആണ്ടുവട്ടം 26-ാം ഞായർ (ഒക്ടോ. 1)** പുറ. 18: 25-28; 2 ഫിലി. 2: 1-11, Mt. 21:28-32

**ഫാ. വിശാൽ വി.**

ഒരു മനുഷ്യന്റെ രണ്ടുമക്കളുടെ സ്വഭാവ രീതികളെ ആസ്പദമാക്കി യേശു നമ്മുടെ തീരുമാനങ്ങളെയും അവയുടെ പരിണിത ഫലങ്ങളെയും കുറിച്ച് വളരെ ലളിതമായി എന്നാൽ വിഷയത്തിന്റെ തീവ്രത ഒട്ടും ചോർന്നുപോകാതെ പഠിപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ. ഒന്നാമത്തെ മകൻ നല്ല പുത്രനാണ്. പിതാവിന്റെ വാക്കുകൾ വളരെ ബഹുമാനത്തോടെയെന്ന ഭാവേന ശ്രവിക്കുന്നവനാണ്. എന്നാൽ, പിതാവിനെ അനുസരിക്കാൻ അയാൾക്ക് തീരെ താല്പര്യമില്ല. പിതാവിനോടുള്ള അയാളുടെ സ്നേഹം കേവലം ബാഹ്യമായ ഒന്നാണ്. പിതാവ് എന്തെങ്കിലും സംസാരിക്കുമ്പോൾ അതിന് ചെവി കൊടുത്തില്ലെങ്കിൽ പിതാവിന്റെ സ്വത്തിൽ തനിക്കുള്ള അവകാശം നഷ്ടമായേക്കും എന്ന ഭയമാണ് അയാളെ പിതാവിന്റെ മുൻപിൽ അനുസരണയുള്ള മകനായി ചമയാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ അലസനും കപടനാട്യക്കാരനുമായ അയാൾ പിതാവ് പറയുന്നതൊക്കെ കേൾക്കുന്നതല്ലാതെ അതനുസരിച്ച് ഒന്നും പ്രവർത്തിക്കുന്നില്ല.

രണ്ടാമനാകട്ടെ, വഴക്കാളിയായ മകനാണ്. സ്വന്തം ഇഷ്ടങ്ങളിലും താല്പര്യങ്ങളിലും മുഴുകിക്കഴിയുന്ന ഒരു വ്യക്തിയാണ്. പിതാവിന്റെ ആവശ്യം അനുസരിക്കുക എന്നുവച്ചാൽ തന്റെ ഇഷ്ടങ്ങൾ മാറ്റിവയ്ക്കേണ്ടിവരും എന്നതിനാൽ പിതാവിന്റെ ആവശ്യം കേട്ട മാത്രയിൽ തന്നെ അയാളത് നിരസിക്കുന്നു. പക്ഷേ, കുറേ നേരത്തിനുശേഷം തന്റെ പ്രവൃത്തിയിൽ അയാൾക്ക് കുറ്റബോധം തോന്നുകയും, പശ്ചാത്താപത്തോടെ പിതാവ് ഏല്പിച്ച ജോലി നിർവഹിക്കുകയും ചെയ്തു.

ഈ പിതാവിന്റെ രണ്ടു പുത്രന്മാരും വ്യത്യസ്തരാണെങ്കിലും പിതാവിനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകൾ സാമ്യമുള്ളതാണ്. അധികാരി തുല്യനായ ഒരു പിതാവ്. ഒന്നുകിൽ കീഴ്പ്പെട്ടു നിൽക്കാം അല്ലെങ്കിൽ എതിർത്തുനിൽക്കാം. രണ്ടായാലും ആത്യന്തികമായി പിതാവിനെ ഒഴിവാക്കി നിർത്തുക എന്ന തന്ത്രമാണ് രണ്ട് മക്കളുടെയും പിന്നിലുള്ളത്. പക്ഷേ രണ്ടാമത്തവൻ പിതാവിനോടുള്ള അവന്റെ എതിർപ്പിനെ സ്വയം ഇല്ലാതാക്കുന്നുണ്ട്. അവൻ പശ്ചാത്തപിക്കുന്നു. ഇവിടെ പശ്ചാത്താപം കൊണ്ടർത്ഥമാക്കുന്നത് പിതാവിനോടുള്ള അവന്റെ കാഴ്ചപ്പാടിന്റെ മാറ്റമാണ്. മുന്തിരിത്തോപ്പ് അവനെ സംബന്ധിച്ച് പിതാവിന് കീഴ്പ്പെട്ടു കഷ്ടപ്പെട്ട് പണിയെടുക്കേണ്ട ഒരു ഇടമല്ല എന്ന് അവൻ തിരിച്ചറിയുന്നു. ആ തോട്ടം

> ചുങ്കക്കാരിലും വേശ്യകളിലും വിശ്വസിക്കുന്നതുപോലെ അവൻ നമ്മിലും വിശ്വസിക്കുന്നു. നമ്മുടെ എതിർപ്പുകളിലും കുതറിമാറലുകളുടെ ഇടയിലും അവൻ നമ്മിൽ പ്രത്യാശവയ്ക്കുന്നു. നമ്മുടെ നിശബ്ദതയിൽ അവൻ ഹൃദയ തുടിപ്പായി മാറുന്നു. അവനിലേക്ക് തിരിയുവാനും, പശ്ചാത്തപിക്കുവാനും, മാനസാന്തരപ്പെടുവാനും ഒട്ടും മടിക്കേണ്ട.

തന്റെ കുടുംബത്തിന്റെ ഭാഗമാണെന്നും, ആ തോട്ടത്തിൽ ആനന്ദം വിളയുന്നുണ്ടെന്നും അതിന്റെ ഉടമസ്ഥൻ തന്റെ പിതാവാണെന്നും അവന് ബോധോദയമുണ്ടാകുന്നു. ഇതു താൻ ആ പിതാവിന്റെ മകനാണ് എന്ന സുബോധമാണ്. അടിമ മനസ്സുള്ളവർക്ക് ഇല്ലാത്തതും ഇതുതന്നെയാണ്.

ഇനിയാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. "ഈ രണ്ടുപേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്? യേശു തന്റെ വാക്കുകൾ പിന്നെയും തുടരുന്നുണ്ട്. അവൻ ഉറപ്പിച്ചു പറയുന്നു. പാപികൾക്കാണ് സ്വർഗരാജ്യം. നോക്കുക, അവർ ആദ്യം പിതാവിനെ നിരാകരിച്ചു എന്നത് സത്യമാണ്. പക്ഷേ അവർ ഏകാന്തതയിൽ നൊമ്പരപ്പെടുകയും പിന്നീട് ജീവിതം തന്നെ മാറ്റുകയും ചെയ്യുന്നുണ്ട്. നിരന്തരം പിതാവിന്റെ മുമ്പിൽ നിന്നുകൊണ്ട് 'അതെ' എന്നുപറയുന്ന നമ്മോട് തന്നെയാണ് യേശു ഈ ഉപമ പറയുന്നതെന്നും ഓർക്കണം. പേരുകൊണ്ട് ക്രിസ്ത്യാനിയായിരിക്കുകയും ഉള്ളുകൊണ്ട് ദൈവത്തെയും ദൈവവചനത്തെയും മാറ്റി നിർത്തുന്നവരാണ് നമ്മിൽ പലരും. കേവലം ഒരു വിശ്വാസിയാകണോ അതോ വിശ്വസ്തനാകണോ എന്നത് തന്നെയാണ് യേശു ഈ ഉപമയിലൂടെ ഉന്നയിക്കുന്നത്. വിശ്വാസിയാകാൻ എളുപ്പമാണ് കാരണം ഇത്തിരി അടിമ ഭാവം ഉണ്ടായാൽ മതിയാകും. പക്ഷേ വിശ്വസ്തനാകണമെങ്കിൽ ഇത്തിരി ധൈര്യം ആവശ്യമാണ്, പുത്ര മനോഭാവത്തിന്റെ ധൈര്യം.

ചുങ്കക്കാരിലും വേശ്യകളിലും വിശ്വസിക്കുന്നതുപോലെ അവൻ നമ്മിലും വിശ്വസിക്കുന്നു. നമ്മുടെ എതിർപ്പുകളിലും കുതറിമാറലുകളുടെ ഇടയിലും അവൻ നമ്മിൽ പ്രത്യാശവയ്ക്കുന്നു. നമ്മുടെ നിശബ്ദതയിൽ അവൻ ഹൃദയ തുടിപ്പായി മാറുന്നു. അവനിലേക്ക് തിരിയുവാനും, പശ്ചാത്തപിക്കുവാനും, മാനസാന്തരപ്പെടുവാനും ഒട്ടും മടിക്കേണ്ട. ദൈവേഷ്ടം നിറവേറ്റാൻ സന്നദ്ധതയുള്ള മക്കളായി സ്വയം മാറാനും ദൈവത്തെ സ്വന്തം ജീവിതത്തിലൂടെ മഹത്വപ്പെടുത്തുവാനും നമുക്ക് പരിശ്രമിക്കാം. ■

# ഫലം നല്കുന്ന മനുഷ്യരാകാം

**ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോ. 8)** ഏശയ്യാ: 5: 1-7, 2 ഫിലി. 4:6-9, മത്താ. 21:33-46

**ഫാ. ഡൈസൺ**

മുന്തിരി തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ പഴയ നിയമത്തെയും പുതിയ നിയമത്തെയും കോർത്തിണക്കികൊണ്ട് രക്ഷാകര ചരിത്രത്തെ വളരെ ഭംഗിയായും ഹ്രസ്വമായും പുനരവതരിപ്പിക്കുന്നു. ഈ ഉപമയുടെ പശ്ചാതലത്തിൽ എ.ഡി. 70-ാം ആണ്ടിൽ സംഭവിച്ച ജെറുസലേമിന്റെ പതനത്തെ ചിലർ കാണുന്നത്, പുത്രനായ ദൈവത്തോട് യഹൂദ ജനത ചെയ്ത ക്രൂരതയുക്കുള്ള ശിക്ഷയായിട്ടാണ്. കല്ലിൻമേൽ കല്ല് അവശേഷിക്കാത്ത രീതിയിലാണ് ജെറുസലേം ദേവാലയം തകർക്കപ്പെട്ടത്. ഈ ഉപമ പ്രധാനമായും മൂന്നു സന്ദേശങ്ങളാണ് നല്കുന്നത്.

> സ്വർഗ്ഗം സ്വന്തമാക്കാൻ വേണ്ടി നമ്മൾ ഉണർവോടെ പ്രവർത്തിക്കുമ്പോൾ പിശാച് ഉറങ്ങി പോകും. അങ്ങനെ ജീവിതത്തിൽ നന്മയുടെ ഫലങ്ങൾ പുറപ്പെടുവിച്ച് യജമാനനെ തൃപ്തിപ്പെടുത്തുന്ന കൃഷിക്കാരാകാം. മദർതെരേസായ്ക്കും ഫ്രാൻസിസ്സ് അസിസ്സിക്കും മാത്രമല്ല ഫലം നല്കുവാൻ സാധിക്കുക.

### 1. മണ്ണിനോട് ആർത്തി പാടില്ല

മണ്ണിൽ നിന്ന് മെനഞ്ഞെടുത്ത മനുഷ്യൻ മണ്ണിലേക്ക് മടങ്ങുന്നു. അതുകൊണ്ടാണ് ഉല്പത്തി പുസ്തകം (3:19) മനുഷ്യനെ മണ്ണെന്നും പൊടിയെന്നും വിളിക്കുന്നത്. മണ്ണുമായി മനുഷ്യന് അഭേദ്യമായ ബന്ധമുള്ള കാരണമായിരിക്കാം മണ്ണ് മനുഷ്യന്റെ ബലഹീനതയായി നിലനില്ക്കുന്നത്. ഷേക്സ്പിയറിന്റെ 'മാക്ബത്ത്' മണ്ണിനായുള്ള അതിമോഹത്തിന്റെയും അത്യാഗ്രഹത്തിന്റെയും കഥയാണ്. ഭാരതീയരുടെ ഇതിഹാസമായ മഹാഭാരതം മണ്ണ് കൈയ്യടക്കാനുള്ള അതിമോഹത്തിന്റെ കഥയാണ്. പഴയ നിയമത്തിലെ അഹാബ് രാജാവിന്റെ പത്നി ജസെബെൽ പാവപ്പെട്ട നാബോത്തിനെ അതിക്രൂരമായ കള്ള സാക്ഷ്യത്തിലൂടെ വധിക്കുന്നു. കാരണം നാബോത്തിന്റെ മണ്ണിനായുള്ള അഹാബ് രാജാവിന്റെ ഒടുങ്ങാത്ത അതിമോഹം. സുവിശേഷത്തിൽ മണ്ണിനായുള്ള കൃഷിക്കാരുടെ അതിമോഹമാണ് യഥാർത്ഥ അവകാശിയെ കൊല്ലാൻ പ്രേരിപ്പിക്കുന്നത്.

ഈ ഉപമ മനസ്സിലാക്കണമെങ്കിൽ യഹൂദ ചരിത്ര പശ്ചാത്തലം മനസ്സിലാക്കണം. ഗലീലിയിൽ മുന്തിരിതോട്ടം നട്ടുപിടിപ്പിച്ച് കുടിയാന്മാരെ ഏല്പിച്ചിട്ട് ഉടമസ്ഥൻ യൂദായായിൽ താമസിക്കുന്നത് സാധാരണ പതിവായിരുന്നു. മാത്രമല്ല വിദേശിയരായുള്ള വൻ ഭൂവുടമകൾ പലകാരണങ്ങളാൽ സ്വന്തം ദേശത്തേക്ക് പോകേണ്ടിവരുമ്പോൾ തങ്ങളുടെ ഭൂസ്വത്ത് സ്വദേശികളായ കൃഷിക്കാർക്ക് പാട്ട വ്യവസ്ഥയിൽ കൊടുക്കുമായിരുന്നു. മുന്തിരി നട്ട് നാലു വർഷം കഴിയുമ്പോൾ വിളവെടുപ്പു സമയമാകും. പാട്ട വ്യവസ്ഥയനുസരിച്ച് ഫലം സ്വീകരിക്കാൻ ഭൂവുടമകൾ തങ്ങളുടെ ജോലിക്കാരെ അയക്കുന്നതും അവരെ കൃഷിക്കാർ ആക്രമിക്കുന്നതും പാലസ്തീനിൽ പതിവു സംഭവമായിരുന്നു. ഉപമയിൽ അവകാശിയെ കൊല്ലുവാനുള്ള കാരണം യഹൂദരുടെ നിയമം അനുസരിച്ച് അവകാശി മരിച്ചാൽ പാട്ട വസ്തു കർഷകർക്ക് സ്വ

ന്തമാകും. അതുകൊണ്ടാണ് കുടിയന്മാർ യഥാർത്ഥ അവകാശിയെ കൊല്ലുന്നത്.

മണ്ണ് സ്വന്തമാക്കുവാനുള്ള പ്രലോഭനം പിശാച് യേശുവിനുനേരെ പ്രയോഗിക്കുന്നുണ്ട്. (പിശാച് വളരെ ഉയർന്ന മലയിൽ യേശുവിനെ കൂട്ടികൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വം കാണിച്ച് കൊണ്ട് പറഞ്ഞു സാഷ്ടാംഗം പ്രണമിച്ച് ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് തരും (മത്താ 4:7-9). യേശു സാത്താനെ ദൂരെ അകറ്റി നിറുത്തി. മണ്ണിനോടുള്ള ആർത്തി സഹോദരങ്ങളെ കൊലപാതകികളാക്കുന്നു. മണ്ണിനോടുള്ള ആർത്തി അയൽക്കാരെ, അയൽ രാജ്യങ്ങളെ ശത്രുക്കളാക്കുന്നു. മണ്ണിനോടുള്ള ആർത്തി ദൈവത്തെ മറക്കാനും വിഗ്രഹ ആരാധന നടത്താനും പ്രേരിപ്പിക്കുന്നു. അതു കൊണ്ട് ഭൂമിയിലെ സ്ഥലങ്ങളല്ല,സ്വർഗ്ഗത്തിലെ ഇടങ്ങളാണ് നാം സ്വന്തമാക്കേണ്ടത്.

### 2. സാത്തന് ഇടം നല്കാതിരിക്കുക

ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസിവിക്കുമ്പോൾ മനുഷ്യ ജീവിതം നാശത്തിൽ നിപതിക്കുന്നു (യാക്കോബ് 1:15) പാപത്തിന്റെ മൂർത്തി ഭാവമാണ് സാത്താൻ. ജിവിതത്തിൽ ഒരിക്കലും സത്താന് ഇടം നല്കരുത് (എഫേ. 4:27) ആദത്തിന്റെയും ഹൗവ്വയുടെയും ജീവിതത്തിൽ സാത്താന് ഇടം നല്കിയപ്പോൾ അതുവരെയും അവർ അനുഭവിച്ച എല്ലാ സൗഭാഗ്യങ്ങളും അതിന്റെ ഉടയവനായ ദൈവത്തെ പോലും നഷ്ടപ്പെടുന്നു. കായേൽ സാത്താന് തന്റെ ജീവിത്തിൽ സാത്താന് ഇടം നല്കിയപ്പോൾ ചരിത്രത്തിലെ ആദ്യ കൊലപാതകിയായി മാറി. കൃഷിക്കാർ തങ്ങളുടെ ജീവിതത്തിൽ സാത്താന് (ദുർമോഹമെന്ന തിന്മയ്ക്ക്) ഇടം നല്കിയപ്പോൾ യഥാർത്ഥ അവകാശിയെ കൊല്ലുന്ന ഘാതകരായിമാറി.

സാത്താൻ ഒരു ഐതിഹ്യമോ, ചിത്രികരണമോ, അലങ്കാരമോ, ആശയമോ അല്ല. തിന്മയുടെ വിഷം നല്കികൊണ്ട് മനുഷ്യകുലത്തിന് പ്രതിബന്ധമായി അവൻ ഇന്നും നിലകൊള്ളുന്നു. അവന്റെ സാന്നിദ്ധ്യം വിശുദ്ധ ലിഖിതത്തിന്റെ ആരംഭത്തിലും അവസാനത്തിലും നാം ദർശിക്കുന്നുണ്ട്. ദുഷ്ടാരൂപിയുടെ പ്രലോഭനത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെയെന്ന് യേശു പഠിപ്പിച്ച പ്രാർത്ഥനയിലുണ്ട്. നമ്മിൽ കടന്നു വരുന്ന പിശാചിനെ ചെറുക്കാൻ ആത്മാവിന്റെ ഓക്സിജനായ പ്രാർത്ഥനയും ആത്മീയ ജീവിതത്തിന്റെ നട്ടെല്ലായ ഉപവാസവും ആവശ്യമാണ്. അവൻ അലറുന്ന സിംഹത്തെ പോലെ ആരെ വിഴുങ്ങുണമെന്ന് ഓടി നടക്കുന്നുവനാണ് (1 പത്രോ-5:8). അവനെ ചെറുത്തു തോല്പ്പിക്കണം. (സാത്താൻ നമ്മുടെ ജീവിത വാതില്ക്കൽ തന്നെയുണ്ട്. അവൻ മനുഷ്യരിൽ താല്പര്യം വച്ചിരിക്കുന്നു (ഉല്പത്തി 4:7). അവന്റെ സാന്നിദ്ധ്യം മനുഷ്യ ജിവിതത്തെ ഫലം നല്കാത്ത വൃക്ഷമാക്കി മാറ്റുന്നു. ദൈവം സഞ്ചരിക്കുന്നതിന്റെ എതിർ ദിശയിൽ സഞ്ചരിക്കുവാൻ മനുഷ്യരെ സദാ അവൻ നിർബന്ധിക്കുന്നു. നമ്മിലെ പാപത്തിന്റെ മനുഷ്യനെ, സാത്താനെ ഇല്ലാതാക്കാൻ ദൈവത്തിന് ഇടം നല്കാം. സാത്താന്റെ അടിമയായിരിക്കുന്നതിനെക്കാൾ മറിയത്തെപ്പോലെ ദൈവത്തിന്റെ അടിമയായിരിക്കാം.

### 3. ഫലം നല്കുന്ന മനുഷ്യരാകാം

ദൈവം ഓരോ മനുഷ്യനെയും ദൈവത്തിന്റെ തോട്ടത്തിലെ കൃഷിക്കാരനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ജോലിക്കനുസരിച്ചായിരിക്കും ഫലം മുണ്ടാവുന്നത്! അതുകൊണ്ടുതന്നെ ജീവിതം നിശ്ചലാത്മകതയല്ല ചലനാത്മകതയാണ്! ഒരാൾ ജീവിതത്തെ കുറിച്ച് ഇങ്ങനെ കുറിയ്ക്കുകയായിരുന്നു. ജിവിതം വെറുമൊരു നാമമല്ല, ക്രിയയാണ് (Life is not a mere noun but a verb). ഉണർവോടെ പ്രവർത്തിച്ചില്ലെങ്കിൽ താലന്ത് നിലത്ത് കുഴിച്ചിട്ട മടിയനായ ഭൃത്യനു തുല്യരായി നന്മൾ മാറും. ജാഗ്രതയോടെ പ്രവർത്തിച്ചാൽ മണവാളനെ സ്വീകരിക്കാൻ നന്മയുടെ ഫലങ്ങളുമായി കാത്തിരിക്കുന്ന വിവേകമതികൾക്ക് തുല്യരായിതീരും.

ഫലങ്ങൾ അന്വേഷിച്ച് വരുന്ന ദൈവത്തെ നിരാശപ്പെടുത്താത്ത കൃഷിക്കാരായിരിക്കണം നന്മൾ. ഇതുവരെ വെടിക്കെട്ട് കാണാത്ത കൊച്ചുകുട്ടിയുടെ ആഗ്രഹപ്രകാരം അമ്മ അവനെ പള്ളിത്തിരുനാളിന് കൊണ്ടുപോയി. പ്രദക്ഷിണം കഴിഞ്ഞ് വെടിക്കെട്ട് ആരംഭിച്ചു. വെടിയൊച്ചകെട്ട് അവൻ കാതുകൾ പൊത്തി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം കണ്ട് കണ്ണ് അടച്ചു. അവൻ അറിയാതെ ഉറക്കത്തിൽ വീണുപോയി. നന്മയ്ക്കുനേരെ കണ്ണും കാതും അടച്ച് ഉറങ്ങുന്ന കുട്ടിക്ക് സമാനമാണ് നമ്മൾ ഒരോരുത്തരും. നമ്മെ നിശ്ചലരാക്കി നരകത്തിന് സ്വന്തമാക്കുവാൻവേണ്ടി പിശാച് ഉന്നർന്നു പ്രവർത്തിക്കുന്നു. സ്വർഗ്ഗം സ്വന്തമാക്കാൻ വേണ്ടി നമ്മൾ ഉണർവോടെ പ്രവർത്തിക്കുമ്പോൾ പിശാച് ഉറങ്ങി പോകും. അങ്ങനെ ജീവിതത്തിൽ നന്മയുടെ ഫലങ്ങൾ പുറപ്പെടുവിച്ച് യജമാനനെ തൃപ്തിപ്പെടുത്തുന്ന കൃഷിക്കാരാകാം. മദർതെരേസായ്ക്കും ഫ്രാൻസിസ്സ് അസിസ്സിക്കും മാത്രമല്ല ഫലം നല്കുവാൻ സാധിക്കുക. എനിക്കും നിങ്ങൾക്കും ദൈവത്തെ സംതൃപ്തമാക്കുന്ന ഫലം നല്കാൻ സാധിക്കും ദൈവത്തിൽ ആശ്രയിച്ച് നന്മ ചെയ്യാം. ■

# വിരുന്നുംവസ്ത്രവും

**ആണ്ടുവട്ടം 28-ാം ഞായർ (ഒക്ടോ. 15)** ഏശയ്യ. 25:6-10, 2 ഫിലി. 4, 12-14, 19-20. മത്താ. 22: 1-14

**ഫാ. പ്രബൽ**

മത്തായിയുടെ വിവരണത്തിൽ രണ്ട് ഉപമകളുടെ സാധുതയുണ്ടെന്ന് വചനവ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുക.

1. മഹാവിരുന്നിന്റെ ഉപമ (മത്താ. 22:2-10)

2. വിവാഹവസ്ത്രത്തിന്റെ ഉപമ (മത്താ. 22:11-3)

എന്നാൽ ഇവ രണ്ടിനെയും ഒരൊറ്റ ഉപമയായി പരിഗണിക്കുന്നതിന്റെ കാരണം രണ്ടും വിവാഹ വിരുന്നിനെ മുഖ്യ

പ്രമേയമായി അവതരിപ്പിക്കുന്നതിനാലാവാം.

യഹൂദർ വിരുന്നിന് ക്ഷണിക്കുമ്പോൾ സമയം കൃത്യമായി പറയുകയില്ല. ദിവസം മാത്രമേ അറിയിക്കൂ. പിന്നീട് എല്ലാം തയ്യാറായിക്കഴിയുമ്പോൾ ക്ഷണിക്കപ്പെട്ടവരെ വിളിക്കാൻ ദാസന്മാരെ അയയ്ക്കും. വിവാഹ വിരുന്നിനുള്ള വിഭവങ്ങൾ ഒരുക്കി കാത്തിരിക്കുന്ന ദൈവം പ്രവാചകന്മാരെ (ഭൃത്യന്മാർ) അയയ്ക്കുന്നു. നിരവധി തവണ ക്ഷണം നൽകപ്പെട്ടിട്ടും നിരസിക്കപ്പെട്ടു എന്നതാണ് രക്ഷാകരചരിത്രം നമുക്കുമുമ്പിൽ വരച്ചുകാട്ടുക. പുതിയ നിയമത്തിൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് അപ്പസ്തോലന്മാരാണ്. അവർക്കും സംഭവിച്ചത് പ്രവാചകന്മാരുടെ അവസ്ഥ തന്നെയാണ്. അപമാനവും മരണവും.

ഈ ഉപമയെ വിവിധ തട്ടുകളായി തിരിക്കാൻ സാധിക്കും.

1. ക്ഷണവും തിരസ്കരണവും – ആദ്യം ക്ഷണിക്കപ്പെട്ടവർ ക്ഷണം നിഷേധിച്ചത് ദൈവവിളിയോടുള്ള ചിലരുടെ ചെറുത്തുനിൽപ്പിന്റെ പ്രതീകമാണ്. ശ്രദ്ധാകേന്ദ്രങ്ങൾ മാറിപോകുന്നത് രക്ഷാവാഗ്ദാനം നഷ്ടപ്പെടാൻ കാരണമായേക്കാം.

2. ദൈവരാജ്യപ്രവേശനം – വ്യക്തിയുടെ നിലയും വിലയും പരിഗണിക്കാതെ പാർശ്വവൽക്കരിക്കപ്പെട്ടവരെ ക്ഷണിക്കുവാനുള്ള രാജാവിന്റെ തീരുമാനം, രക്ഷ ആർക്കും റിസർവ് ചെയ്തിട്ടില്ലെന്നുള്ള ബോധ്യം നൽകുന്നു.

3. രക്ഷയ്ക്കായുള്ള തയ്യാറെടുപ്പ് – ആത്മീയ ഒരുക്കത്തിന്റെയും രൂപാന്തരപ്പെട്ട ജീവിതത്തിന്റെയും അഭാവമാണ് വിവാഹവസ്ത്രമില്ലാത്ത അവസ്ഥ. മാനസാന്തരത്തിന്റെയും ദൈവത്തോടുള്ള അനുരഞ്ജനത്തിന്റെ ആവശ്യകതയെയും ഇവിടെ ഊന്നിപ്പറയുന്നു.

4. തയ്യാറാകാത്തതിന്റെ അനന്തരഫലങ്ങൾ – വിവാഹ വസ്ത്രമില്ലാത്ത വ്യക്തികൾ ലഭിക്കുന്ന കടുത്ത ശിക്ഷ ദൈവത്തിന്റെ ക്ഷണം ഗൗരവമായി എടുക്കാത്തതിന്റെ ഫലത്തെ അടിവരയിടുന്നു. വിശ്വാസത്തിന്റെയും ആത്മീയ അവഗണനയുടെയും അനന്തരഫലങ്ങളാണിവ.

5. ദൈവത്തിന്റെ ക്ഷണത്തോട് പ്രതികരിക്കാനുള്ള ആഹ്വാനം നമ്മുടെ സ്വന്തം ആത്മീയ അവസ്ഥയെക്കുറിച്ച് ചിന്തിക്കാനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ നാം യഥാർത്ഥത്തിൽ തയ്യാറാണോ എന്ന് ആത്മപരിശോധന ചെയ്യാനും നമ്മെ പ്രേരിപ്പിക്കുന്നു.

6. ദൈവത്തിന്റെ കൃപയും ന്യായവിധിയും – ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനങ്ങൾ സൗജന്യമായി നൽകപ്പെടുമ്പോൾ ആ ക്ഷണത്തെ സ്വീകരിക്കുവാൻ തക്ക ഒരുക്കമുള്ള ജീവിതമാണ് നമുക്ക് വേണ്ടത്.

സ്വർഗരാജ്യത്തിലെ വിരുന്നിന് ക്ഷണിക്കപ്പെട്ടിരിക്കുന്ന ഞാൻ ക്ഷണം നിരസിച്ച് പാടത്തും കച്ചവട സ്ഥലത്തും വയൽവാങ്ങിയും കാളയെ വാങ്ങിയും വിവാഹം കഴിച്ചും കഴിയുകയാണോ? ഇവയൊന്നും അതിൽ തന്നെ തെറ്റല്ല. എന്നാൽ എന്റെ നേരെ നീട്ടുന്ന സ്വർഗീയവിരുന്ന് നഷ്ടമാക്കരുത്. എന്റെ ജീവിതത്തിലെ ഏത് തിരക്കിനെ ചൂണ്ടിക്കാട്ടിയാണ് ഞാൻ ദിവ്യബലിക്ക് താമസിച്ചുവരുന്നത്? ■

ദൈവത്തിന്റെ കൃപയും ന്യായവിധിയും - ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനങ്ങൾ സൗജന്യമായി നൽകപ്പെടുമ്പോൾ ആ ക്ഷണത്തെ സജ്ജീകരിക്കുവാൻ തക്ക ഒരുക്കലുള്ള ജീവിതമാണ്.

# ദൈവത്തിന്റെ മുഖമുള്ളവൻ

**ആണ്ടുവട്ടം 29-ാം ഞായർ (ഒക്ടോ.22)** ഏശ 45, 1. 4-6; 1 തിമോ 1, 1-5യ: മത്താ 22, 15-21

**ഫാ. ഡാർവിൻ ഫെർണാണ്ടസ് എ.**

ആരാണ് മനുഷ്യനെന്ന ചോദ്യത്തിന് വ്യത്യസ്തമായ ഉത്തരങ്ങൾ നൽകാമെങ്കിലും, വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ചോദിച്ചാൽ ഉത്തരമിതാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ (ഉത്പ. 1:26). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് ഇന്നത്തെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ധ്യാനിക്കാം.

**സുവിശേഷ പശ്ചാത്തലം**

ക്രിസ്തുവിനെതിരെ സംസാരിക്കുന്നവരുടെ ഒരു നിരതന്നെ മത്തായി 22-ാം അധ്യായത്തിൽ നാം കാണുന്നു. മത്തായി 22:15-22 ൽ ഫരിസേയരും ഹേറോദിയരും, 22:23-33 ൽ സദുക്കായരും, 22:34-40 ൽ ഫരിസേയരും യേശു

വിനെ വാക്കിൽ കുടുക്കാനും പരീക്ഷിക്കാനും വരുന്നതായി നാം കാണുന്നു. 15-ാം തിരുവചനത്തിൽ "വാക്കിൽ കുടുക്കുക" എന്നതിനുപയോഗിച്ചിരുന്ന ഗ്രീക്കുപദം 'പിഗിദെവുവോ' എന്നാണ്. ഇതിനർത്ഥം 'ഇര പിടിക്കുക, വേട്ടയാടുക' എന്നാണ്. യേശുവിനെ വളഞ്ഞാക്രമിച്ച് കീഴടക്കുവാൻ ശ്രമിക്കുന്ന ഫരിസേയരേയും കൂട്ടരെയും ഇവിടെ നാം കാണുന്നു. സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ എന്നതായിരുന്നു അവരുടെ ചോദ്യം. നികുതി നൽകുന്ന ദനാറ കാണിച്ചുകൊണ്ട് സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകാൻ യേശു ആവശ്യപ്പെടുന്നു. അങ്ങനെ യേശുവിനെ കുടുക്കാൻ വന്നവർ വിസ്മയഭരിതരായി അവനെ വിട്ടുപോയതായി തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

## വചനസന്ദേശം

ഇന്നത്തെ സുവിശേഷഭാഗത്തിന്റെ കാതലായ സന്ദേശം സീസറിനുള്ളത് സീസറിനും, ദൈവത്തിനുള്ളത് ദൈവത്തിനും നൽകുകയെന്നതാണ്. നികുതി നാണയത്തിൽ സീസറിന്റെ രൂപവും ലിഖിതവുമുണ്ടായിരുന്നതുകൊണ്ടാണ് അത് സീസറിന് നൽകാൻ യേശു ആവശ്യപ്പെടുന്നത്. അങ്ങനയെങ്കിൽ, ദൈവത്തിന്റെ രൂപത്തിലുള്ളത് ദൈവത്തിന് നൽകണമെങ്കിൽ, മനുഷ്യരായ നമ്മെ ഓരോരുത്തരെയുമാണ് ദൈവത്തിന് നൽകേണ്ടത്. കാരണം ദൈവത്തിന്റെ മുഖമുള്ളവനാണ് മനുഷ്യൻ. എപ്രകാരമാണ് ദൈവത്തിന് നമ്മളെ നൽകണമെന്ന് ചോദിച്ചാൽ, അതിനുള്ള ഉത്തരം തെളിഞ്ഞും ഒളിഞ്ഞും കിടക്കുന്നത് ഇന്നത്തെ സുവിശേഷത്തിലാണ്.

അദൃശ്യനായ പിതാവായ ദൈവത്തിന്റെ മുഖമാണ് ക്രിസ്തു. ക്രിസ്തു ആരായിരുന്നുവെന്നും എങ്ങനെയാണ് ഭൂമിയിൽ ജീവിച്ചതെന്നും ഇന്നത്തെ സുവിശേഷത്തിൽ വ്യക്തമാണ്. യേശു സത്യവാനാണ്, മുഖം നോക്കാതെ നിർഭയനായി സംസാരിക്കുന്നു, ദൈവത്തിന്റെ വഴികൾ പഠിപ്പിക്കുന്നു, ജീവിക്കുന്നു (മത്തായി 22:16). ദൈവത്തിന്റെ മുഖമുള്ള നമ്മളും ക്രിസ്തുവിനെപോലെയാകേണ്ടവരാണ്.

### a) സത്യവാനായ ക്രിസ്തു

യേശു സത്യം പറയുന്നവനും, പഠിപ്പിക്കുന്നവനും, പ്രവർത്തിക്കുന്നവനുമാണെന്ന് വിരോധികൾ തന്നെ പറയുന്നു. സത്യം പറയുന്നവന്റെ മുമ്പിൽ സ്വർഗ്ഗത്തിലേക്കുള്ള വഴി തുറന്നു കിടക്കുന്നു. വഴിയും സത്യവും ജീവനും ഞാൻ തന്നെയാണെന്നും (യോഹ 14:16), സത്യത്തിന് സാക്ഷ്യം നൽകാനാണ് താൻ വന്നതെന്നും (യോഹ 18:37) യേശു പറയുന്നു. സത്യം പറയുന്നവൻ മുഖസ്തുതി പറയുന്നില്ല, കപടത കാണിക്കുന്നുമില്ല, നുണപറയുന്നുമില്ല. ദൈവത്തിന് സ്വന്തമായ നമ്മളും സത്യസന്ധമായ ജീവിതം നയിക്കുന്നവരായിരിക്കണം. യഥാർഥ സത്യമായ ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ച വിശുദ്ധരായിരിക്കണം നമ്മുടെ മാതൃക. അനുദിന ജീവിതത്തിൽ സത്യം പറയുന്നവരാകുമ്പോൾ ചിലതൊക്കെ നഷ്ടപ്പെട്ടുവെന്നുവരാം. എന്നാൽ അത് നമുക്ക് നേടിത്തരുന്നത് ദൈവത്തെയാണ്. നുണ പറയുന്നത് പിശാചാണ്. ഉത്പത്തിയിലെ നിത്യനുണയനായ പിശാചാണ് മനുഷ്യന്റെ ശത്രു. നുണ പറയുന്നവൻ പിശാചിനു സ്വന്തമായി ത്തീരുന്നു. ആയതിനാൽ സത്യം പറയാം, പഠിപ്പിക്കാം, ജീവിക്കാം, ദൈവത്തിന് സ്വന്തമായിത്തീരാം.

### b) മുഖം നോക്കാത്തവനായ (പക്ഷം ചേരാത്തവനായ) ക്രിസ്തു

ഹേറോദോസിന്റെയും സീസറിന്റെയും പക്ഷം ചേർന്നവർ യേശുവിന്റെയടുത്തു വന്ന് യേശു ആരുടെയും പക്ഷത്തുള്ളവനല്ലയെന്ന് പറയുന്നു. വീണ്ടും വിരോധികൾ തന്നെ യേശു ആരാണെന്ന് വെളിപ്പെടുത്തുന്നു. ദൈവത്തിന് പക്ഷപാതമില്ലായെന്ന് ക്രിസ്തുശിഷ്യനായ പത്രോസും പറയുന്നു (അപ്പ. പ്രവ.10:34). പക്ഷപാതമില്ലാത്ത പിതാവായ ദൈവത്തെ പുത്രനായ യേശു അനുഗമിക്കുന്നു. അവനെ അനുഗമിക്കാൻ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ അനുദിന ജീവിതത്തിൽ മുൻവിധികളില്ലാതെ, നമ്മുടെ താത്പര്യത്തിനും, സ്വാധീനത്തിനും, ബന്ധങ്ങൾക്കുമനുസരിച്ച് പക്ഷം ചേരുന്നവരാകാതെ വി. ഗ്രന്ഥവും സഭയും പഠിപ്പിക്കുന്ന വിശ്വാസ സത്യങ്ങളിൽ ഉറച്ചുനിന്ന് നിർഭയരായി സംസാരിക്കാനും തീരുമാനങ്ങളെടുക്കാനും നമുക്ക് കഴിയണം.

### c) ദൈവീക വഴികൾ പഠിപ്പിക്കുന്ന ക്രിസ്തു

ദൈവത്തിന്റെ വഴികൾ പഠിപ്പിക്കുന്നവനായാണ് ക്രിസ്തുവിനെ വിരോധികൾ ചൂണ്ടികാണിക്കുക. യഹൂദ സംസ്കാരത്തിൽ ദൈവത്തിന്റെ വഴികൾ, ഹെബ്രായ ഭാഷയിൽ ''ഹലാക്കാഹ്'', എന്നാൽ യഹൂദരുടെ മതപരമായ ആചാരങ്ങളെയും അനുദിന ജീവിതത്തെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നതിനായി വി. ഗ്രന്ഥത്തിന്റെ രൂപീകരണം മുതൽ പരിണമിച്ച നിയമങ്ങളുടെയും ആചാരങ്ങളുടെയും ആകെത്തുകയാണ്. യഹോവയായ ദൈവം ജനങ്ങളിൽ നിന്നാവശ്യപ്പെടുന്നതാണ് ഹലാക്കാഹ്. ഇവ പ്രാവർത്തികമാക്കാൻ ജനങ്ങളെ ഒരുക്കുന്നവനായാണ് യേശുവിനെ സുവിശേഷത്തിൽ അവതരിപ്പിക്കുക. ദൈവത്തിന്റെ മുഖമുള്ള നമ്മളോരോരുത്തരും നമ്മുടെ അനുദിന ജീവിതത്തിലും, പെരുമാറ്റത്തിലും, ആചാരങ്ങളിലും ഈ വഴികളിൽ നടക്കേണ്ടവരാണ്. ഈ വഴികളുടെ ലക്ഷ്യം ദൈവത്തിലെത്തുകയെന്നതാണ്.

ദൈവത്തിന്റെ മുഖമാണ് ക്രിസ്തു. ആ മുഖം ഒരിക്കലും അവൻ നഷ്ടപ്പെടുത്തിയില്ല. നമ്മളിലുമുള്ളത് ദൈവത്തിന്റെ മുഖമാണ്. അത് നഷ്ടപ്പെടുത്താതെ സൂക്ഷിക്കേണ്ട കടമ ഓരോ ക്രൈസ്തവനുമുണ്ട്. ദൈവത്തിന്റെ മുഖം നഷ്ടപ്പെട്ടവനിൽ കപടതയുണ്ടാകുന്നു, വാക്കുകൾ പൊള്ളത്തരമാകുന്നു, ആത്മാർഥത നഷ്ടമാവുന്നു, നുണയനായിത്തീരുന്നു, അടിമത്വത്തിന്റെ മുഖം സ്വീകരിക്കുന്നു. ദൈവത്തിന് നാം നൽകേണ്ടത് അവിടുന്ന് നമ്മിൽ ആലേഖനം ചെയ്ത, പതിച്ചു നൽകിയ വിശുദ്ധമായ അവിടുത്തെ മുഖമാണ്. അതിനുവേണ്ടി സത്യം പറയുന്ന, പക്ഷപാതമില്ലാത്ത, ദൈവീക വഴികളനുസരിച്ച് ജീവിക്കുന്നവരായി നമുക്കു മാറാം. ■

# നിന്നോളം അപരനെ സ്നേഹിക്കുക

**ആണ്ടുവട്ടം 30-ാം ഞായർ (ഒക്ടോ.29)** പുറപ്പാട്: 22:20-27 1 തെസ: 1:5-10, വി. മത്തായി. 22:34-40

**ഫാ. മനീഷ്**

'സ്നേഹം' പറഞ്ഞും പ്രയോഗിച്ചും വ്യാഖ്യാനിച്ചും കാലങ്ങൾ കടന്നുപോയിട്ടും ചിലപ്പോൾ എന്തെങ്കിലും നിറം മങ്ങിപോയിട്ടും വീണ്ടും ജ്വലിക്കുന്ന അഗ്നി. മാനവ ഹൃദയങ്ങൾ കാത്തിരിക്കുന്ന ഭാവം. സ്നേഹമാണോ ക്ഷമയാണോ ഏറെ പ്രാധാന്യം അർഹിക്കുന്നത് എന്ന് ചോദിച്ചാൽ സ്നേഹമില്ലാതെ ക്ഷമിക്കാൻ കഴിയില്ല എന്നുതന്നെ പറയേണ്ടിവരും.

ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥനെ പരീക്ഷിക്കുവാൻ ഫരിസയർ ഒരുമിച്ചു കൂടുന്നു. ക്രിസ്തുനാഥനെ ജനമധ്യത്തിൽ പരാജയപ്പെടുത്തുകയാണ് ലക്ഷ്യം. ഒരു യഹൂദന്റെ ജീവിതത്തിൽ 365 ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ 248 ചെയ്യേണ്ടുന്ന കാര്യങ്ങളും ചേർന്ന് 613 നിയമകൽപ്പനകൾ നിറഞ്ഞുനിൽക്കുമ്പോൾ നിയമത്തിലെ അതിപ്രധാനമായ കല്പന ഏതാണ് എന്ന് ഒരു നിയമപണ്ഡിതൻ യേശുവിനോട് ചോദിക്കുന്നു. ക്രിസ്തുനാഥൻ തന്റെ പരീക്ഷണ ഘട്ടങ്ങളിലെല്ലാം ആശ്രയിക്കുന്നത് ദൈവവചനത്തിലാണ്. ഇവിടെയും യേശുനാഥൻ നൽകുന്ന മറുപടി നിയമാവർത്തനം 6:5, ലേവ്യർ 19.18 എന്നീ തിരുവചനങ്ങളാണ്. അങ്ങയുടെ വചനം എന്റെ പാദത്തിനുവിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ. 119':105 ) എന്ന വചനം ക്രിസ്തുനാഥൻ ജീവിതം കൊണ്ട് നമുക്ക് മാതൃകയാകുന്നു.

### 1. നിന്റെ ദൈവമായ കർത്താവിനെ പൂർണമായ് സ്നേഹിക്കുക

സൃഷ്ടിയും സൃഷ്ടാവും തമ്മിലുള്ള ബന്ധമാണ് പ്രതിപാദിക്കുന്നത്. ആദ്യം ദൈവം നമ്മെ സ്നേഹിച്ചു (1. യോഹ.4:19) അവിടുന്ന് തന്റെ ഛായയും സാദൃശ്യവും (ഉൽ. 1:29) നൽകി മനുഷ്യനെ സൃഷ്ടിച്ചു! ഇതാണ് ദൈവത്തിന്റെ ആദ്യ സ്നേഹം. വീണ്ടും വചനം പറയുന്നു അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ തന്നെ അയയ്ക്കുകയും ചെയ്തു. (11 യോഹ. 4:10) തന്നെയും പുത്രനെയും പൂർണമായും നൽകി ദൈവം മനുഷ്യരാശിയെ സ്നേഹിച്ച പോലെ നമുക്ക് തിരികെ സ്നേഹിക്കുവാൻ സാധിക്കുമോ? പൂർണതയിലേക്ക് അവിടുന്ന് നമ്മെ ക്ഷണിക്കുമ്പോൾ ഹൃദയവും മനസ്സും ആത്മാവും കളങ്കമില്ലാതെ കാത്തുസൂക്ഷിക്കുവാൻ ദൈവത്തിന് പ്രീതികരമായ ബലിയാക്കി മാറ്റുവാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.

### 2. നിന്നെ പോലെ സ്നേഹിക്കുക

ഞാൻ എന്ന ഭാവത്തെ നമ്മുടെ ജീവിതത്തിൽ എത്രമാത്രം നമ്മൾ പരിപോഷിപ്പിക്കും സ്നേഹിക്കും ക്ഷമിക്കും, അതുപോലെ അപരനേയും സ്നേഹിക്കുക. നമ്മുടെ കരുത്തും ബലഹീനതകളും വ്യക്തമായ് നമ്മൾ തിരിച്ചറിയുന്നത് പോലെ അപരന്റേതും മനസ്സിലാക്കുക എന്ന് അർത്ഥം. അപരന്റെ വീക്ഷണത്തിലൂടെ കാര്യങ്ങളെ കാണുവാൻ, ഗ്രഹിക്കുവാൻ പരിശ്രമിക്കുക. ജനസമൂഹത്തിൽ നമ്മുടെ പേരിനും പ്രശസ്തിക്കും വേണ്ടി ചെയ്യുന്നതെല്ലാം മറ്റുള്ളവരെ വേദനിപ്പിച്ചോ തരംതാഴ്ത്തിയോ ആകാതിരിക്കട്ടെ. ഞങ്ങളോട് തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ എന്ന് നാം അനുദിനം പ്രാർത്ഥിക്കുന്നത് അർത്ഥമറിഞ്ഞാകട്ടെ.

ഞാൻ എന്ന ഭാവത്തെ നമ്മുടെ ജീവിതത്തിൽ എത്രമാത്രം നമ്മൾ പരിപോഷിപ്പിക്കും സ്നേഹിക്കും ക്ഷമിക്കും അതുപോലെ അപരനേയും സ്നേഹിക്കുക. നമ്മുടെ കരുത്തും ബലഹീനതകളും വ്യക്തമായ് നമ്മൾ തിരിച്ചറിയുന്നത് പോലെ അപരന്റേതും മനസ്സിലാക്കുക എന്ന് അർത്ഥം.

### 3. നിന്റെ അയൽക്കാരനേയും സ്നേഹിക്കുക

ക്രിസ്തുനാഥൻ ഇവിടെ മറ്റുള്ളവരെ അയൽക്കാരൻ എന്നാണ് വിശേഷിപ്പിക്കുക. അതായത് നിന്റെ സമീപത്ത് താമസിക്കുന്നവർ എത്രയൊക്കെ അകറ്റിമാറ്റിനിർത്തിയാലും അത്യാവശ്യഘട്ടത്തിൽ ഉപകരിക്കുന്നവർ അയൽക്കാരാണ്. അവരെ സ്നേഹിക്കുക എന്നാണ് കല്പന. ആരും നമുക്ക് അന്യരല്ല. ഇന്നത്തെ ഒന്നാം വായനയിൽ പരദേശിയെക്കുറിച്ചും വിധവയെക്കുറിച്ചും അനാഥരെ കുറിച്ചും ദരിദ്രരെ കുറിച്ചും പറയുന്നതും നമ്മുടെ സംരക്ഷണം അവർക്കും ലഭ്യമാക്കണം എന്ന അർത്ഥത്തിലാണ്.

ഒരു ഉത്തരം ആഗ്രഹിച്ചു ചോദ്യം ചോദിച്ചവനോട് കർത്താവ് രണ്ടു ഉത്തരം നൽകുന്നു. അതിൽ സർവനിയമങ്ങളും അടങ്ങിയിരിക്കുന്നു ദൈവത്തെയും അപരനേയും സ്നേഹിച്ചുകൊണ്ട് സ്നേഹത്തിന്റെ പുതുമാതൃകയാകാം. ■

# കുഞ്ഞാടുകൾ



**ബൈബിൾ കഥകൾ** 8

**പുത്തൻകാവ് മാത്തൻതരകൻ**

# വെള്ളവസ്ത്രം ധരിച്ച മൂന്നുമനുഷ്യർ

**അ**ബ്രാമിന് തൊണ്ണൂറ്റൊൻപതു വയസ്സ് തികഞ്ഞു. അദ്ദേഹത്തിന്റെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടു: 'ഞാൻ യഹോവയായ ദൈവമാകുന്നു. കളങ്കരഹിതനായി നീ എന്റെ മുമ്പിൽ നടന്നുകൊള്ളുക. നിനക്കും എനിക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും. നിന്റെ വംശത്തെ സീമാതീതമായി ഞാൻ വർധിപ്പിക്കും." എന്നിങ്ങനെ ദൈവം അബ്രാമിനോട് കല്പിച്ചു. അബ്രാം ദൈവത്തെ സാഷ്ടാംഗം വീണു വണങ്ങി. ദൈവം വീണ്ടും അദ്ദേഹത്തോട് അരുളിചെയ്തു: 'എനിക്ക് നിന്നോടൊരു നിയമമുണ്ട്. നീ വളരെയധികം ജനതകളുടെ ജനകനാകും. അതുകൊണ്ട് നിന്റെ നാമം ഇനിയും 'അബ്രാം' എന്നല്ല 'അബ്രഹാം' എന്നായിരിക്കും. ഞാൻ നിന്നെ സന്താനസമ്പൽസമൃദ്ധിയുള്ളവനാക്കിത്തീർക്കും. നിന്നിൽനിന്ന് രാജാക്കന്മാരുണ്ടാകും. ഞാൻ നിനക്കും നിന്റെ കാലശേഷം നിന്റെ സന്താനങ്ങൾക്കും ദൈവമായിരിക്കുന്നതിനുവേണ്ടി എനിക്കും നിനക്കും നിന്റെ കാലശേഷം നിന്റെ സന്താനപരമ്പരകൾക്കും മദ്ധ്യേ എന്റെ നിയമത്തെ ശാശ്വതമായി സ്ഥാപിക്കും. നീ അപരിചിതനായി അധിവസിച്ച കാനാൻദേശം മുഴുവനും ഞാൻ നിനക്കും നിന്റെ പിന്തുടർച്ചക്കാർക്കും ശാശ്വതാവകാശമായി സമ്മാനിക്കും. ഞാൻ അവരുടെ ദൈവമായിരിക്കുകയും ചെയ്യും. അതുകൊണ്ട് ഞാൻ ഏർപ്പെടുത്തുന്ന വ്യവസ്ഥ നീയും നിന്റെ സന്താനപരമ്പരകൾക്കും അഭംഗുരം പ്രമാണിക്കണം. നിങ്ങളിൽ പുരുഷന്മാരായിട്ടുള്ള എല്ലാവരും പരിച്ഛേദനയ്ക്കുവിധേയരാകണം. അത് ജനിച്ച് എട്ടു ദിവസം തികയുമ്പോഴായിരിക്കുകയും വേണം. ഈ അഗ്രചർമ്മ പരിച്ഛേദന നിങ്ങളുടെ സന്താനങ്ങൾക്കും, നിങ്ങളുടെ വീട്ടിൽ ജനിക്കുന്ന ദാസന്മാർക്കും, അനപത്യത നിമിത്തം അന്യഭവനങ്ങളിൽ നിന്ന് വിലയ്ക്കുവാങ്ങിയവർക്കും കൂടിയേ തീരൂ." 'അബ്രഹാമേ, നിന്റെ ഭാര്യയേ ഇനിയും 'സാറായി' എന്നല്ല വിളിക്കേണ്ടത്. അവളുടെ നാമധേയം ഇന്നുമുതൽ 'സാറാ' എന്നായിരിക്കണം. ഞാൻ അവളെ അനുഗ്രഹിക്കുകയും അവളിൽ നിന്ന് നിനക്കൊരു പുത്രനെ നൽകുകയും ചെയ്യും. അവൾ

## കവിത



**അസിൻ സാഗരം എസ്.**
ഡി.സി.

# നോവ്



കാൽവരിക്കുന്നിൽ ഒരമ്മതൻ വേദനതിങ്ങും
കണ്ണുനീർ മണിമുത്തുകൾ വഴിയരികെ പൊഴിഞ്ഞുവീണു;
ഏതൊരമ്മയെയും കുത്തിമുറിവേൽപ്പിക്കും വിധം
ഗാഢമാം നുകവും പേറി, മകനെ അവസാനനോക്കുകാണാൻ
ആ അമ്മ തൻ സുതനെ അനുഗമിക്കുന്നു
നിറഞ്ഞൊഴുകിയ മിഴികളാൽ, വിങ്ങിപ്പൊട്ടും
മനമോടെ, തൻ പ്രാണനെ അവർ ക്രൂശിക്കാനൊരുങ്ങുമ്പോൾ,
അമ്മയുടെ കാതുകളിൽ ദൈവത്തിൻ ദൂതൻ തൻ
വാക്കുകൾ മന്ത്രിച്ചു: "അവൻ വലിയവനായിരിക്കും.
അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല."
മുറിവുകളാൽ വേദനയറ്റ മകന്റെ നിലവിളി
ആ ചെവികളിൽ കേൾക്കവേ, നിൻ-
മനസ്സിൽ തെളിഞ്ഞചിത്രം, കൈക്കുഞ്ഞാം പൈതലിനെ
മടിത്തട്ടിൽ കിടത്തിയതാവാം. എന്നാൽ ഇപ്പോൾ
ക്രൂശിതനാം നിൻ മകനെ ആ മടിയിൽ തന്നെ കിടത്തിയിരിക്കുന്നു.
നിൻ പ്രാണനാം പൈതലിൻ തിരുരക്തം തൻ
കരതാരിൽ പ്രവാഹമായപ്പോഴും അമ്മേ, നിൻ-
ചിത്തത്തിൽ കണ്ടില്ല മനുഷ്യവർഗത്തോടുള്ള നിൻശോധം,
എപ്പോഴും ആ മനസ്സിൽ നിറഞ്ഞുനിന്നത്, നിൻ
മകനെ വേദനിപ്പിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന മാത്രം

ജനതകളുടെ മാതാവായിത്തീരും. ജനതകളുടെ രാജാക്കന്മാർ അവളിൽ നിന്ന് ഉത്ഭവിക്കുകയും ചെയ്യും."


ദൈവം അബ്രഹാമിന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞു. അടുത്തദിവസം അബ്രാം അദ്ദേഹത്തിന്റെ കൂടാരത്തിന് മുമ്പിലുണ്ടായിരുന്ന ഒരു ശിലാപീഠത്തിലിരിക്കുകയായിരുന്നു. മധ്യാഹ്നം കഴിഞ്ഞ് അധികനേരമായിട്ടില്ല. നല്ല സൂര്യപ്രകാശം, തരുച്ഛായകളുടെ ശീതളാന്തരീക്ഷത്തിൽ അബ്രഹാം അനന്ദിച്ചു സമയം കഴിച്ചുകൂട്ടി. അദ്ദേഹം കൺപോളകൾ ഉയർത്തി ദൂരത്തേക്ക് നോക്കി. വെള്ളവസ്ത്രം ധരിച്ച മൂന്നു മനുഷ്യർ. അവരുടെ അടുക്കലേക്ക് അബ്രഹാം ഓടിച്ചെന്നു. നിലംതൊടത്തക്കവണ്ണം തലകുനിച്ച് അദ്ദേഹം അവരെ അഭിവാദ്യം ചെയ്ത് ഇങ്ങനെ പറഞ്ഞു: "ഭവാന്മാർക്ക് അടിയനോട് ദയവ് തോന്നുന്നുണ്ടെങ്കിൽ അടിയന്റെ ഭവനം കടന്നുപോകരുതേ! വെള്ളം കൊണ്ടുവന്ന് അടിയൻ ഭവാന്മാരുടെ പാദങ്ങൾ കഴുകിക്കൊള്ളട്ടെ. ഈ വൃക്ഷത്തിന്റെ തണലിൽ ഇരുന്ന് വിശ്രമിക്കുവിൻ. അടിയൻ ഓടിച്ചെന്ന് അല്പം ആഹാരം കൊണ്ടുവരാം. ഭക്ഷിച്ചുവിശപ്പടക്കിയിട്ട് ഭവാന്മാർക്ക് പോകാം." ആഗതരായ ദിവ്യപുരുഷന്മാർ അബ്രഹാമിന്റെ അപേക്ഷ സ്വീകരിച്ചു.

അബ്രഹാം അതിവേഗം വീട്ടിലേക്കോടി. ഭാരയായ സാറയോടു പറഞ്ഞു: 'വേഗം വേണം. മൂന്നിടങ്ങഴി മാവെടുത്തുകുഴച്ച് അപ്പമുണ്ടാക്കണം." അനന്തരം അദ്ദേഹം കന്നുകാലിക്കൂട്ടങ്ങളുടെ ഇടയിലേക്ക് ഓടി. ഏറ്റവും നല്ലതും ഇളയതുമായ ഒരു കാളക്കുട്ടിയെ പിടിച്ച് തന്റെ ഭൃത്യനെ ഏല്പിച്ചു. അവൻ വളരെ വേഗത്തിൽ അതിനെ പാകംചെയ്തു അബ്രഹാം വെണ്ണയും പാലും പാകം ചെയ്ത കാളക്കുട്ടിയുടെ മാംസവും അപ്പവുമായി വെള്ളവസ്ത്രം ധരിച്ച ആ മൂന്നു ദിവ്യന്മാരുടെ സന്നിധാനത്തിലെത്തി. അവർ അബ്രഹാം കൊണ്ടുചെന്ന ഭക്ഷണം സന്തോഷപൂർവം കഴിച്ചു. അനന്തരം അവർ അബ്രഹാമിനോട് ചോദിച്ചു: 'നിന്റെ ഭാര്യയായ സാറാ എവിടെ?' കൂടാരത്തിലുണ്ടെന്ന് അബ്രഹാം മറുപടി പറഞ്ഞു. അവർ തുടർന്നു:

"ഒരു വർഷം കഴിഞ്ഞ് ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും. അപ്പോൾ നിന്റെ ഭാര്യയായ 'സാറാ'യ്ക്ക് ഒരു മകനുണ്ടാകും." ഈ വാക്കുകളെല്ലാം കേട്ടുകൊണ്ട് സാറാ കൂടാരവാതില്ക്കൽ നിന്നിരുന്നു. പുത്രവതിയാകാതിരിക്കത്തക്കവണ്ണമുള്ള വാർധക്യം അവൾക്കുണ്ടായിരുന്നു. അതുകൊണ്ട് ദൈവപ്രവചനം കേട്ട് അവൾ ചിരിച്ചു. അബ്രഹാമിന്റെ അതിഥികളായ ആ മൂന്നുപുരുഷന്മാരും അവരുടെ ഇരിപ്പിടങ്ങളിൽ നിന്നും എഴുന്നേറ്റ് അവിടെ നിന്നും യാത്ര തുടർന്നു. ■

## വചനജ്വാല

2023 നവംബർ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ‘ഇടയഭാവമുള്ള രാജാവ്’

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/ കുടുംബനാഥ**
3. **ആമുഖം**

പ്രിയപ്പെട്ടവരേ, സർവ്വ ലോകത്തിന്റെയും രാജാവായ ക്രിസ്തുരാജന്റെ തിരുനാൾ നാം സാഘോഷം അനുസ്മരിക്കുന്ന മാസമാണ് നവംബർ. നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുകയും വഴിനടത്തുകയും ചെയ്യുന്ന ക്രിസതു നാഥന്റെ അദൃശ്യ സാന്നിധ്യം നമുക്ക് തിരിച്ചറിയാം. പ്രകൃതിയുടെ മാറിവരുന്ന അവസ്ഥകളെയും നമ്മുടെ ജീവിതങ്ങളിൽ ഉത്തരം ലഭിക്കാത്ത സന്ദർഭങ്ങളെയും നിയന്ത്രിക്കുന്ന അനന്തകാരുണ്യമായ ക്രിസ്തുരാജന് നമ്മെ പൂർണ്ണമായി സമർപ്പിക്കാം. അധികാരവും കിരീടവും ഇല്ലാത്ത രാജാവ്....ക്രിസ്തുവിന്റെ അധികാരം ദൈവജനമാണ്. കിരീടം നാം ചെയ്യുന്ന നന്മപ്രവർത്തികളാണ്. രാജ്യങ്ങൾ വെട്ടിപ്പിടിക്കുന്ന രാജദൗത്യം ക്രിസ്തുവിനെ സംബന്ധിച്ച് തുറന്നുകൊടുക്കലാണ്. അതിർവരമ്പുകൾ ഭേദിച്ച് സ്നേഹത്തിന്റെ പുതിയ സന്ദേശം നൽകി ലോകത്തിന് വ്യത്യസ്ത മാതൃക നൽകുകയാണ് ചെയ്യുന്നത്. വെട്ടിപ്പിടക്കലല്ല പിന്നയോ ചോരയും നീരും തന്റെ സ്വന്തം ജനത്തിനുവേണ്ടി ഒഴുക്കുകയാണ് ക്രിസ്തു കുരിശിൽ ചെയ്തത്. പരസ്പരം സ്നേഹിച്ചും, പങ്കുവച്ചും, ഹൃദയം വിശാലമാക്കിയും നമുക്ക് ഒരുമിച്ച് മുന്നേറാം.

4. **യേശുവിനെ ക്ഷണിക്കൽ**
5. **ദൈവവചന പാരായണം:** ***മത്താ. 25:31-46***
6. **വചനഭാഗം പങ്കുവയ്ക്കൽ**
7. **നിശബ്ദധ്യാനം**
8. **വചനാനുഭവം പങ്കുവയ്ക്കൽ**
9. **വചനവിചിന്തനം**

ഇന്ന് നാം ശ്രവിച്ച സുവിശേഷഭാഗത്തിൽ നമുക്ക് മുന്നിൽ ക്രിസ്തു എപ്രകാരമുള്ള രാജാവാണ് എന്ന ചിത്രം വ്യക്തമാവുകയാണ്. ലോകത്തെ മറ്റേതു രാജാവിനെക്കാളും അധികാരമുള്ള രാജാവാണ് താനെന്നു അതേ സമയം ഈ അധികാരം കാരുണ്യത്തിന്റെയും ആർദ്രതയുടെയും സ്നേഹത്തിന്റെയും ദുർബലരോടുള്ള പക്ഷം ചേരലിന്റെയും ഭാഗമായാണ് വിനിയോഗിക്കുക എന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കും.

ആധുനിക ലോകത്തിലെ സവിശേഷ സാഹചര്യങ്ങളിൽ ദൈവജനത്തിന്റെ സമ

ഗ്രമായ വളർച്ചയ്ക്കുവേണ്ടി ഇടയദൗത്യം ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരും വൈവിധ്യമാർന്ന ശുശ്രൂഷകളിൽ വ്യാപരിക്കുന്നവർക്ക് അനുകരണീയവും പ്രചോദനാത്മാകവുമാണ് ക്രിസ്തുരാജാവിന്റെ ഈ അധികാര വിനിയോഗം.

- നഷ്ടപ്പെട്ടവരെ അന്വേഷിച്ച് കണ്ടെത്തുന്ന
- ചിതറിപ്പോയവയെ ഒരുമിച്ച് കൂട്ടുന്ന
- പരദേശികളായി അലഞ്ഞു നടക്കുന്നവരെ സ്വദേശത്ത് തിരികെ കൊണ്ടുവരുന്ന
- മുറിവേറ്റവയെ വച്ചുകെട്ടി പരിചരിക്കുന്ന
- ബലഹീനരെ ശക്തിപ്പെടുത്തുന്ന എല്ലാവർക്കും ഇടം നൽകി, കരുതലേകി, നീതിയോടെ പോറ്റുന്ന ക്രിസ്തുരാജന്റെ അധികാരം

ഇവയാണ് ക്രിസ്തു എന്ന രാജാവിനെ, നേതാവിനെ മറ്റ് അധികാരികളിൽ നിന്ന് വിഭിന്നമാക്കുന്നത്. ചെങ്കോലും കിരീടവും ഇല്ലാതെ കുരിശ് തോളിലേന്തി നീട്ടിയ കരങ്ങളുമായി തന്റെ ചാരെ എത്തുന്ന മനുഷ്യമക്കളെ അനുഗ്രഹിക്കുവാൻ വെമ്പൽകൊള്ളുക എന്നത് ക്രിസ്തുരാജന്റെ സവിശേഷതയാണ്.

ഡേവിസ് ചിറമേലിൽ അച്ചന്റെ 'ജീവൻ പങ്കിടാം' എന്ന പുസ്തകത്തിൽ അച്ചൻ പറയുന്ന ഒരു സംഭവം ഇപ്രകാരമാണ്. ബെന്നി എന്ന ചെറുപ്പക്കാരന്റെ കഥയാണ് അത്. അടിമാലിയിലാണ് ബെന്നിയുടെ വീട്. വൃക്ക ദാനം ചെയ്യാൻ തയ്യാറായാണ് ബെന്നി വന്നിരിക്കുന്നത്. ഭാര്യയും, രണ്ടുകുട്ടികളും കൂടെ വന്നിരിക്കുന്നു. ടെസ്റ്റുകളെല്ലാം നടത്തിയപ്പോൾ വൃക്ക എടുക്കാൻ പറ്റുന്ന സ്ഥിതിയില്ല. വളരെ സങ്കടത്തോടെ തിരിച്ചുപോകുമ്പോൾ ബെന്നി പറഞ്ഞു: അച്ചാ വൃക്ക കൊടുക്കാൻ പറ്റില്ലെങ്കിൽ പോട്ടെ, കരളുകൊടുക്കാൻ ഞാൻ തയ്യാറാണ്.

16 മണിക്കൂർ നീണ്ട ഓപ്പറേഷനും വേദനയും ഒന്നും അവന് പ്രശ്നമല്ല. അങ്ങനെ ബെന്നി അവന്റെ കരൾ ഒരു പാവപ്പെട്ടവന് മുറിച്ചു നൽകി. ഒരു മീറ്റിംഗിന് വിളിച്ചാൽ പോലും എന്തു കിട്ടുമെന്ന് ചിന്തിക്കുന്നവരാണ് ഏറെക്കുറെപ്പേരും. അതിനിടയിലാണ് തനിക്ക് നഷ്ടപ്പെടുകായാണെന്നറിഞ്ഞിട്ടും ആവശ്യമുള്ളവരെ സഹായിക്കാൻ ഓടി എത്തുന്ന ബെന്നിയെപ്പോലെ വിശുദ്ധരായ മനുഷ്യർ.

ഇടയദൗത്യത്തിലും വൈവിധ്യമാർന്ന ശുശ്രൂഷകളിലും ഏർപ്പെട്ടിരിക്കുന്ന നമുക്കേവർക്കും വളരെ പ്രത്യേകിച്ച് ഇടവക കൗൺസിലിലും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലും വിവിധ ശുശ്രൂഷാ സമിതികളിലും ഏർപ്പെട്ടിരിക്കുന്ന നമുക്കേവർക്കും പ്രചോദനമാണ് ക്രിസ്തുരാജന്റെ അധികാര വിനിയോഗം. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ ഇന്നത്തെ ലോകത്തിന് മതിലുകളെ പണിയുന്നവരെയല്ല ആവശ്യം, പാലം പണിയുന്നവരെയാണ്. ആജ്ഞാപിക്കുന്നവരെയല്ല വേണ്ടത്, ശുശ്രൂഷകരെയാണ്, പരിചാരകരെയാണ്. ബെന്നിയെപ്പോലുള്ള അനേകം വിശുദ്ധ ജന്മങ്ങൾ നമ്മുടെ കൂട്ടായ്മകളിൽ ഇനിയും ഉരുവാകുവാൻ ക്രിസ്തുരാജൻ നമ്മെ പ്രചോദിപ്പിക്കട്ടെ.

**10. ദൗത്യമേറ്റെടുക്കൽ**
**11. സ്വയം പ്രേരിതപ്രാർഥന**
**12. കർത്തൃപ്രാർഥന**
**13. സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

**1. റിപ്പോർട്ട് അവതരണം**
**(കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**
**2. വരവ് ചെലവ് കണക്ക് അവതരണം**
**3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്ത മായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

**4. ചർച്ചയും പങ്കുവയ്ക്കലും**
**5. ഹാജർ**
**6. രഹസ്യപ്പിരിവ്**
**7. അറിയിപ്പുകൾ**
**8. നന്ദി**
**9. സമാപനഗീതം**

*തയ്യാറാക്കിയത്*
വലിയതുറ ഫെറോന ബി.സി.സി. കമ്മീഷൻ

**സ്വർഗ്ഗീയോദ്യാനത്തിലെ ഏഴാം ജന്മദിനം (ഒക്ടോബർ 21)**

എൻ ഹൃദയവാതായനങ്ങൾ കൊട്ടിയടയ്ക്കപ്പെട്ടു
അവന് വേണ്ടി മാത്രം
അവന്റെ കരങ്ങൾ
ആണിപ്പഴുതുള്ള ആ കരങ്ങൾ
എൻ ഹൃദയവാതായനങ്ങളിൽ മുട്ടി
എന്റെ ഹൃദയം മലർക്കെ തുറന്നു വച്ചു
ആണിപ്പഴുതുള്ള ആ പാദങ്ങൾ
എൻ ഹൃദയത്തിൻ പ്രവേശിച്ചു
എന്തെന്നില്ലാത്ത ഒരാശ്വാസം ഉള്ളിൽ
ക്ഷതങ്ങളും മുറിവുകളും ഉള്ള ആ ശരീരം
എന്നെ എത്ര മാത്രം സന്തോഷിപ്പിച്ചു
ഒരീശ്വരനും മുറിവുകളില്ല.
ആശ്വാസം പകരുന്ന മുറിവുകൾ.
അത് ക്രിസ്തുവിന്റെതു മാത്രം
- ബ്ര. ജീവൻ ചാൾസ്.



നിത്യസൗഭാഗ്യത്തിൽ വീണ്ടും കണ്ടുമുട്ടാം
എന്ന പ്രത്യാശയോടെ പ്രാർത്ഥനയോടെ
മാതാപിതാക്കൾ (ചാൾസ്, ഓമന)
സഹോദരി (സി. ജീവ ചാൾസ്)

## നേർക്കാഴ്ച

ജെ.സി.

# സമകാലിക ഇന്ത്യൻ രാഷ്ട്രീയം എങ്ങോട്ട്?

2023 ഓഗസ്റ്റ് 15-ാം തീയതി ഇന്ത്യ 77-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു. എങ്ങോട്ടാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഇപ്പോൾ ചിന്തിക്കുക ഉചിതമാണ്. എഴുപത്താറ് വർഷം മുൻപ് ഇന്ത്യയുടെ പ്രധാനമന്ത്രി ചെയ്ത അവിസ്മരണീയമായ പ്രസംഗം ലോകം ശ്രദ്ധിച്ചു. വിഭജനത്തിന്റെയും തുടർന്നുള്ള ഹിംസയുടെയും വേദന സഹിക്കുകയായിരുന്നു ഇന്ത്യ. രാജ്യത്തെ ചൂഷണം ചെയ്യുകയും കൊള്ളയടിക്കുകയും ചെയ്ത ബ്രിട്ടീഷുകാർ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദുർബലമാക്കിയിരുന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനം ബ്രിട്ടീഷ് കോളനിവൽക്കരണത്തിനെതിരെ പോരാടുകയും ഇന്ത്യൻ സ്വത്വബോധത്തിൽ ഇന്ത്യക്കാരെ ഐക്യത്തിൽ കൊണ്ടുവരികയും ചെയ്തു. ജനങ്ങളുടെ ആശയാഭിലാഷങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് കോൺസ്റ്റിറ്റ്യൂഷന്റ് അസംബ്ലി ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കിയെന്നത് എടുത്തുപറയേണ്ടവസ്തുതയാണ്. ഉദാത്തമായ സങ്കല്പങ്ങളും ദർശനങ്ങളുമുള്ള ഒരുഭരണഘടന നമുക്ക് ഉണ്ടായിരുന്നിട്ടും അധികാരങ്ങളും അവകാശങ്ങളും ഏവർക്കും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നരീതിയിലുള്ള നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കാൻ സാധിച്ചില്ല എന്നത് വലിയൊരു പോരായ്മ തന്നെയാണ്.

2014-ൽ നമ്മുടെ ജനാധിപത്യം ഒരു പരിണാമദശയിലായിരുന്നു. നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും ആഴപ്പെടുത്തുകയും ദൃഢീകരിക്കുകയും ചെയ്യുക എന്ന വലിയ വെല്ലുവിളിയോട് സമുചിതമായി പ്രതികരിക്കാൻ നമുക്ക് സാധിച്ചില്ല. പ്രാതിനിധ്യഭരണം ഉയർത്തിയ വെല്ലുവിളികൾ തന്നെയായിരുന്നു അതിനുള്ള കാരണം. 2004 മുതൽ 2014 വരെയുള്ള ദശാബ്ദത്തിന് മുമ്പാണ് ജനങ്ങൾക്ക് അവകാശങ്ങൾ നൽകിക്കൊണ്ടുള്ള നിയമനിർമ്മാണം നടന്നിട്ടുള്ളതെന്നകാര്യം അനുസ്മരിക്കുന്നത് ഏറെ ഉചിതവും നിർണായക പ്രാധാന്യമുള്ളതുമത്രേ. വിവരാവകാശ നിയമം, ഗ്രാമീണ മേഖലയിലെ തൊഴിലിനുള്ള അവകാശം, ഭക്ഷണത്തിനുള്ള അവകാശം എന്നിവ അവയിൽ പ്രധാനമാണ്. 2006 ലെ വനാവകാശനിയമം ആദിവാസികളുടെയും വനവാസികളുടെയും അവകാശംസംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പാസാക്കിയതാണ്. കോളനിവാഴ്ചക്കാലത്തെ ഭൂമിയേറ്റെടുക്കൽ നിയമം റദ്ദാക്കിയും പകരം ജനഹിതം കണക്കിലെടുക്കുന്ന വേറൊരു നിയമം കൊണ്ടുവന്നതും ഉചിതമായി.

എന്നാൽ കഴിഞ്ഞ 10 വർഷം ഈ ജനാധിപത്യ സങ്കല്പങ്ങൾക്ക് വലിയൊരു തിരിച്ചടിയാണ് സംഭവിച്ചിട്ടുള്ളതെന്ന് വിലയിരുത്താൻ സാധിക്കും. പാർലമെന്റ് ഉപയോഗിച്ചുകൊണ്ട് ഭരണഘടനയുടെ ഓരോ ഇഷ്ടികയും ക്രമേണ നശിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായി. നിയമം പാസാക്കാനുള്ള പാർലമെന്ററി പ്രക്രിയ തന്നെ മറികടക്കുകയുണ്ടായി. നിയമനിർമാണ പ്രക്രിയകളെ അവഗണിക്കുന്നതായി നാം കണ്ടു. പുതിയ നിയമങ്ങൾ ഉണ്ടാക്കുകയും പഴയ നിയമങ്ങൾ ആയുധമാക്കുകയും ചെയ്യുന്നു. സേച്ഛാധിപത്യഭരണകൂടം കരിനിയമങ്ങൾ തുടങ്ങിയ ചിലപ്പോൾ കോടതിയുടെ സഹായത്തോടെ പൗരാവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്നു. എതിരഭിപ്രായം പ്രകടിപ്പിക്കുന്നത് ക്രിമിനൽ കുറ്റമായി മാറിയിരിക്കുന്നു. ഭൂരിപക്ഷ വർഗീയതയുടെ ഫലമായി നമ്മുടെ ജനധിപത്യ സങ്കല്പങ്ങൾ തകർന്നടിയുകയാണ്. ഇന്ത്യൻ റിപ്പബ്ലിക്കിനെ ഒരു മതരാഷ്ട്രമായി മാറ്റിത്തീർക്കാനുള്ള ശ്രമമാണ്. ഇതിനെല്ലാം ഇടയിലാണ് ന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷം, രാഷ്ട്രഗാത്രത്തെ തകർക്കുന്നത്. ദലിതരുടെ മേൽ തുടരുന്ന ആക്രമണം, സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ എന്നിവയും രാജ്യത്ത് അശാന്തി വിതയ്ക്കുകയാണ്. വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെ ഐക്യതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ചരിത്രപരമായ നിയോഗം ഏറ്റെടുക്കാൻ പ്രതിപക്ഷരാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വരുന്നുണ്ട്. ഒപ്പം ഇരയാക്കപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും ചെയ്യാവുന്ന പരിശ്രമങ്ങളിലാണ് നമുക്ക് പ്രത്യാശയുള്ളത്. ■

# Missionary Sisters of St. Charles Borromeo Scalabrinians



**Saint John Baptist Scalabrini (1839 - 1905)**
Father & Apostle of the Migrants



The specific purpose of our Congregation of Scalabrini Missionary Sisters of Saint Charles Borromeo is the evangelical and missionary service to migrants, particularly to the poorest in situations of greater vulnerability, who require specific pastoral action.


In the 27 nations of the 4 continents where we are present, the missionaries are committed to announcing the Gospel, bearing witness to life, inculturating the charism in different contexts, welcoming migrants, valorising them as protagonists of communion between peoples.



**Blessed Mother Assunta Marchetti (1871 - 1948)**



**Venerable Father Giuseppe Marchetti (1869 - 1896)**



**I was a stranger and you invited me.** Mt. 25 : 35

**27 Nations** | **4 Continents** | **128 Years of Service**

Via di Monte del Gallo, 68, 00165 Roma RM

Pub. Date : 01.10.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto